# സത്യദൂതൻ

2021 ജനുവരി | ലക്കം 1

വില ₹ 30



## സ്വപ്നങ്ങളുടെ അത്ഭുത നിഗൂഢ ലോകം

## ജോർദാൻ ഒരു ചരിത്രഭൂമി

## വർഗ്ഗീയ ധ്രുവീകരണമുണ്ടാക്കുന്ന തെരഞ്ഞെടുപ്പുകൾ

# Ahmadiyya Muslim Community

## Apps for mobile devises

Download free apps developed by Ahmadiyya Muslim Community
for your iphone,ipode, and Android

**Quran**
Read the Holy Quran in easy
Yassarnal Quran Font

**Conditions of Bai'at**
A pocket reference of
Shara't-e-Bai'at in 7 languages

**Sermons**
Huzoor's Friday Sermons
In 15 languages

**MTA**
Watch MTA Live, view
Schedule and much more

**Ahmadiyya News**
Stay up to date with the
Latest jama'at news

View these apps at
alislam.org/apps
or scan the QR code below





The Sathyadoothan Monthly

لا الہ الا اللہ محمد رسول اللہ

# സത്യദൂതൻ

2021 ജനുവരി
ഹി.ശ.1401- സുൽഹ്
1442 ജ. അവ്വൽ - ജ. ആഖിർ
പുസ്തകം 93 ലക്കം 1
വില 30 രൂപ


ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം





**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7**
പ്രഭാഷണം
**വിശ്വശാന്തിയുടെ സുവർണ്ണ തത്വങ്ങൾ**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)
സൗത്ത് ലണ്ടനിലെ ബൈത്തുൽ ഫുതൂഹ് മോസ്കിൽ 5 വർഷങ്ങൾക്ക് മുമ്പ് 2015 മാർച്ച് 15ന്ന് നടന്ന 12-ാമത് വാർഷിക പീസ് സിംബോസിയത്തിൽ നിർവ്വഹിച്ച മുഖ്യപ്രഭാഷണം.(രണ്ടാം ഭാഗം)

**10**
**അദൃശ്യലോകവും ദൈവവിശ്വാസവും**
ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

**13**
**സ്വപ്നങ്ങളുടെ അത്ഭുത നിഗൂഢ ലോകം**
മൗലാന— ദോസ്ത് മുഹമ്മദ് ഷാഹിദ്

**17**
കവിത - **പ്രതികാരം!**
എച്ച്. എസ്. കാവശ്ശേരി

**18**
**ജോർദാൻ ഒരു ചരിത്രഭൂമി**
എ. ക്യു. മഹ്ദി

**22**
**ബുദ്ധമതം**
ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

**26**
ഭാഗം - 13
**ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി**
(ഖലീഫത്തുൽ മസീഹ് അവ്വൽ (റ))
ഇബ്നു വഫാ ബേപ്പൂർ

**34**
**നിരീശ്വരവാദം വിചാരണ ചെയ്യപ്പെടുന്നു - 2**
സബാഹത്ത് അലി രജ്പുത്

**38**
**ചെങ്കോലും പ്രവാചകത്വവും**
എ.എം. മുഹമ്മദ് സലീം

**40**
കുറിപ്പുകൾ
**വർഗ്ഗീയ ധ്രുവീകരണമുണ്ടാക്കുന്ന തെരഞ്ഞെടുപ്പുകൾ**
മുസാഫിർ



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018

ചീഫ് എഡിറ്റർ
**എച്ച്. ശംസുദ്ദീൻ**
**ഫോൺ**: 99460 21252

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ**: 80755 86837
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ**: 8089574250



Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Mubarak Ahmed, KKD

## വിശുദ്ധ ഖുർആനിൽ നിന്ന്



വിശ്വസിച്ചവരേ, നീതി പാലിക്കുന്നതിന് വേണ്ടി നിങ്ങൾ കണിശക്കാരായിരിക്കുവീൻ നിങ്ങൾക്കെതിരായാലും നിങ്ങളുടെ മാതാപിതാക്കന്മാർക്കോ ഉറ്റവർക്കോ എതിരായാലും അല്ലാഹുവിന് വേണ്ടി നിങ്ങൾ നീതിയിൽ ഉറച്ചു നിൽക്കുവീൻ, അവൻ ധനവാനായാലും ദരിദ്രനായാലും അല്ലാഹുവാണ് അവരുമായി കൂടുതൽ അടുത്തവൻ. നീതി മാർഗ്ഗത്തിൽ നിന്ന് തെന്നിപ്പോകാതിരിക്കാൻ നിങ്ങൾ സേഛക്ക് അടിമപ്പെടാതെ സൂക്ഷിക്കുവീൻ, നിങ്ങൾ സത്യം മറച്ചുവെക്കുകയോ വളച്ചൊടിക്കുകയോ ചെയ്യുന്ന പക്ഷം നിങ്ങൾ പ്രവർത്തിക്കുന്നതെന്താണെന്ന് അല്ലാഹു നല്ലവണ്ണം അറിയുന്നവനത്രെ. (4:136)



## നബിവചനം

രണ്ടു പേർ അവർക്കിടയിൽ ഒരു തീർപ്പ് കൽപ്പിക്കാൻ സമീപിച്ചാൽ അവരിൽ രണ്ടുപേരുടെ ആവലാതികൾ കേട്ടിട്ടല്ലാതെ നിങ്ങൾ ഒരു തീരുമാനത്തിലെത്തരുത്. സാക്ഷി പറയാൻ വിളിക്കപ്പെട്ടാൽ തെളിവ് മറച്ചുവെക്കുന്നവൻ കള്ള സാക്ഷി പറഞ്ഞവനെ പോലെയാണ്. (തിർമിദി)

## വാഗ്ദത്ത മസീഹിന്റെ വചനം



മനുഷ്യന്റെ പ്രകൃതി ധർമ്മങ്ങളിൽ പ്രത്യോകമായിരിക്കുന്ന ഗുണമാണ് സത്യസന്ധത. അവൻ സ്വാർഥപരമായ ഏതെങ്കിലും പ്രേരണാശക്തിയാലല്ലാതെ വ്യാജം പറയുവാൻ മുതിരുന്നില്ല. കള്ളം പറയുന്നതിൽ അവന് പ്രകൃത്യാ വെറുപ്പും അറപ്പുമാണ്. അതുകൊണ്ട് തന്നെയാണ് വ്യാജം പറയുന്നതായി തെളിയുന്ന ആളുടെ നേരെ അവന് അനിഷ്ടവും അവജ്ഞയും തോന്നുന്നത്. എന്നാൽ ഈ പ്രകൃതി സ്വഭാവത്തിന്റെ കേവല രൂപം ഒരു സൽഗുണമായി പരിഗണിക്കാവതല്ല. എന്തുകൊണ്ടെന്നാൽ ഈ അവസ്ഥ ശിശുക്കളിലും ഭ്രാന്തരിലും കാണാവുന്നതാണ്. സത്യനിഷ്ഠക്ക് ഭംഗം വരുത്തുന്ന സ്വാർത്ഥപരമായ ഉദ്ദേശങ്ങളിൽ നിന്ന് വേർപ്പെടാതിരിക്കുന്ന കാലത്തോളം മനുഷ്യന് യഥാർത്ഥത്തിൽ സത്യ സന്ധനായിരിക്കാൻ സാദ്ധ്യമല്ല. അവൻ തനിക്ക് ദോഷം വരാത്ത കാര്യത്തെ സംബന്ധിച്ചേടത്തോളും സത്യം പറയുകയും തന്റെ അഭിമാനത്തിനോ മുതലിനോ ജീവനോ ഹാനി വരുത്തുമെന്ന് കരുതുന്ന ഘട്ടത്തിൽ കള്ളം പറയുകയോ സത്യം പറയാതെ മൗനം ദീക്ഷിക്കുകയോ ചെയ്യുകയും ചെയ്യുന്നുവെങ്കിൽ അവന് ഒരു ശിശുവിനേക്കാളും ഭ്രാന്തനെക്കാളും യാതൊരു മെച്ചവുമില്ല തന്നെ. (ഇസ്ലാംമത തത്വജ്ഞാനം)

എഡിറ്റോറിയൽ

# സമാധാനം പുലരാൻ

മനുഷ്യ സമൂഹത്തെ രാഷ്ട്രങ്ങൾ തങ്ങളുടെ അതിർത്തികളിൽ അടച്ചു പൂട്ടിയിരിക്കുകയാണ്. ബലിഷ്ടമായ ആയുധ സന്നാഹങ്ങളും വിഭിന്ന സത്വബോധവുമുള്ള രണ്ട് രാഷ്ട്രങ്ങൾ അടുത്തടുത്ത് നിൽക്കുമ്പോൾ അതിർത്തികൾ സംഘർഷ ഭരിതമാകുന്നു. ആധുനികകാലത്ത് സമാധാനം പുലരാൻ ഉഭയ രാഷ്ട്രങ്ങൾ മാത്രം ആഗ്രഹിച്ചാൽ പോര. ലോകം മുഴുവൻ വലയം ചെയ്തു നിൽക്കുന്ന വൻ ശക്തികളുടെ സഹകരണവും ആശീർവാദവും അവരുടെ താൽപര്യങ്ങൾക്ക് വിധേയപ്പെടലും മറ്റു പല സങ്കീർണ്ണമായ ഘടകങ്ങളുടെ അനുകൂലാവസ്ഥയും ഉണ്ടാവണം. സമാധാനത്തിന് വേണ്ടി സമർപ്പിക്കപ്പെട്ട ആഗോള സ്ഥാപനമായ ഐക്യരാഷ്ട്ര സഭ പോലും സമാധാനം കൊണ്ടുവരാനും യുദ്ധവും സംഘർഷവും ഇല്ലാതാക്കാനും പര്യാപ്തമല്ല.

ഇസ്‌ലാമിന് ഏറ്റവും പ്രിയപ്പെട്ട ആശയമാണ് സമാധാനം. ഇസ്‌ലാം എന്ന പദത്തിന്റെ അർത്ഥം തന്നെ സമാധാനം എന്നാണ്. ദൈവസ്മരണയുള്ള മനുഷ്യ ഹൃദയമാണ് സമാധാനത്തിന്റെ അധിഷ്ഠാനമായി ഇസ്‌ലാം കാണുന്നത്. ***'വിശ്വസിക്കുകയും അല്ലാഹുവിന്റെ സ്മരണ മൂലം മനസ്സമാധാനം പ്രാപിക്കുകയും ചെയ്തവർ അറിയുക, അല്ലാഹുവിന്റെ സ്മരണകൊണ്ട് മാത്രമേ മനസ്സമാധാനം കൈവരികയുള്ളൂ '*** (13: 29) യഥാർത്ഥ മുസ്‌ലിംകളെ പോലെ സമാധാനം കാംഷിക്കുന്ന നിരവധി മനുഷ്യ സ്നേഹികൾ ലോകത്തുണ്ട്. ആത്മീയവും ധാർമികവുമായ മൂല്യങ്ങൾ ആദർശങ്ങളായി സ്വീകരിച്ചാൽ മാത്രമേ വ്യക്തിക്കും സമൂഹത്തിനും സമാധാനം കൈവരുകയുള്ളൂ.

ഖലീഫത്തുൽ മസീഹ് 2008 ഒക്ടോബർ 22ന് ബ്രിട്ടീഷ് പാർലമെന്റിനെ അഭിസംബോധന ചെയ്ത്കൊണ്ട് നടത്തിയ പ്രസംഗത്തിൽ ഒരു ഖുർആൻ വചനം ഉദ്ദരിച്ചുകൊണ്ട് അന്യരുടെ വിഭവങ്ങളിൽ കണ്ണുവെച്ച് ചൂഷണം ചെയ്യാൻ ശ്രമിക്കുന്നതാണ് ലോകത്ത് അശാന്തി പടരുന്നതിന്റെ മൂലകാരണം എന്ന് പറയുകയുണ്ടായി. വ്യക്തിക്കെന്നത് പോലെ രാജ്യങ്ങൾക്കും സമൂഹങ്ങൾക്കും ഇത് ബാധകമാണ്. ആ ഖുർആൻ വചനം ഇപ്രകാരമാണ് ***'അവരിൽ നിന്നുള്ള പല വിഭാഗങ്ങൾക്കും നാം ഐഹിക വിഭവങ്ങൾ അനുഭവപ്പെടുത്തി കൊടുക്കുന്നതിന്റെ നേരെ നീ നിന്റെ കണ്ണുകൾ ഉയർത്തരുത് അവരെ പരീക്ഷിക്കുന്നതിന് വേണ്ടിയാണ് നാം അത് നൽകിയത്.(20:132)'*** ഇങ്ങിനെ തങ്ങൾക്കനുവദിക്കപ്പെട്ട ഭൗതിക വിഭവങ്ങളിൽ തൃപ്തരാവാതെ അന്യന് അവകാശപ്പെട്ട വിഭവങ്ങൾ കൂടി കൊള്ളയടിക്കാനുള്ള ത്വരയാണ് ലോകത്ത് യുദ്ധങ്ങൾക്കും സംഘർഷങ്ങൾക്കും കാരണം.

മനുഷ്യന്റെ ക്ഷണികമായ ഈ ജീവിത പ്രയാണത്തിന്റെ പൊരുളും ലക്ഷ്യവും മറന്നു കൊണ്ടും നീതിയുടെ മൂല്യങ്ങൾ ബലികഴിച്ചു കൊണ്ടും നശ്വരമായ ഈ ലോകത്തിന്ന് വേണ്ടി നാം ഇത്ര വീറോടെ പൊരുതേണ്ടതുണ്ടോ? യേശുവിന്റെ ഒരു ഉപദേശം ശ്രദ്ധിക്കുക. ***'ഭൂമിയിൽ നിനക്കായി നിക്ഷേപങ്ങൾ സംഭരിച്ച് വെക്കരുത്. അവിടെ അവയെ കീടങ്ങളും തുരുമ്പും തിന്നു നശിപ്പിക്കും. കള്ളന്മാർ കുത്തിക്കവർന്നു കൊണ്ടു പോകുകയും ചെയ്യും. കീടങ്ങളും തുരുമ്പും തിന്നു നശിപ്പിക്കാത്തതും കള്ളന്മാർ കവർച്ച നടത്താത്തതുമായ സ്വർഗ്ഗത്തിൽ നിനക്കായി നിക്ഷേപങ്ങൾ കരുതിവെക്കുക. കാരണം നിക്ഷേപം എവിടെയാണോ അവിടെയായിരിക്കും നിന്റെ ഹൃദയം.'(മത്താ: 6:19)***

വ്യക്തികളിൽ നിന്നും ആരംഭിക്കുന്ന നീതിയുമായി ബന്ധപ്പെട്ട സ്വർഗ്ഗീയ സമാധാന ചിന്തകൾ സാർവ്വദേശീയ പ്രസ്ഥാനമായി വളർന്നു വികസിക്കട്ടെ. അല്ലാഹു പറയുന്നു: ***'വിശ്വസിച്ചരെ നിങ്ങൾ നീതിക്ക് സാക്ഷ്യം വഹിക്കുന്നവരായി അല്ലാഹുവിന് വേണ്ടി നിലകൊള്ളുക. ഒരു സമുദായത്തോടുള്ള വിരോധം അവരോട് നീതി പാലിക്കാതിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. നിങ്ങൾ എപ്പോഴും നീതി പാലിക്കുക. അത് ദൈവഭക്തിയുമായി ഏറ്റവും അടുത്തതാണ്. നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുക. തീർച്ചയായും അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെക്കുറിച്ച് സൂക്ഷ്മമായി അറിവുള്ളവനാണ്.'(വി.ഖുർആൻ 5:9) 'മനുഷ്യവംശത്തെ അവൻ സമാധാനത്തിന്റെ ഗേഹത്തിലേക്ക് ക്ഷണിക്കുന്നു' (വി.ഖുർആൻ. 10:26).***

വായനക്കാർക്ക് സത്യദൂതന്റെ പുതുവത്സരാശംസകൾ



ഹദ്റത്ത് അഹ്മദ് (അ)

# ഭക്തരായിരിക്കുക, ബാക്കി ദൈവം നോക്കികൊള്ളും

കടുപ്പമുള്ളതും പരുപരുത്തതുമായ കാര്യം കേൾക്കേണ്ട അവസരം ആർക്കെങ്കിലുമുണ്ടായാൽ അവർ അവിടെ നിന്നും മാറിക്കളയട്ടെ. ഞാൻ ദൃഢയോടും യാഥാർത്ഥ്യബോധത്തോടും കൂടി പറയുന്നു. നമ്മെ സഹായിക്കാൻ ദൈവിക സന്നിധിയിൽ പ്രത്യേകം തയ്യാറെടുപ്പുകൾ നടന്നുകൊണ്ടിരിക്കുന്നതായി ഞാൻ കാണുന്നു. നമ്മുടെ ഭാഗത്ത് നിന്നും എല്ലാ രീതിയിലും ജനങ്ങളുടെ മേൽ ഹുജ്ജത്ത് അഥവാ ന്യായ പൂർത്തിയുണ്ടായിക്കഴിഞ്ഞിരിക്കുകയാണ്. അതുകൊണ്ട് അവന്റെ മുൻകാല സുന്നത്ത് അഥവാ നടപടിക്രമം അനുസരിച്ച് ന്യായപൂർത്തിയായതിന് ശേഷം താൻ ചെയ്യാനുള്ള കൃത്യം അല്ലാഹു ഇപ്പോൾ ചെയ്യാനുദ്ദേശിച്ചിരിക്കുന്നു. നമ്മുടെ ജമാഅത്തിൽ പെട്ടവർ സഭ്യമല്ലാത്ത സംസാരങ്ങളിൽ നിന്നും നിരർത്ഥകമായ വിവാദങ്ങളിൽ നിന്നും പിന്മാറാത്തതുകൊണ്ട് ദൈവിക കൃത്യങ്ങളിൽ താമസവും തടസ്സവും ഉണ്ടാകുമോ എന്നു ഞാൻ ഭയപ്പെടുന്നു. കാരണം തന്റെ ഔദാര്യവും അനുഗ്രഹവും കണക്കറ്റ രീതിയിൽ ഉണ്ടാകുന്നവരിലും തന്റെ അടയാളങ്ങൾ കാണിച്ചു കഴിഞ്ഞിട്ടുള്ളവരിലുമാണ് എപ്പോഴും അവന്റെ നീരസം ഉണ്ടാകുന്നത്. അത്തരക്കാരോട് കോപിക്കുകയും അവർക്കെതിരെ നിൽക്കുകയും അവരെ നിന്ദിക്കുകയും ചെയ്യുന്നവരിലേക്ക് അവനൊരിക്കലും ശ്രദ്ധപതിപ്പിക്കാറില്ല. കാരണം അത്തരം ആളുകൾക്കെതിരിൽ അവന്റെ അന്തിമ വിധി നടപ്പിൽ വരേണ്ടതുണ്ട്. ഇതാണ് അല്ലാഹുവിന്റെ രീതി. എന്തെന്നാൽ ഒരു ഭാഗത്ത് നബി (സ) തിരുമേനിയോട് പറയുന്നു:

***'അതിനാൽ നിശ്ചയ ദാർഢ്യമുള്ള ദൂതന്മാർ സഹനം കൈകൊണ്ടത് പോലെ സഹനം കൈകൊള്ളുക.' (47:36)***

വീണ്ടും ഖുർആൻ പറയുന്നു:

***'നീ ആ മത്സ്യക്കാരനെ പോലെയാകരുത്.' (68:49)***

***'നിനക്ക് കഴിവുണ്ടെങ്കിൽ ഭൂമിക്കടിലേക്കൊരു തുരങ്കം അന്വേഷിച്ചു കൊള്ളട്ടെ' (6:36)***

ന്യായപൂർത്തിയുമായി ബന്ധപ്പെട്ട ഈ നീരസത്തിന്ന് കാരണം, നബി (സ) വിശ്വാസികൾക്കെതിരായി എത്രയും പെട്ടെന്ന് തീരുമാനമുണ്ടാകണമെന്ന് ആഗ്രഹിച്ചതാണ്. എന്നാൽ അല്ലാഹു തന്റെ ഗുണവിശേഷങ്ങളുടേയും നടപടി ക്രമങ്ങളുടെയും അടിസ്ഥാനത്തിൽ വലിയ ക്ഷമയോടും സൗമ്യതയോടും പ്രവർത്തിക്കുന്നു. പക്ഷേ അവസാനം നബി (സ) തിരുമേനിയുടെ ശത്രുക്കളെ ഞെക്കിയും ഞെരുക്കിയും അവരുടെ പേരും പാടുമവശേഷിക്കാത്ത വിധം അല്ലാഹു നശപ്പിച്ചു കളഞ്ഞു. നമ്മുടെ ചിലയാളുകൾ ജമാഅത്തിനെ സംബന്ധിച്ച് ശകാര വാക്കുകളും കളവ് കെട്ടിച്ചമച്ച് പറയലും ചീത്തപറച്ചിലും കേട്ട് അസ്വസ്ഥ ചിത്തരാകാനും എടുത്തു ചാടാനും സാധ്യതയുണ്ട്. എന്നാൽ നബി(സ) തിരുമേനിയോട് അല്ലാഹുവിന്റെ പെരുമാറ്റം അവരെപ്പോഴും മുന്നിൽ കാണണം. അതുകൊണ്ട് ഞാൻ വീണ്ടും പിന്നെയും പിന്നെയും താക്കീതോടുകൂടി കൽപ്പിക്കുന്നു. മാത്സര്യത്തിന്റേയും വിവാദത്തിന്റെയും സദസ്സുകളിൽ നിന്നും വെല്ലുവിളികളിൽ നിന്നും കൂട്ടം ചേർന്നു നടത്തുന്ന ആഘോഷ പരിപാടികളിൽ നിന്നും മാറിനിൽക്കുക. എന്തുകൊണ്ടെന്നാൽ ഏതൊരു പ്രവർത്തിയാണോ നിങ്ങൾ ചെയ്യാനാഗ്രഹിക്കുന്നത് അതായത് ശത്രുക്കളുടെ മേൽ ഹുജ്ജത്ത് പൂർത്തിയാക്കുക എന്നത്, അല്ലാഹു താൻ തന്നെ ഇപ്പോൾ ഏറ്റെടുത്തിരിക്കുന്നു. നിങ്ങൾ ഇപ്പോൾ ചെയ്യേണ്ടത് പ്രാർത്ഥനകളിലും പാപപ്പൊറുതി തേടുന്നതിലും അല്ലാഹുവിനെ ആരാധിക്കുന്നതിലും മന:ശുദ്ധീകരണം വരുത്തുന്നതിലും മുഴുകലാണ്. അങ്ങനെ അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്ന ഔദാര്യങ്ങൾക്കും കടാക്ഷത്തിനും സ്വയം അർഹരായിത്തീരുക. അല്ലാഹു എന്നോട് വലിയ വലിയ വാഗ്ദാനങ്ങൾ ചെയ്തിട്ടുണ്ട്. പ്രവചനങ്ങളുമുണ്ട്. അതു പൂർത്തിയാകുമെന്ന് ഞാൻ ദൃഢനിശ്ചയം വിശ്വസിക്കുന്നു. എന്നാൽ നിങ്ങൾ ആവശ്യമില്ലാതെ തമ്മിൽ അഹങ്കരിക്കരുത്. എല്ലാതരം അസൂയ, കുശുമ്പ്, പക, പരദൂഷണം, അഹങ്കാരം, പൊങ്ങച്ചം ദുഷ്ക്കർമ്മത്തിന്റെ രഹസ്യവും പരസ്യവുമായ വഴികൾ, അലസത, അശ്രദ്ധ തുടങ്ങിയവയിൽ നിന്നെല്ലാം രക്ഷപ്പെടുക. നല്ലവണ്ണം ഓർത്തുകൊള്ളുക ശുഭപര്യവസാനം എപ്പോഴും ഭക്തജനങ്ങൾക്കുള്ളതാണ്. അതുകൊണ്ട് മുത്തഖിയാകുന്നതിനെക്കുറിച്ച് ചിന്തിച്ചു കൊള്ളുക. ***(അൽഹക്കം 1902 മെയ് 31)***

സൗത്ത് ലണ്ടനിലെ ബൈത്തുൽ ഫുതൂഹ് മോസ്കിൽ 5 വർഷങ്ങൾക്ക് മുമ്പ് 2015 മാർച്ച് 15ന്ന് നടന്ന 12–ാമത് വാർഷിക പീസ് സിംബോസിയത്തിൽ നിർവ്വഹിച്ച മുഖ്യപ്രഭാഷണം. (രണ്ടാം ഭാഗം)

# വിശ്വശാന്തിയുടെ സുവർണ്ണ തത്വങ്ങൾ




**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു...)

മദ്ധ്യപൗരസ്ത്യ ദേശത്തെ അവസ്ഥ നാം നിരീക്ഷിക്കുകയാണെങ്കിൽ ഫലസ്തീനും ഇസ്റായേലും തമ്മിലുള്ള ശത്രുതയും വിദ്വേഷവും തുടർച്ചയായി അധികരിച്ചു വരികയാണ്. ഈ ശത്രുത ഇടക്കിടെ വിവേകരഹിതമായ രക്തചൊരിച്ചിലും കലാപങ്ങളുമായി ആളിക്കത്തുകയാണ്. ഇസ്റായേലും ഇറാനുമായുള്ള ബന്ധവും വളരെയേറെ സംഘർഷഭരിതമാണ്. വളരെക്കാലമായി ഈ രണ്ടുരാജ്യങ്ങൾക്കുമിടയിലുള്ള അവിശ്വാസവും പരസ്പര വിദ്വേഷവും നാൾക്കുനാൾ വർദ്ധിച്ചുവരികയാണ്. ചുരുക്കത്തിൽ ലോകത്തിന്റെ ഭൂരിപക്ഷ പ്രദേശങ്ങളും സംഘർഷഭരിതവും കലാപകലുഷിതവുമാണ്. ഖേദകരമെന്ന് പറയട്ടെ ഈ പരിതാപകരമായ അവസ്ഥയിൽനിന്നും മനുഷ്യവംശത്തെ മോചിപ്പിക്കാൻ ഫലപ്രദമായ ഒരു പരിഹാരം കണ്ടെത്തുന്നതിൽ ലോകം പരാജയപ്പെട്ടിരിക്കുന്നു.

ഇതിന്നു പിന്നിൽ അന്തർധാരയായി വർത്തിക്കുന്ന പ്രശ്നങ്ങളുടെ മൂലകാരണം അവഗണിക്കപ്പെടുകയാണ്. അവർക്ക് അർഹിക്കുന്ന ഗൗരവകരമായ ഒരുശ്രദ്ധ ലഭിക്കുന്നില്ല. എല്ലാ രാജ്യങ്ങളും വിശ്വസിക്കുന്നത് അവരുടെ നയങ്ങളെല്ലാം ശരിയും മറ്റുള്ളവരുടേത് തെറ്റുമാണെന്നാണ്. മറ്റു രാജ്യങ്ങളിൽ നടക്കുന്ന സംഭവങ്ങൾ അവരെ ബാധിക്കില്ല എന്നാണ്. അത്തരം വിശ്വാസങ്ങളും ധാരണകളും തെറ്റും ഹാനികരവുമാണ്. സമാധാനം സ്ഥാപിക്കാനുള്ള ശ്രമങ്ങൾ പലപ്പോഴും നിഷ്ഫലമായിപ്പോവുന്നു. കാരണം പ്രശ്നങ്ങൾ പരിഹരിക്കാനും സാഹചര്യങ്ങൾ മാറാനും അനാവശ്യമായ കാലവിളംബരമുണ്ടാവുന്ന കാലത്തിന്റെ ആവശ്യം മനസ്സിലാക്കി നാം പ്രവർത്തിക്കേണ്ടതുണ്ട്. ഏതൊരു പ്രശ്നവും നിയന്ത്രണ വിധേയമാക്കാനുള്ള ആസൂത്രണങ്ങൾ ചെയ്യുമ്പോഴും അത് കുറഞ്ഞ സമയപരിധിക്കുള്ളിൽ നാം ചെയ്യേണ്ടതുണ്ട്. സമാധാനം എന്നത് സത്യസന്ധയുടെയും വിശ്വസ്തതയുടെയും നീതിയുടെയും ദൃഢമായ അടിത്തറയിൽ മാത്രമേ കെട്ടിപടുക്കാനാവൂ. സമാധാനത്തിന് അനിവാര്യമായ ഘടകങ്ങളായ സത്യസന്ധതയും നീതിയും അവലംബിക്കാതെ ഒരു പ്രശ്നവും ഫലപ്രദമായി പരിഹൃതമാവുകയില്ല. ഞങ്ങൾ അഹ്മദിയ്യാ സമൂഹം ഭൗതികമായി ദുർബലരും സ്വാധീനമില്ലാത്തവരുമാണ്. ഞങ്ങളുടെ ലക്ഷ്യം തികച്ചും അദ്ധ്യാത്മി

കമാണ്. അധികാരവും ഭരണവും പിടിച്ചെടുക്കൽ ഞങ്ങളുടെ ലക്ഷ്യമല്ല. ഞങ്ങൾക്ക് രാഷ്ട്രീയമായ ലക്ഷ്യങ്ങളോ മോഹങ്ങളോ ഇല്ല. ഒരു മതസമൂഹം എന്ന നിലക്ക് ഞങ്ങളുടെ ആഗ്രഹം ലോകം അതിന്റെ സ്രഷ്ടാവിനെ തിരിച്ചറിയുകയും സഹജീവികളുടെ അവകാശങ്ങൾ നിവർത്തിച്ചു കൊടുക്കുകയും വേണം. ഈ രണ്ട് ലക്ഷ്യങ്ങളും നിറവേറ്റുന്നതിനായി നാം ലോകത്തിന്റെ എല്ലാ ഭാഗത്തും സാധ്യമായ എല്ലാ ശ്രമങ്ങളും നടത്തിവരുന്നു. ഇന്ന് ലോകത്ത് കാണുന്ന അക്രമങ്ങൾക്കും അരാചകത്വത്തിന്നും ഇസ്‌ലാമിന്റെ അദ്ധ്യാപനങ്ങളുമായി യാതൊരു ബന്ധവുമില്ല.

അതിനാൽ സമാധാനസ്ഥാപനവുമായി ബന്ധപ്പെട്ട് ഇസ്‌ലാമിന്റെ ചില അടിസ്ഥാന പാഠങ്ങൾ ഞാൻ സമർപ്പിക്കുന്നതാണ്. അത് പറയുന്നതിന്ന് മുമ്പായി ഒരുകാര്യം വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇന്ന് ലോകത്ത് കാണുന്ന ഈ അരാചകത്വത്തിന്നും അരക്ഷിതാവസ്ഥക്കും കാരണം പൂർണ്ണമായും മുസ്‌ലിംകളുടെ മേലും ഇസ്‌ലാമിന്റെ പേരിലും കെട്ടിവെക്കാൻ സാധ്യമല്ല. വാസ്തവത്തിൽ ഇന്ന് ലോകത്ത് കാണുന്ന പല കുഴപ്പങ്ങളും ആളിക്കത്തിക്കുന്ന മറ്റു നിരവധി കാരണങ്ങൾ വേറെയുമുണ്ട്. സത്യവും നീതിയും നിലനിന്നെങ്കിൽ മാത്രമേ നമുക്ക് യഥാർത്ഥ സമാധാനവും സൗഹൃദാത്മകവുമായ ഒരു ലോകത്തേക്ക് നടന്നുനീങ്ങാൻ സാധ്യമാവൂ എന്ന് ഞാൻ പറഞ്ഞുകഴിഞ്ഞു. വൻശക്തികളും ചില രാഷ്ട്രീയ മത നേതാക്കളും ആർത്തിയും നിക്ഷിപ്ത താൽപര്യങ്ങളുമുള്ളവരാണെന്ന കാര്യത്തിൽ സംശയമില്ല. ഇന്ന് നാം കാണുന്ന നിരാശ ജനകമായ ഈ അവസ്ഥക്ക് കാരണം അവരുടെ സ്വാർത്ഥപരമായ ദുരാഗ്രഹങ്ങളാണ്. അതിന്റെ ഉത്തരവാദിത്വം കൂടി അവർക്കുണ്ട്. നിരാശയിലേക്കും വിദ്വേഷത്തിലേക്കും ജനങ്ങളെ നയിക്കുന്ന നിരവധി പ്രശ്നങ്ങൾ ലോകത്തുണ്ട്. അത് സമാധാനത്തെ തുരങ്കം വെക്കുന്ന പ്രശ്നങ്ങളാണ്. ഉദാഹരണത്തിന്ന് ലോകം മുഴുവൻ ബാധിച്ച സാമ്പത്തിക പ്രതിസന്ധിയുടെ ഫലങ്ങൾ യൂറോപ്പിൽ അസംതൃപ്തി വളർത്തിക്കൊണ്ടിരിക്കുകയാണ്. യൂറോപ്യൻ യൂണിയന്റെ ഐക്യം വെല്ലുവിളിക്കപ്പെടുകയും തുരങ്കം വെക്കപ്പെടുകയും ചെയ്യുന്നു. കുടിയേറ്റ വിരുദ്ധരും ദേശീയ വാദികളുമായവരുടെ കക്ഷികൾ പല രാജ്യങ്ങളിലും പ്രചാരപ്പെട്ടുവരികയാണ്. ഉക്രൈയിനിലെ സംഘർഷങ്ങളെക്കുറിച്ച് ഞാൻ പ്രതിപാദിച്ചുകഴിഞ്ഞു. ഇതെല്ലാം ലോകസമാധാനം നേരിടുന്ന വെല്ലുവിളികളാണ്. അതൊന്നും ഇസ്‌ലാമുമായി ബന്ധമുള്ള വിഷയങ്ങളല്ല. മറിച്ച് അതെല്ലാം അധികാരവും സ്വാധീനങ്ങളും വിഭവങ്ങളും കൈയ്യടക്കാനുള്ള അടക്കാനാവാത്ത അഭിനിവേശത്തിൽനിന്നും ഉദ്ഭൂതമായവയാണ്. വൻശക്തികളുടെ നയങ്ങളെക്കുറിച്ച് നാം ചിന്തിക്കുകയാണെങ്കിൽ ബലഹീനരായ രാജ്യങ്ങളെ അവർ ബാഹ്യമായി അടിമപ്പെടുത്താതിരിക്കുമ്പോൾ തന്നെ അന്യായമായി സ്വാധീനിച്ചും, നിയന്ത്രണങ്ങൾ ചുമത്തിയും അവരുടെ രാജ്യത്തെ വിഭവങ്ങൾ ചൂഷണം ചെയ്യുകയാണ്. ഇത് പുതിയ കാര്യമൊന്നുമല്ല. അത് എല്ലാവർക്കും പ്രത്യക്ഷമായി അറിയുന്ന കാര്യങ്ങളാണ്.

ലോകത്തെവിടെയായാലും അവിടെ അക്രമവും സംഘട്ടനവും ഇസ്‌ലാമിന്റെ പേരിലായാലും അല്ലെങ്കിലും ശരി. അക്രമികൾ ഒരു മതത്തിന്റെയും പ്രചോദനത്താലല്ല, അവരുടെ തന്നെ അധികാരം പിടിച്ചുപറ്റാനുള്ള സ്വാർത്ഥ പരമായ ദുരാഗ്രഹത്തിന്റെ പ്രചോദനത്താലാണ് അവർ ഈ അക്രമങ്ങൾ നടത്തുന്നത്. ഈ വസ്തുതകളെല്ലാം ഗാഢമായ പര്യാലോചനക്ക് നാം വിധേയമാകുമ്പോൾ വിവേകമുള്ള ഒരു മനുഷ്യൻ, ലോകത്തിന്റെ ഇപ്പോഴത്തെ ഗതി തങ്ങളുടെ ഭൗതികമായ ആഗ്രഹങ്ങളുടെ പൂർത്തീകരണത്തിന്ന് വേണ്ടിമാത്രമല്ലേ എന്ന നിഗമനത്തിൽ എത്തിച്ചേരാൻ നിർബന്ധിക്കപ്പെടുന്നു. ഇസ്‌ലാമിനെക്കുറിച്ച് പറയുമ്പോൾ ഇക്കാലത്ത് ഇസ്‌ലാമിന്റെ അദ്ധ്യാപനങ്ങൾ നിരന്തരമായി വഴിനീക്കപ്പെടുകയും വികലമാക്കപ്പെടുകയും ചെയ്യുന്നു. ഇസ്‌ലാം അക്രമാസക്തമായ ജിഹാദും രക്തചൊരിച്ചിലും പ്രോത്സാഹിപ്പിക്കുന്നു എന്നാണ് അവർ ആക്ഷേപം ഉന്നയിക്കുന്നത്. അതിൽ സത്യത്തിന്റെ ഒരു കണികപോലുമില്ല. ഞാൻ ഇക്കാര്യം വ്യക്തമാക്കാം. ആദ്യകാല മുസ്‌ലിംകൾക്ക് അല്ലാഹു യുദ്ധം ചെയ്യാൻ അനുമതി നൽകിയത് ഇസ്‌ലാം മതത്തേയും മുസ്‌ലിംകളേയും മാത്രം രക്ഷിക്കാനല്ല എന്ന കാര്യം ഓർക്കുക.

അതിനെക്കാളുപരി എല്ലാ മനുഷ്യരുടെയും വിശ്വാസ സ്വാതന്ത്ര്യം സംരക്ഷിക്കാനാണ് ഈ പ്രതിരോധ യുദ്ധത്തിന്ന് അനുമതി നൽകിയത്. വിശുദ്ധ ഖുർആൻ അദ്ധ്യായം 22 വചനം 40-41ൽ സർവ്വശക്തനായ അല്ലാഹു പറയുന്നു. ആ അവസരത്തിൽ മുസ്‌ലിംകൾ സ്വയം പ്രതിരോധിച്ചിട്ടില്ലായിരുന്നുവെങ്കിൽ ചർച്ചും സിനഗോഗുകളും, അമ്പലങ്ങളും, മുസ്‌ലിം പള്ളികളും, മറ്റൊരു ആരാധനാലയങ്ങളും സുരക്ഷിതമായി ഇരിക്കില്ലായിരുന്നു. അതിനാലാണ് ഇസ്‌ലാമിന് പ്രതിരോധ യുദ്ധത്തിന് അനുമതി നൽകപ്പെട്ടത്. എല്ലാ ഓരോ മതത്തേയും സംരക്ഷിക്കാനാണ് ഇസ്‌ലാമിന് യുദ്ധാനുവാദം നൽകിയത്. ജനങ്ങളിൽ എല്ലാവരുടേയും മതം അവരവർക്ക് സ്വതന്ത്രമായി ആചരിക്കണം. ഒരു മുസ്‌ലിം മറ്റൊരാളെ ഉപദ്രവിക്കാൻ ഉദ്യമിക്കുമ്പോൾ ഉപദ്രവിക്കപ്പെട്ട ആളുടെ വിശ്വാസമോ മതമോ പരിഗണിക്കാതെ അല്ലെങ്കിൽ ഒരു മുസ്‌ലിം മറ്റൊരു വിശ്വാസിയുടെ ആരാധനാലയങ്ങൾ നശിപ്പിക്കാൻ ശ്രമിക്കുകയോ ചെയ്യുമ്പോൾ അയാൾ ഖുർആനിക അധ്യാപനങ്ങളുടെ തികഞ്ഞ ലംഘനമാണ് നടത്തുന്നത് എന്നതാണ് യാഥാർത്ഥ്യം.

ഇതുമായി ബന്ധപ്പെട്ട ഒരു കാര്യം എന്താണെന്ന് വെച്ചാൽ ISIS പുരാതന ഇറാഖ് നഗരത്തിലെ ചരിത്ര പ്രസിദ്ധമായ സ്മാരകങ്ങളും പുരാവസ്തുക്കളും നശിപ്പിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. 1400 വർഷങ്ങളോളമായി മുസ്‌ലിം ഭരണാധികാരികളുടെയും ഭരണകൂടങ്ങളുടെയും പരമ്പരകൾ ഈ ചരിത്ര സ്മാരകങ്ങളെല്ലാം സംരക്ഷിച്ചുവരികയായിരുന്നു. ഇന്ന് ഇതെല്ലാം ഇസ്‌ലാമിന്റെ പേരിൽ നശിപ്പിക്കപ്പെട്ടിരിക്കുന്നു. ഇത് ഇസ്‌ലാമിന്റെ പാവനമായ അദ്ധ്യാപനങ്ങളുടെ കടുത്ത ലംഘനവും അതിനീചമായ ക്രൂരതയുമാണെന്നേ പറയാൻ പറ്റൂ. ഒരു യഥാർത്ഥ മുസ്‌ലിമിന്ന് ഈ രീതിയിൽ പ്രവർത്തിക്കാൻ സാധ്യമല്ല.

ജിഹാദിന്റെ യഥാർത്ഥ സങ്കൽപ്പത്തെക്കുറിച്ചു ഇസ്‌ലാമിന്റെ സമാധാനപൂർണ്ണമായ അദ്ധ്യാപനങ്ങളെ സംബന്ധിച്ചും ഖുർആനിൽ നിങ്ങളെ നിരവധി വചനങ്ങൾ കഴിഞ്ഞ വർഷത്തെ പീസ് സിംമ്പോസിയത്തിൽ ഞാൻ ഉദ്ധരിക്കുകയുണ്ടായി. അതെല്ലാം ഇപ്പോൾ ഇവിടെ ആവർത്തിക്കേണ്ട ആവശ്യമില്ല. എന്തായിരുന്നാലും ഞാൻ ഇപ്പോൾ ഉദ്ധരിച്ച ഖുർആനിക വചനം ജിഹാദിനെതിരെ സാധാരണ ഉന്നയിക്കപ്പെടുന്ന എല്ലാ ആരോപണങ്ങളും തെറ്റാണെന്ന് തെളിയിക്കപ്പെടുന്നു.

അതിൽ കൂടുതലായി ഖുർആൻ അദ്ധ്യായം 10 വചനം 100 ൽ അല്ലാഹു പറയുന്നു. അല്ലാഹു അവന്റെ ഇഛ അടിച്ചേൽപ്പിച്ചുകൊണ്ട് മനുഷ്യ വംശത്തെ മുഴുവൻ വിശ്വസിപ്പിക്കാൻ അല്ലാഹു ഉദ്ദേശിക്കുന്നില്ല. എന്നാൽ അല്ലാഹു ഓരോ മനുഷ്യനും തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം നൽകിയിട്ടുണ്ട്. ഇത് അല്ലാഹു നൽകിയിരിക്കെ റസൂൽ തിരുമേനി(സ)ക്കോ മറ്റേതൊരാൾക്കുമോ ഇസ്‌ലാം സ്വീകരിക്കാൻ ഒരാളെ നിർബന്ധം ചെലുത്താവുന്നതെങ്ങനേ? റസൂൽ തിരുമേനി(സ) ജീവിതത്തിലുടനീളം നീതിയുടെയും സമത്വത്തിന്റേയും ആവശ്യകതയെ സംബന്ധിച്ച് ഊന്നിപ്പറയുകയും ക്രൂരതയുടെ എല്ലാ രൂപങ്ങളും അവസാനിപ്പിക്കുകയും ചെയ്തു. റസൂൽ തിരുമേനി(സ) പറഞ്ഞത് മർദ്ദകനും മർദ്ദിതനും സഹായിക്കപ്പെടണമെന്നാണ്.

മർദ്ദിതനെ സഹായിക്കണമെന്ന് പറഞ്ഞത് വ്യക്തമാണ്. അതായത് മർദ്ദിതനോട് കാരുണ കാട്ടണമെന്നും അവനെ സംരക്ഷിക്കണമെന്നും അവന്റെ വിഷമങ്ങൾ പരിഹരിച്ച് അവന്ന് ആശ്വാസം നൽകണമെന്നുമാണ്. എന്തായാലും റസൂൽ തിരുമേനി(സ) നമ്മോടു അവിടെ നിർത്താൻ പറഞ്ഞില്ല. അടുത്ത ചുവടുവെക്കണം അതായത് മർദ്ദകനെയും സഹായിക്കണം. മർദ്ദകൻ അനീതിയും ക്രൂരതയും കാട്ടുന്നതിൽ നിന്നും അയാളെ തടയണം ഇതാണ് ജനങ്ങൾക്കിടയിൽ സമാധാനം സ്ഥാപിക്കണമെന്ന തത്വം പ്രാവർത്തികമാക്കാനുള്ള ഉത്തമ ഉപാധികൾ.

ഇക്കാലത്തെ ഭരണകൂടങ്ങൾ ഈ അടിസ്ഥാനതത്വങ്ങളും നീതിയുടെ മുൻഗണനകളും തങ്ങളുടെ താൽപര്യങ്ങൾക്ക് അതീതമായി നിർവ്വഹിക്കുകയും അന്യരെ സഹായിക്കുകയും ചെയ്തെങ്കിൽ ലോകം ഇന്ന് വളരെ നല്ല മറ്റൊരു സ്ഥലമായി മാറിയേനെ. എല്ലാഭരണകൂടങ്ങളും നേതാക്കന്മാരും നീതിയും സമാധാനവും സ്ഥാപിക്കാൻ തങ്ങൾ ശ്രമിക്കുകയാണെന്ന് അവകാശവാദമുന്നയിക്കുമ്പോൾ തന്നെ, ദുഃഖകരമായ യാഥാർത്ഥ്യം എന്താണെന്ന് വെച്ചാൽ അവർ തങ്ങളുടെ അജണ്ടകൾക്കും, താൽപര്യങ്ങൾക്കും ലക്ഷ്യങ്ങൾക്കുമാണ് മുൻഗണനം നൽകുന്നത്. വിശുദ്ധ ഖുർആനിൽ 2-ാം അദ്ധ്യായം 189 വചനത്തിൽ അല്ലാഹു പറയുന്നത് നിങ്ങൾ ഒരിക്കലും അന്യരുടെ സ്വത്തുക്കൾ അന്യായമായും തെറ്റായ രീതിയിലും ഉപയോഗിക്കരുത് എന്നാണ്. വിശുദ്ധ ഖുർആൻ അദ്ധ്യായം 15 വചനം 89 ൽ സർവ്വശക്തനായ അല്ലാഹു പറയുന്നു. നിങ്ങൾ അന്യരുടെ സമ്പത്തിന്ന് വേണ്ടി കൊതിക്കരുത്. ഞാൻ എന്റെ കാപിറ്റോൾ ഹിൽ പ്രഭാഷണത്തിൽ ഈ വചനം ഉദ്ദരിച്ചപ്പോൾ ഒരു അമേരിക്കൻ കോൺഗ്രസ്സ് അംഗം എന്റെ അടുത്ത്വന്ന് പറഞ്ഞത്. താങ്കൾ കൃത്യമായും അദ്ധ്യാപനങ്ങളല്ല, യാഥാർത്ഥ്യങ്ങളാണ് ചൂണ്ടിക്കാട്ടിയത് എന്നാണ്.

വിശുദ്ധ ഖുർആൻ അദ്ധ്യായം 5 വചനം 9ൽ അല്ലാഹു പറയുന്നു: നിങ്ങൾ അന്യരോടുള്ള ശത്രുത കാരണം അനീതി കാട്ടരുത്. ഇത് നീതിയുടെയും സത്യത്തിന്റെയും എന്തൊരു മഹിതമാർന്ന നിലവാരമാണ് പ്രകടമാക്കുന്നത്!! മതത്തിന്റെ പാവനത്വം സംരക്ഷിക്കാനും, ലോകത്തെ അരാചകത്വം തടയാനും വിശുദ്ധഖുർആൻ അദ്ധ്യായം 6 വചനം 109ൽ അല്ലാഹു പറയുന്നു. **'അന്യരുടെ വിഗ്രഹങ്ങളെയോ ദൈവമായി ആരാധിക്കുന്നവയേയോ നിങ്ങൾ ശകാരിക്കരുത്. അപ്പോൾ അവർ പ്രകോപിതരായി അല്ലാഹുവിനേയും നിന്ദിക്കും.'** ഇത് ഒരിക്കലും അവസാനിക്കാത്ത വിദ്വേഷത്തിന്റെയും വെറുപ്പിന്റേയും ചാക്രിക വലയത്തിലേക്ക് നിങ്ങളെ തള്ളിവിടും.

റസൂൽ തിരുമേനി(സ) പറയുന്നു: നിങ്ങൾ ഒരാളിന്റെ പിതാവിനെ ശകാരിക്കുകയോ അധിക്ഷേപിക്കുകയോ ചെയ്യുമ്പോൾ നിങ്ങൾ നിങ്ങളുടെ പിതാക്കന്മാരെ തന്നെയാണ് ശകാരിക്കുന്നത്. നോക്കൂ എത്രമനോഹരമായിട്ടാണ് പ്രഭാഷണ സ്വാതന്ത്ര്യത്തിന്റെയും അന്യരുടെ അന്തസ്സും അഭിമാനവും സംരക്ഷിക്കേണ്ടതത്വം നിർണ്ണയിച്ചിരിക്കുന്നത്. ആരാണോ അതിരുകൾ ലംഘിക്കുന്നത് അവരോടുള്ള അല്ലാഹുവിന്റേയും പ്രവാചകന്റേയും ആജ്ഞയാണിത്. വിശുദ്ധ ഖുർആൻ അദ്ധ്യായം 60 വചനം 9ൽ അല്ലാഹു പറയുന്നു. മർദ്ദകരല്ലാത്തവരും നിങ്ങളുടെ വിശ്വാസത്തിന്ന് തടസ്സം നിൽക്കാത്തവരോടും എപ്പോഴും സൗമ്യ സുന്ദരമായും ബഹുമാനത്തോടെ അനുകമ്പയോ

ശേഷം പേജ് 25 ൽ

# അദൃശ്യലോകവും ദൈവവിശ്വാസവും

അദൃശ്യത്തിൽ വിശ്വസിക്കുക എന്നാൽ നമുക്ക് ഒരിക്കലും അനുഭവവേദ്യമാകാത്ത അസ്തിത്വങ്ങളിൽ അന്ധമായി വിശ്വസിക്കുക എന്നല്ല. നമ്മുടെ ഇന്ദ്രിയങ്ങളുടെ പരിമിതികൊണ്ട് നമുക്ക് ഗ്രഹിക്കാൻ കഴിയാത്ത അസ്തിത്വങ്ങളുമുണ്ട് എന്ന യഥാർത്ഥ്യത്തിലേക്കാണ് ഖുർആന്റെ ഈ പ്രയോഗം വിരൽ ചൂണ്ടുന്നത്. അദൃശ്യ മണ്ഡലം അപ്രാപ്യമായി തുടരണമെന്നില്ല. നമ്മുടെ ഇന്ദ്രിയങ്ങളുടെ സംവേദന ശക്തി വർദ്ധിപ്പിക്കുകയാണെങ്കിൽ അജ്ഞാത ലോകം ജ്ഞാതമായി വരും. ഭൗതിക ലോകത്ത് ഈ സത്യം നമുക്ക് നിത്യാനുഭവമാണ്.

***'അദൃശ്യങ്ങളിൽ വിശ്വസിക്കുന്ന സത്യാത്മാക്കൾക്ക് (ഇതൊരു) മാർഗ്ഗദർശകമാകുന്നു.'(2:3-4)***

## ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

മുകളിൽ ഉദ്ധരിച്ച ഖുർആനിക വചനങ്ങളിൽ അദൃശ്യങ്ങളിൽ വിശ്വസിക്കുക എന്നത് ഇസ്‌ലാമിന്റെ അടിസ്ഥാന കാര്യങ്ങളിൽപ്പെട്ടതാണ്. കഴിഞ്ഞ അദ്ധ്യായത്തിൽ വ്യക്തമാക്കിയത് പോലെ മനുഷ്യന്റെ ആശയങ്ങളെ പരിവർത്തിപ്പിക്കാൻ ശക്തിയും ഭീഷണിയും ഉപയോഗിക്കുന്നതിനെ ഖുർആൻ അതിശക്തമായി അപലപിക്കുന്നു. അതിനാൽ അദൃശ്യകാര്യങ്ങളിൽ വിശ്വസിക്കുക എന്ന് ആവശ്യപ്പെട്ടുകൊണ്ട് ഖുർആൻ അന്ധമായുള്ള വിശ്വാസത്തെ പ്രോത്സാഹിപ്പിക്കുന്നു എന്ന് ഇതിനെ വ്യാഖ്യാനിക്കുന്നത് ഖുർആൻ ശക്തമായി ഊന്നിപ്പറഞ്ഞ കാര്യങ്ങളുടെ നിഷേധമാണ്. മറിച്ച് തെളിവുകളുടെ പിൻബലമോ വസ്തുതാപരമായ ന്യായീകരണമോ ഇല്ലാതെ വ്യാജവിശ്വാസം വെച്ചു പുലർത്തുന്നവർ അവിശ്വാസികളാണെന്നാണ് ഖുർആൻ ആരോപിക്കുന്നത്. മൃഗീയമായ ഹീനമാർഗ്ഗങ്ങളുപയോഗിച്ച് മതവിശ്വാസികളുടെ വിശ്വാസം മാറ്റിയെടുക്കാൻ ശ്രമിക്കുന്നവരെ ഖുർആൻ ആക്ഷേപിക്കുകയും ചെയ്യുന്നു. അങ്ങനെയാണെങ്കിൽ അദൃശ്യകാര്യങ്ങളിൽ വിശ്വസിക്കുക എന്ന ശൈലിയുടെ വിവക്ഷിതം എന്താണ്. വിശദമായി വിശദീകരിക്കപ്പെടേണ്ട ഒരു സുപ്രധാന ചോദ്യമാണിത്.

ഖുർആൻ ഉപയോഗിച്ച ഒരു സവിശേഷ ശൈലി എന്ന നിലക്ക് ഈ അദൃശ്യകാര്യങ്ങൾ എന്ന പ്രയോഗത്തെക്കുറിച്ച് ആഴത്തിൽ പഠിക്കേണ്ടതുണ്ട്. ഇതിന്റെ യഥാർത്ഥ അർത്ഥവും നിർവ്വചനവും മനസ്സിലാക്കുന്നതിലുണ്ടാവുന്ന വീഴ്ചകൾ മദ്ധ്യകാലഘട്ടത്തിലെ വിവിധ മുസ്‌ലിം ചിന്താ പ്രസ്ഥാനത്തിൽപ്പെട്ട പണ്ഡിതൻമാർക്കിടയിൽ ഉണ്ടായിരുന്ന വാദപ്രതിവാദങ്ങളിൽ സംഭവിച്ചത് പോലെ ഗുരുതരമായ പ്രത്യാഘാതങ്ങളായിരിക്കും സൃഷ്ടിക്കുക. യാതൊരു വിട്ടുവീഴ്ചയുമില്ലാത്ത കടുംപിടിത്തക്കാരായ മുസ്‌ലിം പണ്ഡിതൻമാർ വിശ്വാസ കാര്യത്തിൽ ഒരിക്കലും യുക്തി പ്രയോഗിക്കുവാൻ അനുവദിച്ചില്ല. അവരുടെ അഭിപ്രായത്തിൽ വെളിപാടു സത്യങ്ങൾ സ്വയം പര്യാപ്തമായിരിക്കെ, യുക്തിപരമായ പരിശോധനകളൊന്നും കൂടാതെ തന്നെ അത് സ്വീകരിക്കപ്പെടേണ്ടതാണെന്നാണ്. ഈ വീക്ഷണത്തെ എതിർക്കുന്നവർ എപ്പോഴും യുക്തിയുടെ അധീശത്വത്തിനനുസൃതമായി പ്രവൃത്തിക്കണമെന്ന ഖുർആൻ ആയത്തുകൾ ഉദ്ധരിക്കുന്നു. തീരുമാനമെടുക്കുന്നതിന്റെ ഓരോ ഘട്ടത്തിലും വിശ്വാസത്തിനുമേൽ യുക്തിക്ക് പ്രാമുഖ്യം നൽകണമെന്ന് അവർ വാദിക്കുന്നു.

വിശ്വാസം എന്നാൽ എന്താണ്? ഒരാളുടെ അന്വേഷണ ബുദ്ധിയെ തൃപ്തിപ്പെടുത്താതെ ഒരാൾക്ക് എങ്ങനെ വിശ്വസിക്കാനാവും? എല്ലാ മതങ്ങളിലും ഉൾപ്പെട്ട സാമാന്യ ജനങ്ങളിൽ ഭൂരിഭാഗവും, അവർ വിശ്വസിക്കുന്നതിന്റെ അർത്ഥം ഗ്രഹിക്കാതെയാണ് വിശ്വസിക്കുന്നത് എന്നത് ഒരു യാഥാർത്ഥ്യമാണല്ലോ. അവർ എങ്ങനെയോ വിശ്വസിക്കാനിടയായി. അതുകൊണ്ട് മാത്രമാണ് അവർ വിശ്വാസികളായിരിക്കുന്നത്.

ഒരാൾക്ക് വിശ്വാസവും യുക്തിയും തമ്മിൽ താരതമ്യം ചെയ്ത് നോക്കേണ്ടതിന്റെ ആവശ്യകത അനിവാര്യമായി വരുന്ന ഒരു

പ്രതിസന്ധിഘട്ടമാണിത്.യുക്തിയും വിശ്വാസവും തമ്മിലുള്ള പരസ്പര ബന്ധം ഏത് തരത്തിലുള്ള താണെന്ന് നിർണ്ണയിക്കേണ്ടത് ഇവിടെ ആവശ്യമായി വരുന്നു. യൂറോപ്യൻ തത്ത്വശാസ്ത്രം എന്ന അദ്ധ്യായത്തിൽ ഈ വിഷയം വേണ്ടത് പോലെ ചർച്ച ചെയ്തിട്ടുണ്ട്. അതുകൊണ്ട് വീണ്ടും അതിനെക്കുറിച്ച് ഇവിടെ ചർച്ച ചെയ്യാൻ നാം മുതിരുന്നില്ല. അതുകൊണ്ട് അദൃശ്യം എന്ന പ്രയോഗത്തെക്കുറിച്ച് കൂടുതൽ വിശദമായി ഒരു ധാരണ നാം നേടേണ്ടിയിരിക്കുന്നു.

ഒരു കാര്യം ആദ്യമേ സൂചിപ്പിക്കുവാൻ ആഗ്രഹിക്കുന്നു. ഒരു വസ്തുവിനെക്കുറിച്ച് നാം അറിയുന്നില്ലെങ്കിൽ ആ വസ്തുവിന് അസ്തിത്വം തന്നെയില്ല എന്ന് അർത്ഥമില്ല. അതിന് അസ്തിത്വമുണ്ടായേക്കാം; പക്ഷേ, അത് നമ്മുടെ അജ്ഞതയുടെ തിരശ്ശീലക്ക് പിന്നിൽ മറഞ്ഞിരിക്കുന്നുണ്ടാവാം. പിന്നീട്, മനുഷ്യ ഗവേഷണങ്ങൾ മൂലമോ ദിവ്യ വെളിപാടുകൾ മുഖേനയോ അദൃശ്യത്തിൽ നിന്ന് അവ ദൃശ്യ മണ്ഡലത്തിലേക്ക് കടന്നു വരുന്നു. അദൃശ്യം എന്ന പദം വിപുലമായ അർത്ഥത്തിൽ ദൃശ്യമല്ലാത്തതും കേൾക്കാൻ സാധ്യമല്ലാത്തതുമായ സകലതിനേയും സൂചിപ്പിക്കുന്ന ഒന്നാണ്. മനുഷ്യന്റെ ഇന്ദ്രിയങ്ങളിലൂടെ ഗ്രഹിക്കാൻ സാധിക്കാത്ത സകലതിനേയും സൂചിപ്പിക്കുന്ന പദമാണത്. ഈയർത്ഥത്തിൽ മനുഷ്യന്റെ പഞ്ചേന്ദ്രിയങ്ങൾക്ക് പ്രാപിക്കാൻ കഴിയാത്ത മണ്ഡലത്തിലുള്ള എല്ലാവിധ അസ്തിത്വങ്ങളേയും അദൃശ്യം എന്ന് പറയുന്നു. അദൃശ്യ മണ്ഡലം എപ്പോഴും അപ്രാപ്യമായിത്തന്നെ തുടരണമെന്നില്ല. ഒരു പ്രത്യേക കാലഘട്ടത്തിൽ അവ അപ്രാപ്യമാണെന്നേ അർത്ഥമുള്ളു.

ഭൂതം, വർത്തമാനം, ഭാവി എന്നീ കാലഘട്ടങ്ങളുമായി ബന്ധപ്പെട്ട ഗോചരീയ വസ്തുക്കളെക്കുറിച്ചുള്ള എല്ലാ മറഞ്ഞു നിൽക്കുന്ന ജ്ഞാനങ്ങളും ഈ ഗണത്തിൽപ്പെട്ടവയാണ്. മറ്റൊരു വിധത്തിൽ പറയുകയാണെങ്കിൽ അസ്തിത്വത്തിലുള്ള ഒരു വസ്തുവിനെപ്പറ്റി ഒരു നിശ്ചിത കാലഘട്ടത്തിൽ നാം അറിയുന്നില്ല. മറ്റൊരു കാലഘട്ടത്തിൽ നമുക്കത് അറിയുവാനും സാധിക്കുന്നു. അതുകൊണ്ട് നാം അത്തരത്തിലുള്ള വസ്തുവിലും വിശ്വസിക്കേണ്ടത് ആവശ്യമായി വരുന്നു. ഈ വിശ്വാസത്തെ നമുക്ക് അന്ധവിശ്വാസം എന്ന് പറയുവാൻ സാധിക്കില്ല. അനിഷേധ്യമായ തെളിവുകളുടെ പിൻബലമില്ലാത്ത യാതൊന്നിലും വിശ്വസിക്കുവാൻ ഖുർആൻ വിശ്വാസികളോട് ആവശ്യപ്പെടുന്നില്ല. അതിനാൽ യുക്തി വിചിന്തനത്തിലൂടെയും കാര്യകാരണ ചിന്തകളിലൂടെയും താർക്കിക നിഗമനങ്ങളിലൂടെയും കണ്ടെത്താവുന്ന കാര്യങ്ങൾ മാത്രമാണ് 'അദൃശ്യം' എന്നത് കൊണ്ട് ഉദ്ദേശിക്കപ്പെടുന്നത്. നമ്മുടെ പഞ്ചേന്ദ്രിയങ്ങൾക്ക് നേരിട്ട് അറിയാൻ കഴിയാത്തതും എന്നാൽ, അവയുടെ അസ്തിത്വത്തെ സംബന്ധിച്ച് യാഥാർത്ഥ്യമാണെന്ന് സ്ഥിരീകരിക്കാൻ സാധിക്കുന്നതുമായ അസ്തിത്വത്തെയാണ് അദൃശ്യം എന്ന് നിർവ്വചിക്കപ്പെട്ടിരിക്കുന്നത് എന്ന കാര്യം പ്രത്യേകം ശ്രദ്ധേയമാണ്. അദൃശ്യങ്ങളിൽ വിശ്വസിക്കുക എന്ന ഈ ഖുർആനിക ഉത്തരവിന്നാധാരമായ അടിസ്ഥാന തത്ത്വങ്ങൾ പൂർണ്ണമായും മനുഷ്യന്റെ അനുഭവ ജ്ഞാനം കൊണ്ട് ശക്തമാക്കപ്പെട്ടവ തന്നെയാണ്.

പദാർത്ഥത്തിന്റെ രൂപത്തിലുള്ള വസ്തുക്കളിൽ നല്ലൊരു ഭാഗം നേരിട്ടു പരിശോധിച്ചു തിട്ടപ്പെടുത്തുവാൻ സാധിക്കാത്തവയാണ്. അവയുടെ അസ്തിത്വത്തെക്കുറിച്ചും ഭൗതിക ഗുണങ്ങളെക്കുറിച്ചുമുള്ള ജ്ഞാനം യുക്തിപരമായ നിഗമനങ്ങളിലൂടെയും അതിസങ്കീർണ്ണമായ ഇലക്ട്രോണിക് ഉപകരണങ്ങളുടെ സഹായത്തോടെയും മാത്രമേ നമുക്ക് പരോക്ഷമായി അറിയാൻ സാധിക്കൂ. ന്യൂട്രിനോകളും (Neutrino)* ആന്റീ ന്യൂട്രിനോ(Anti-Neutrino)* കളും എന്താണ്? ദ്രവ്യവും(Matter) പ്രതിദ്രവ്യവും (Anti-Matter)* എന്താണ്? ബോസോണും (Boson)* ആന്റിബോസോണും എന്താണ്? ഈ ചോദ്യങ്ങൾക്കുള്ള ഉത്തരം നേരിട്ടുള്ള പരിശോധനയിലൂടെ ലഭ്യമല്ല. എങ്കിലും അവയുടെ അസ്തിത്വത്തിന്റെ അദൃശ്യലോകം സാർവ്വത്രികമായി അംഗീകരിക്കപ്പെട്ട ഒരു യാഥാർത്ഥ്യമാണ്. മനുഷ്യന്റെ ഇന്ദ്രിയങ്ങളിലൂടെ ലഭിക്കുന്ന അറിവുകൾ സ്വീകരിക്കുകയും അത് മനുഷ്യ മസ്തിഷ്ക്കമാകുന്ന കമ്പ്യൂട്ടറിലൂടെ കണക്ക് കൂട്ടുകയും ചെയ്യുന്നു. ജീവിതത്തിന്റെ പരമമായ സത്തയാണ് മനസ്സ് എന്ന

---

* **ന്യൂട്രിനോ(Neutrino)**: ഒരു പ്രാഥമിക മൗലിക കണം ദുർബല അന്യോന്യ ക്രിയകളിൽ മാത്രം പങ്കെടുക്കുന്നു. സൂക്ഷ്മങ്ങളിൽ വെച്ച് അതിസൂക്ഷ്മമായ ന്യൂട്രിനോയുടെ ദ്രവ്യമാനം പൂജ്യമാണെന്ന് കരുതപ്പെടുന്നു. അതിനാൽ ന്യൂട്രിനോ പ്രകാശവേഗത്തിൽ സഞ്ചരിക്കുന്നതായി ശാസ്ത്ര സമൂഹം വിചാരിക്കുന്നു.(വിവ:)

* **ആന്റീ ന്യൂട്രിനോ** (Antin Neutrino): ന്യൂട്രിനോയുടെ പ്രതിദ്രവ്യം (വിവ:)

* **ബോസോൺ**: പദാർത്ഥങ്ങൾ നിർമ്മിക്കപ്പെട്ട സൂക്ഷ്മമായ ഒരു പ്രാഥമിക കണം. (വിവ:)

* **പതിദ്രവ്യം** (Antimatter): സാധാരണ ദ്രവ്യത്തിൽ നിന്നു വിപരീതമായ ഘടനയും ഗുണവിശേഷങ്ങളും ഉള്ളവയായി വിഭാവനം ചെയ്യപ്പെട്ടിരിക്കുന്ന ദ്രവ്യം. അണുകേന്ദ്രം പ്രോട്ടോൺ ന്യൂട്രോൺ എന്നിവക്ക് പകരം ആന്റി പ്രോട്ടോൺ, പോസിട്രോൺ, ആന്റിന്യൂട്രോൺ എന്നിവയാണ് പ്രതിദ്രവ്യത്തിന്റെ ഘടകങ്ങൾ. അമേരിക്കയിലെ നാസയുടെ കീഴിലുള്ള ക്രോംട്ടൺ ഗാമാറെ ഓബ്സർമേറ്ററി(GRO) 1977ൽ നമ്മുടെ ഗാലക്സിയിൽ പ്രതിദ്രവ്യത്തിന്റെ ഒരു മേഘം(Antimatter Cloud) കണ്ടെത്തുകയുണ്ടായി. പ്രതിദ്രവ്യം നമ്മുടെ ദ്രവ്യവുമായി കൂട്ടിമുട്ടുകയാണെങ്കിൽ ഗാമാരശ്മികൾ ഉൽസർജിച്ച് കൊണ്ട് അവ രണ്ടും അപ്രത്യക്ഷമാവും. അത്തരത്തിലുള്ള ഗാമാരശ്മികളായിരുന്നു GRO കണ്ടെത്തിയത് (വിവ:)

കാര്യം നാമോർക്കേണ്ടതുണ്ട്. മനസ്സ് എന്നത് മസ്തിഷ്ക്കത്തിന്റെ മറ്റൊരു പേരല്ല. അത് മസ്തിഷ്ക്കത്തിനതീതവും മസ്തിഷ്ക്ക പ്രവർത്തനങ്ങളെ സ്വാധീനിക്കുന്നതുമാണ്.

ബോധത്തിന്റെ (പ്രജ്ഞ) ആത്യന്തിക സ്ഥാനമാണ് മനസ്സ്. യുക്ത്യാധിഷ്ഠിതമായ നിഗമനം മനസ്സിന്റെ അത്ഭുതകരമായ കഴിവാണ്. മനസ്സിലേക്ക് വസ്തുതകളൊന്നും നൽകപ്പെടുന്നില്ലെങ്കിലും മനസ്സിന് സാങ്കല്പിക വസ്തുതകളെ അടിസ്ഥാനമാക്കി പ്രവർത്തനം തുടരാൻ സാധിക്കും. മുമ്പേ ശേഖരിക്കപ്പെട്ട വിവരങ്ങൾ അയവിറക്കിക്കൊണ്ട് പ്രവൃത്തിക്കാനുള്ള കഴിവും മനസ്സിനുണ്ട്. തീരുമാനങ്ങൾ കൈക്കൊള്ളുന്നത് മാനസിക തലത്തിലാണ്. മസ്തിഷ്ക്കം ഒരു ഹാർഡ്‌വെയർ ആണ്. ഓർമ്മകളുടെ വെറും ഒരു സംഭരണശാല. എന്നാൽ, മനസ്സിന് അനന്തത, അനശ്വരത തുടങ്ങിയ സാങ്കൽപികവും അതിഭൗതികവുമായ കാര്യങ്ങളെക്കുറിച്ചും ചിന്തിക്കുവാനുള്ള കഴിവുണ്ട്. അറ്റമില്ലാതെ നീണ്ടുപോകുന്ന കാര്യകാരണ പരമ്പരകളുടെ ദുർജ്ഞേയത പരിഹരിക്കാൻ മനസ്സ് ശ്രമിക്കുന്നു. ഒരു പ്രത്യേക വസ്തു എവിടെ നിന്നാരംഭിച്ചു? എല്ലാ തുടക്കങ്ങൾക്കുമപ്പുറത്തെന്ത്? സകല കാരണങ്ങൾക്കും മുമ്പേ ഒരു ആദികാരണമുണ്ടായിരുന്നുവോ? ഉണ്ടായിരുന്നെങ്കിൽ ആ ആദികാരണം സജീവവും സചേതനവുമായിരുന്നുവോ? അതല്ല അത് നിർജീവവും ബോധശൂന്യവുമായിരുന്നോ? ആദികാരണം ബോധശൂന്യവും നിർജ്ജീവവുമായിരിക്കാൻ സാധ്യതയില്ലെന്ന യുക്തിസഹമായ തീരുമാനത്തിലാണ് മനസ്സ് ചെന്നെത്തുന്നത്.

വീണ്ടുമുണ്ടാകുന്ന ചോദ്യങ്ങൾ ഇവയൊക്കെയാണ്. അതായത് മരണത്തിന് ജീവൻ സംജാതമാക്കുവാൻ സാധിക്കുമോ? അബോധാവസ്ഥ സുബോധാവസ്ഥക്ക് ജന്മം നൽകുകയും ചെയ്യുമോ? കേവല മസ്തിഷ്ക്ക പിണ്ഡം കൊണ്ടല്ലാതെ മനസ്സ് കൊണ്ട് മാത്രം ഉത്തരം കണ്ടെത്തേണ്ട വിഷയങ്ങളാണിവ. മനസ്സ് ചിലപ്പോൾ സൈദ്ധാന്തികാഭ്യാസങ്ങളിലൂടെയും മറ്റു ചിലപ്പോൾ വസ്തുതാപരമായ അടിസ്ഥാന വിവരങ്ങൾ സൂക്ഷ്മ പരിശോധന നടത്തിയും നെല്ലും പതിരും വേർതിരിച്ച് യുക്തിയുക്തമായ തീരുമാനം കൈക്കൊള്ളുന്നു. നമുക്ക് ചുറ്റുമുള്ള എല്ലാവിധ വികിരണ തരംഗങ്ങളും (Radiation) ദൃശ്യവത്ക്കരിക്കാൻ നമുക്ക് സാധിക്കും. പക്ഷേ, മനുഷ്യന് ആ വികിരണ തരംഗങ്ങളുടെ സാന്നിദ്ധ്യം അവന്റെ കാഴ്ച, കേൾവി, രുചി, ഗന്ധം അതുമല്ലെങ്കിൽ സ്പർശം എന്നീ ജ്ഞാനേന്ദ്രിയങ്ങളിലൂടെ മനസ്സിലാക്കുവാൻ ഒരിക്കലും സാധ്യമല്ല. അവയെ റേഡിയോവിലൂടെയും ടെലിവിഷനിലൂടെയും ദൃശ്യ ശ്രാവ്യ യോഗ്യമായ കമ്പന സിഗ്നലുകളാക്കി മാറ്റിയാൽ മാത്രമേ നമുക്കവയെ കാണുവാനും കേൾക്കുവാനും സാധിക്കുകയുള്ളൂ. എങ്കിൽ പോലും മനസ്സിന്റെ കഴിവുകൊണ്ടാണ് അന്തിമമായി ഈ വൈദ്യുത കമ്പനങ്ങൾ വിശകലനം ചെയ്ത് ശബ്ദങ്ങളും ചിത്രങ്ങളും ചലചിത്രങ്ങളുമാക്കി മാറ്റുന്നത്. ടെലിവിഷൻ സ്ക്രീനിലെ പരന്ന പ്രതലത്തിൽ നാം കണ്ണുകൊണ്ട് കാണുന്ന ചിത്രരൂപങ്ങൾ മാത്രമല്ല മനുഷ്യമനസ്സ് കാണുന്നത്. കണ്ണ് കാണുന്നതിനേക്കാൾ കൂടുതലായി മനസ്സ് കാണുന്നു. അദൃശ്യമായ പല അർത്ഥങ്ങളും ദൃശ്യരൂപത്തിലേക്ക് മനസ്സ് കൂട്ടി ചേർക്കുന്നു. ആ കാഴ്ച അർത്ഥപൂർണ്ണമായ ഒരു ദൃശ്യമായി ആവിഷ്ക്കരിക്കപ്പെടുന്നതിന് മുമ്പേ തന്നെ മനസ്സാണ് അതിനെ അർത്ഥപൂർണ്ണമാക്കി മാറ്റുന്നത്.

ഇതുവരെ വിവരിക്കപ്പെട്ട ഉപാധികൾക്ക് പുറമെ അദൃശ്യ മണ്ഡലത്തിൽ ഒളിഞ്ഞ് കിടക്കുന്ന ജ്ഞാനങ്ങൾ വെളിപാട് മുഖേനയും പ്രാപ്യമാകുന്നതാണ്. സകല അറിവുകളുടേയും സ്വീകരണ തലമായ മനസ്സിലേക്ക് പഞ്ചേന്ദ്രിയങ്ങളിലൂടേയും വെളിപാടുകൾ എന്ന പ്രതിഭാസത്തിലൂടേയും വിവരങ്ങൾ വിനിമയം ചെയ്യപ്പെടാവുന്നതാണ്. ഇവ രണ്ടും സംയുക്തമായും സ്വതന്ത്രമായും ഒന്ന് മറ്റൊന്നിന് സഹായകമായും വർത്തിക്കുന്നു. ഉദാഹരണമായി നമുക്ക് പഞ്ചേന്ദ്രിയ ജ്ഞാനങ്ങളിലൂടെ ലഭിക്കുന്ന അറിവുകളെ കൂടുതൽ ഉന്നതമായ രീതിയിൽ ഗ്രഹിക്കാൻ വെളിപാടുകൾ സഹായിക്കുന്നു. മനുഷ്യന്റെ എല്ലാ കഴിവുകളേയും പ്രകാശിപ്പിച്ചു കൊണ്ട് കൂടുതൽ ഉന്നതവും സംസ്കൃതവുമായ ഒരു സംവേദനം വെളിപാടുകൾ സാധ്യമാക്കുന്നു. പഞ്ചേന്ദ്രിയങ്ങളിൽ നിന്ന് ലഭിക്കുന്ന സന്ദേശങ്ങളിലെ ദുരൂഹതകളുടെ കുരുക്കഴിക്കാൻ വെളിപാടുകൾക്ക് സാധ്യമാവുന്നു. അത്രയും വ്യക്തമായും സൂക്ഷ്മമായും മറ്റൊരുപാധിയിലൂടെയും അത്തരം സന്ദേശങ്ങളിലെ കുരുക്കഴിക്കാൻ സാധ്യമല്ല. അപ്രകാരം തന്നെ വെളിപാടുകൾ ലഭിക്കുന്ന വ്യക്തിയുടെ പഞ്ചേന്ദ്രിയങ്ങളിലൂടെ ലഭിക്കുന്ന സന്ദേശങ്ങൾ നല്ല പോലെ ഗ്രഹിക്കാൻ വെളിപാടുകൾ സ്വീകർത്താവിനെ സഹായിക്കുന്നു. പഞ്ചേന്ദ്രിയങ്ങൾ തിരിച്ച് ഓർമ്മകളുടെ ശേഖരത്തിൽ നിന്ന് വിവരങ്ങൾ നൽകി വെളിപാടുകൾ മനസ്സിലാക്കാൻ അത് ലഭിക്കുന്നയാളെ സഹായിക്കുന്നു.പഞ്ചേന്ദ്രിയ ജ്ഞാനത്തെ ആശ്രയിക്കാതെ അർത്ഥപൂർണ്ണമായി വെളിപാടുകളെ മനസ്സിലാക്കാൻ സാധ്യമല്ല. എങ്കിലും വെളിപാടുകളിൽ നിന്ന് നേരിട്ടുള്ള സഹായമില്ലാതെ തന്റെ ഭൗതികമായ പരിമിതകൾക്കപ്പുറം പ്രാപിക്കുക എന്നത് മനുഷ്യനെ സംബന്ധിച്ചിടത്തോളം തീരെ അസാധ്യമോ അസംഭാവ്യമോ ആയ കാര്യമല്ല. പക്ഷേ, മനുഷ്യ മനസ്സിന് അതിന്റേതായ പരിമിതികളുണ്ട്. ദൈവിക ജ്ഞാനമണ്ഡലത്തിന് സ്ഥലകാലങ്ങളെ അതിജീവിക്കാനുള്ള കഴിവുണ്ട്. പക്ഷേ മനുഷ്യ ജ്ഞാനത്തിന് അതിന് സാധ്യമല്ല. അതിനാൽ മനുഷ്യ ശക്തിക്കതീതമായ അത്തരം

**ശേഷം പേജ് 33 ൽ**

# സ്വപ്നങ്ങളുടെ അത്ഭുത നിഗൂഢ ലോകം

ഭാവിയുടെ ഗർഭഗൃഹത്തിലുള്ള നിഗൂഢ സംഭങ്ങളെ പറ്റി സ്വപ്നങ്ങളിലൂടെ മനുഷ്യർക്ക് അദൃശ്യലോകത്ത് നിന്നും അറിവ് നൽകപ്പെടുന്നു. ആധുനിക കാലത്ത് ഭൗതിക വിജ്ഞാനങ്ങളുടെ പ്രളയത്തിൽ അതിസൂക്ഷ്മമായി മനസ്സിലാക്കേണ്ട ദൈവിക മാനങ്ങളുള്ള ഈ വിജ്ഞാനശാഖ വിസ്മൃതമായിപ്പോവുകയാണുണ്ടായത്. വാഗ്ദത്ത മസീഹിലൂടെ  സ്വപ്നവ്യഖ്യാന ജ്ഞാനം വീണ്ടും സജീവമാകുകയാണ്. *വിവ: താരിഖ് അലനല്ലൂർ.*

മൗലാനാ ദോസ്ത് മുഹമ്മദ് ഷാഹിദ്

സംഭവങ്ങളുടെ വ്യാഖ്യാനമായി വിശുദ്ധ ഖുർആനിൽ ചിലയിടങ്ങളിൽ പ്രതിപാദിക്കപ്പെട്ട സ്വപ്ന വ്യാഖ്യാനങ്ങൾക്ക് ലോകമതങ്ങളിലെല്ലാം വലിയ സ്ഥാനമാണുള്ളത്. ദൈവിക സന്ദേശങ്ങളും കല്പനകളും സൃഷ്ടികളിലേക്കെത്തിക്കാനും, അതുവഴി അവരിൽ വിവേകവും ജ്ഞാനവും പകരാനുമായി സ്രഷ്ടാവ് ഉപയോഗിക്കുന്ന ഒരു വിശിഷ്ട മാർഗമായാണ് സ്വപ്നങ്ങൾ എന്നാണ് കരുതപ്പെടുന്നത്. പ്രവാചകപിതാവായ ഹദ്റത്ത് ഇബ്രാഹീം നബി (അ), തന്റെ മൂത്തപുത്രനായ ഇസ്മായീലിനെ ബലികൊടുക്കാൻ തീരുമാനിച്ചതും, ദൈവീക കല്പനയനുസരിച്ചുകൊണ്ടു സ്വപിതാവിന്റെ കരങ്ങളാൽ ബലികഴിപ്പിക്കപ്പെടാൻ ഇസ്മായിൽ (അ) തയ്യാറായതുമെല്ലാം ഒരു സ്വപ്നത്തിന്റെ വ്യാഖ്യാന പ്രകാരമായിരുന്നു. അതുപോലെത്തന്നെ, സ്വപ്നങ്ങളാലും അതിന്റെ വ്യാഖ്യാനങ്ങളാലും അലങ്കരിക്കപ്പെട്ട ഒരു ജീവിതം നയിച്ച പ്രവാചകനായിരുന്നു ഹദ്റത്ത് യൂസുഫ് നബി (അ). നമസ്കാരത്തിനായി ജനങ്ങളെ വിളിക്കുന്ന ബാങ്ക് പോലും സ്വപ്നത്തിലൂടെയാണ് ഇസ്ലാമിനു നൽകപ്പെട്ടത്. തന്റെ വിശ്വസ്തരായ 400 സ്വഹാബാക്കളുമായി ഹുദബ്ബിയയിലേക്കുള്ള കഠിനപാത താണ്ടാൻ നബി (സ) യെ പ്രേരിപ്പിച്ചതും ഒരു സ്വപ്നം തന്നെയായിരുന്നു.

### ഒരു അത്ഭുത സംഭവം

ഹസ്റത്ത് ഥാബിത്ത് ബിൻ ഖയിസ് (റ) യമാമ യുദ്ധത്തിലാണ് ശഹീദാക്കപ്പെട്ടത് എന്നതിന്റെ വിശ്വസനീയമായ രേഖകൾ ഇസ്ലാമിന്റെ ചരിത്രതാളുകളിൽ കണ്ടെത്താൻ സാധിക്കും. അദ്ദേഹം വധിക്കപ്പെട്ടതിനുശേഷം, അദ്ദേഹത്തിന്റെ ശരീരത്തിലുണ്ടായിരുന്ന വിലപിടിപ്പുള്ള പടച്ചട്ട എടുത്തുമാറ്റപ്പെട്ടതായി കാണപ്പെടുകയുണ്ടായി.

കുറച്ചു നാളുകൾക്കു ശേഷം, ഒരു സുഹൃത്തിന്റെ സ്വപ്നത്തിൽ അദ്ദേഹം പ്രത്യക്ഷപെടുകയും, താൻ പറയുന്ന കാര്യങ്ങൾ സ്വപ്നത്തിലെ ജൽപനങ്ങളായി കണക്കാക്കാതെ, ഉചിതമായ രീതിയിൽ പ്രവർത്തിക്കേണ്ടതുണ്ടെന്ന് വ്യക്തമാക്കുകയും ചെയ്തു. അദ്ദേഹം തന്റെ സുഹൃത്തിനോട് ഇപ്രകാരം പറഞ്ഞു:

'യുദ്ധക്കളത്തിൽ പോരാടിവീഴുന്ന സമയത്തു ഞാനെന്റെ മനോഹരവും വിലപിടിപ്പുള്ളതുമായ പടച്ചട്ട ധരിച്ചിരുന്നു. എന്നാൽ, എന്റെ മരണശേഷം ഒരാൾ അതെന്നിൽ നിന്നും എടുത്തുകൊണ്ടുപോയി. മുസ്ലിങ്ങളുടെ ക്യാമ്പിനോട് ചേർന്ന് കുതിരകളെ കെട്ടുന്ന പ്രദേശത്തിന് സമീപമാണ് അയാളുടെ സങ്കേതം. അയാളെന്റെ പടച്ചട്ട വലിയൊരു പാത്രത്താൽ മറയ്ക്കുകയും അതിനു മുകളിലായി ഒരു കമ്പിളി വിരിക്കുകയും ചെയ്തിരിക്കുന്നു. താങ്കൾ മുസ്ലിങ്ങളുടെ സൈന്യാധിപനായ ഖാലിദിബ്നു വലീദിനെ സമീപിക്കുകയും, ആ സങ്കേതത്തിൽ നിന്ന് എന്റെ പടച്ചട്ട വീണ്ടെടുക്കാൻ എനിക്കുവേണ്ടി ആവശ്യപ്പെടുകയും ചെയ്യുക. അത് കണ്ടെത്തിയാൽ, നിങ്ങൾ അതുമായി പ്രവാചക ഖലീഫയുടെ അടുക്കൽ പോവുകയും, പടച്ചട്ട വിറ്റുകൊണ്ട് എന്റെ കടങ്ങളെല്ലാം വീട്ടണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്യുക. അതുകൂടാതെ, എന്റെ അടിമയെ ഞാൻ സ്വതന്ത്രനാക്കുകയും ചെയ്യുന്നു. ഇതു വെറുമൊരു സ്വപ്നമായിക്കണ്ടു തള്ളിക്കളയരുതെന്ന് ഞാൻ വീണ്ടും പറയുന്നു.'

സ്വപ്നത്തിൽ നൽകപ്പെട്ട നിർദേശമനുസരിച്ചു അദ്ദേഹം ഖാലിദിബ്നു വലീദിനെ സമീപിക്കുകയും, പടച്ചട്ട തേടി പോവുകയും, സ്വ

പ്നത്തിൽ പറയപ്പെട്ട അതെ സ്ഥലത്തുനിന്ന് അതിനെ വീണ്ടെടുക്കുകയും ചെയ്തു. തുടർന്ന്, ആ സുഹൃത്ത് മദീനയിലേക്ക് പോവുകയും കടങ്ങളെല്ലാം വീട്ടുകയും അടിമയെ സ്വതന്ത്രനാക്കുകയും ചെയ്തു. (അസാലത്തൽ ഖിഫാഅൻ ഖിലാഫത്തുൽ ഖുലഫാ, ഭാഗം 1, ഗ്രന്ഥകർത്താവ് ശാ വലിയുള്ളാഹ് മുഹദ്ദിസ് ഡൽഹി, പ്രസാധകർ: മുഹമ്മദ് സെയിൽസ് ആൻഡ് സൺസ്, ഖുർആൻ മഹൽ, പേജ്: 179180)

## സ്വപ്നങ്ങളുടെ വ്യാഖ്യാനം: ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ വീക്ഷണം

അറിവിന്റെ ഈ ശാഖയെ പുനരുജ്ജീവിപ്പിക്കുന്നതിൽ വാഗ്ദത്ത മസീഹും (അ) അദ്ദേഹത്തിന്റെ അനുയായികളും അതുല്യമായ പങ്കാണ് വഹിച്ചിട്ടുള്ളത്. സ്വപ്നങ്ങളുടെയും സ്വപ്നവ്യാഖ്യാനങ്ങളുടെയും വ്യത്യസ്ത തലങ്ങളിലേക്ക് വെളിച്ചം വീശുന്നവയാണ് അദ്ദേഹത്തിന്റെ വചനങ്ങൾ. വിഷയം വളരെ വ്യക്തവും സ്പഷ്ടവുമാക്കുന്നതിനോടൊപ്പം, ഒട്ടനവധി സ്വപ്നവ്യാഖ്യാനങ്ങൾ നൽകാനും അദ്ദേഹം ശ്രദ്ധിച്ചിട്ടുള്ളതായി കാണാം.

മുൻകാലങ്ങളിലെ മഹാത്മാക്കളാൽ രചിക്കപ്പെട്ട സ്വപ്നവ്യാഖ്യാനഗ്രന്ഥങ്ങളിൽ ചിലതാണ് താഴെ നൽകിയിരിക്കുന്നത്. അവയെല്ലാം തന്നെ വലിയ ശ്രദ്ധപതിയേണ്ട ഗ്രന്ഥങ്ങളാകുന്നു. എന്തെന്നാൽ, അവ വിജ്ഞാനത്തിന്റെയും വിവേകത്തിന്റെയും യഥാർത്ഥ നിധികളെയാണ് പ്രതിനിധീകരിക്കുന്നത്.

- മുൻതഖിബൽ കലാം അല്ലാമ ഇബിനിസിറീൻ
- തഅബീർ അറോയ അസ്സഗീർ അല്ലാമ അബ്ദുൽ ഘനി നബ്ലസീ
- തഅത്തീറൽ അൻആം അബുൽ ഫസൽ ഹുസനൈബ്നു ഇബ്രാഹീം തല്ലെസി
- കാമിലുത്തഅബീർ അല്ലാമ ജാബിർ മഗ്രബി
- കിത്താബ് ഇർഷാദ് അല്ലാമ ഇബ്രാഹീം കിർമാനി
- കിതാബ് ദസ്ത്തൂർ അല്ലാമ ഇസ്മായിൽ ബിൻ അശഅത്ത്
- കിതാബ് തഅബീർ അല്ലാമ ഹാഫിസിബ്നു ഇസ്ഹാഖ്
- മിൻഹാജു തഅബീർ അല്ലാമ ഖാലിദ് അസ്ഫഹാൻ

അറിവിന്റെ അമൂല്യനിധികൾ സമ്മാനിച്ചു കടന്നുപോയ ഈ മഹാത്മാക്കളോട് എല്ലാ തലമുറകളും കടപ്പെട്ടിരിക്കുന്നു. സ്വപ്നത്തിന്റെ ഭാഷയിൽ ദൈവഗൃഹമായ കഅബയാൽ വിശേഷിപ്പിക്കപ്പെടുന്ന' യഥാർത്ഥ ഖിലാഫത്തി'നെ, ഭൗതിക ഭരണാധികാരികളും അവരുടെ അനുയായികളും നിഷേധിക്കുകയും, അന്ധകാരം പടർന്നു തുടങ്ങുകയും ചെയ്ത സന്ദർഭത്തിൽ, ആകാശീയ വിജ്ഞാനത്തിന്റെ വിളക്ക് കെടാതെ സൂക്ഷിക്കാൻ ആ മഹാത്മാക്കളാൽ സാധിക്കുകയുണ്ടായി. എന്നാൽ, മധ്യകാലഘട്ടത്തിലെ നവോത്ഥാനചിന്തകൾ പൊതുകാഴ്ചപ്പാടിൽ ഉണ്ടാക്കിയ വിപ്ലവകരമായ മാറ്റങ്ങൾ കണ്ടില്ലെന്ന് നടിക്കാൻ ഒരു ചരിത്രകാരനും സാധ്യമല്ല. രാഷ്ട്രീയവിപ്ലവങ്ങളും, ഫ്യൂഡൽ സംവിധാനങ്ങളുടെ ഉന്മൂലനവും, ജനാധിപത്യ കാഴ്ചപ്പാടിൽ കൈവന്ന മാറ്റങ്ങളുമെല്ലാം മിക്ക വിജ്ഞാനശാഖകളിലും ആഴത്തിലുള്ള താല്പര്യം സൃഷ്ടിച്ചു. എല്ലാ ചിന്താരീതികളും അതനുസരിച്ചു സ്വാധീനിക്കപ്പെട്ടു. പഴയ ധാരണകളും തത്വങ്ങളുമെല്ലാം ബാലിശങ്ങളായി കണക്കാക്കപ്പെടുകയും, മതപരമായ ചിന്താരീതികളിൽ പലതിനും പ്രാധാന്യം നഷ്ടപ്പെടുകയും ചെയ്തു.

ദൈവസന്ദേശം കൊണ്ടുവരികവഴി സ്രഷ്ടാവായ ദൈവം ജീവിച്ചിരിക്കുന്നുവെന്നു ലോകത്തെ ഉൽബോധിപ്പിക്കാനും, മനുഷ്യപുനരുജ്ജീവനം സാധ്യമാക്കുന്ന ഖുർആനികാധ്യാപനങ്ങളെ വീണ്ടെടുക്കാനും, സ്വപ്നങ്ങളും അവയുടെ വ്യാഖ്യാനങ്ങളും അടങ്ങിയ വിജ്ഞാനശാഖയെ പുനരുജ്ജീവിപ്പിക്കാനും, തന്റെ ആത്മീയാനുഭവങ്ങളിലൂടെ അവയെ ശാസ്ത്രവുമായി ബന്ധിപ്പിക്കാനുമെല്ലാം പ്രാപ്തിയുള്ള ഒരു വിശുദ്ധ പരിഷ്കർത്താവിനായി ലോകം മുറവിളി കൂട്ടിക്കൊണ്ടിരുന്ന സമയമായിരുന്നു അത്.

ദൈവീകപ്രതാപത്തിന്റെ അടയാളമേന്നോണം ദൈവീകചിഹ്നങ്ങൾ നല്കപ്പെടുകയും ജ്ഞാനത്താലും വിവേകത്താലും ജ്വലിക്കുകയും ചെയ്യുന്ന ഒരു സന്ദേശവാഹകനെ അയച്ചുകൊണ്ട് നമ്മെ തൃപ്തിപ്പെടുത്തിയ മഹാനായ ദൈവത്തോട് നാം അഗാധമായി കടപ്പെട്ടിരിക്കുന്നു. മുൻകാല പ്രവാചകന്മാരാൽ ലോകത്തിനു വാഗ്ദത്തം ചെയ്യപ്പെട്ട മസീഹായ ഹദ്റത്ത് അഹ്മദ് (അ), വിശുദ്ധ ഖുർആന്റെയും ഹദ്റത്ത് മുഹമ്മദ് മുസ്തഫ (സ) യുടെയും യഥാർത്ഥാധ്യാപനങ്ങളെ പുനരുജ്ജീവിപ്പിക്കുകയുണ്ടായി. സ്വപ്നവ്യാഖ്യാനജ്ഞാന ശാഖക്ക് ഒരു പുതുജീവൻ അദ്ദേഹം പ്രദാനം ചെയ്തു. ഈ വിഷയത്തിന്റെ പ്രാധാന്യത്തിന് ഊന്നൽ നൽകുകയും അതിന്റെ പല വശങ്ങളെയും വിശദീകരിക്കുകയും മാത്രമല്ല അദ്ദേഹം ചെയ്തത്. മറിച്ച്, ദൈവനിയോഗിതരായ പ്രവാചകന്മാരെയും മഹാത്മാക്കളെയും വരവേൽക്കാനും സ്വീകരിക്കാനും മനുഷ്യനെ സജ്ജമാക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടി മനുഷ്യനിൽ അന്തർലീനമാക്കപ്പെട്ടിട്ടുള്ള ഒന്നാണ് സ്വപ്നമെന്നും അദ്ദേഹം പഠിപ്പിക്കുകയുണ്ടായി. വിവിധ തരത്തിലുള്ള സ്വപ്നങ്ങളെ വേർതിരിച്ചു മനസ്സിലാക്കാനും അദ്ദേഹം നമ്മെ പഠിപ്പിച്ചു.

ഈ ദൈവീകജ്ഞാനശാഖയാൽ പ്രത്യേകം അനുഗ്രഹിക്കപ്പെട്ട വാഗ്ദത്ത പരിഷ്കർത്താവായ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ), സ്വപ്നങ്ങളെപ്പറ്റിയുള്ള നബിപാഠങ്ങൾ നമുക്ക് പൂർണമായും വിശദീകരിച്ചുതന്നു. 1917 ലെ വാർഷിക ജലസ സലാനയെ അഭിസംബോധന ചെയ്തു കൊണ്ടു അദ്ദേഹം ഇപ്രകാരം പറഞ്ഞു: 'ഈ ജ്ഞാനം (സ്വപ്നവ്യാഖ്യാനം), മനസും ആത്മാവുമായി നേരിട്ടു ബന്ധപ്പെട്ടു കിടക്കുന്നതാണ്. ദൈവമനുഗ്രഹിച്ചാൽ, ഈ വിഷയത്തെ ആസ്പദമാക്കി ഒരു ഗ്രന്ഥം രചിക്കണമെന്ന് ഞാനുദ്ദേശിക്കുന്നു. പഴയ ഗ്രന്ഥങ്ങ

ളിലെ രീതികൾ കാലഹരണപ്പെട്ടവയും പുതുക്കപ്പെടേണ്ടവയുമാണ്. ബാഹ്യരൂപത്തിൽ മനസിലാക്കാൻ ബുദ്ധിമുട്ടുള്ള ആകാശീയ സൂചനകളാണ് സ്വപ്നങ്ങൾ. അവ ഏകാത്മകതയില്ലാത്തവയും പിണഞ്ഞു കിടക്കുന്നവയുമാണ്. എന്നാൽ അവയെ വേർതിരിച്ചാൽ പൊരുത്തം ദൃശ്യമാകുന്നു. അതിനാൽ, ഇവയെ ഇണക്കി ചേർക്കേണ്ട കടമ വ്യാഖ്യാതാവിൽ നിക്ഷിപ്തമാണ്. സ്വപ്ന വ്യാഖ്യാനമെന്ന വിജ്ഞാനശാഖയിൽ ഒരുപാട് മാറ്റങ്ങൾ വന്നുചേർന്നിട്ടുണ്ടെന്ന് വാഗ്ദത്ത മസീഹും (അ) അദ്ദേഹത്തിന്റെ ഒന്നാം ഖലീഫയും പ്രസ്താവിച്ചിട്ടുണ്ട്. (അൽ ഫസൽ, 19 ജൂൺ 1922). ഈ വിജ്ഞാനശാഖയിൽ തല്പരരായവർക്ക് ഫലമെടുക്കാൻ കഴിയുന്ന ഒരുപാട് കാര്യങ്ങൾ തന്റെ വിശുദ്ധ ഖുർആൻ വ്യാഖ്യാനമായ തഫ്സീറെ കബീറിൽ, അൽ സൽസാൽ എന്ന അധ്യായം വിശദീകരിക്കുമ്പോൾ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) പറഞ്ഞുവെച്ചിട്ടുണ്ട്.

### അത്ഭുതവും നിഗൂഢതയും

സ്വപ്നത്തെ ഒരു നിഗൂഢ കലയായി വിശേഷിപ്പിച്ച വാഗ്ദത്ത മസീഹ് (അ), ഈ വിഷയത്തിലെ ഒട്ടനവധി സങ്കീർണതകൾക്കുള്ള പരിഹാരം നിർദ്ദേശിച്ചിരുന്നു. അദ്ദേഹം ഇപ്രകാരം പറയുന്നു:

'വരാനിരിക്കുന്ന ലോകത്തെ പോലെയാണ് സ്വപ്നലോകം. സ്വപ്നങ്ങളിലും അതിലടങ്ങിയ നിഗൂഢതകൾക്കും, അതിൽ പ്രകൃതി ഒളിപ്പിച്ചു വെച്ചിട്ടുള്ള അത്ഭുതങ്ങൾക്കും, ഈ പ്രതിഭാസം പ്രത്യക്ഷമാകുന്ന രീതികൾക്കുമെല്ലാം വരാനിരിക്കുന്ന ലോകവുമായി ഒരുപാട് സാമ്യമുള്ളതായി കാണാം. സ്വപ്നലോകത്തെ, വരാനിരിക്കുന്ന ലോകത്തിന്റെ ഛായാച്ചിത്രമെന്ന് ഒരുവൻ വിശേഷിപ്പിച്ചേക്കാം. അതുകൊണ്ടു തന്നെയാണ് പ്രകൃതത്തിലും ഭാവത്തിലും ഘടകങ്ങളിലുമെല്ലാം സാമ്യത നിറഞ്ഞ സഹോദരങ്ങളായി മരണവും സ്വപ്നവും കണക്കാക്കപ്പെടുന്നത്. വെളിപാടിന്റെയോ ഉൾപ്രചോദനത്തിന്റെയോ സഹായമില്ലാതെ ഭാവി ലോകത്തിന്റെ രഹസ്യങ്ങളിലേക്ക് എത്തിനോക്കാൻ സ്വപ്നങ്ങളുടെ ലോകം സഹായിക്കുന്നു. അതിനാൽ, വരും ലോകത്തിലെ സംഭവവികാസങ്ങളെ പറ്റിയുള്ള ജ്ഞാനം സ്വായത്തമാക്കാൻ ആഗ്രഹിക്കുന്ന ബുദ്ധിമാന്മാർ, സ്വപ്നങ്ങളിലെ സംഭവ വികാസങ്ങളെ പറ്റി ചിന്തിക്കുകയും അവയെ സസൂക്ഷ്മം നിരീക്ഷിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്. ഒരു വിചിത്രമായ മാറ്റത്തിന് ശേഷം പ്രത്യക്ഷപ്പെടുന്ന സ്വപ്നാവസ്ഥയെ പോലെ തന്നെ പരലോകത്തും അവസ്ഥകൾ പരിവർത്തനം ചെയ്യപ്പെടുന്നു. (സുർമ ചശ്മയെ ആര്യ, പേജ്:159)

1902 ഒക്ടോബർ 13ന്, പതിവുപോലെ തന്റെ അനുയായികളുമൊത്ത് പ്രഭാതസവാരി നടത്തുകയായിരുന്ന വാഗ്ദത്ത മസീഹി (അ)നോട്, തങ്ങളുടെ സ്വപ്നങ്ങളെ കുറിച്ചു പറഞ്ഞ സ്വഹാബികൾക്ക് ഇപ്രകാരം മറുപടി ലഭിക്കുകയുണ്ടായി:

'ഭൂതകാലത്തെ തകർക്കാനും മനസ്സിന് മാറ്റം കൊണ്ടുവരാനും വേണ്ടി അസത്യത്തിന്റെ ശക്തികളിൽ നടന്നുകൊണ്ടിരിക്കുന്ന തയ്യാറെടുപ്പുകളുടെ ഒരു നേർക്കാഴ്ചയാണ് സ്വപ്നങ്ങൾ. സ്വപ്നലോകം എന്നാൽ അത്ഭുതങ്ങളുടെ ലോകമാണ്. അസ്തിത്വമില്ലാത്ത കാര്യങ്ങൾക്ക് അസ്തിത്വം കൈവരികയും, അസ്തിത്വമുള്ളവയ്ക്ക് അത് നഷ്ടമാവുകയും, ഏറ്റവും വിചിത്രമായ മാറ്റങ്ങൾ അനുഭവസ്ഥമാവുകയും ചെയ്യുന്നു.' (മൽഫൂസാത്ത്, വാല്യം 3, പേജ്: 437438)

മുകളിൽ പ്രതിപാദിച്ച അത്ഭുതങ്ങളിൽ ചിലതുമാത്രം ചുരുക്കി വിവരിക്കുന്നതാണ്.

വാഗ്ദത്ത മസീഹ് (അ) പറയുന്നു:

'സ്വപ്നങ്ങളെപ്പറ്റി പരിജ്ഞാനമില്ലാത്തവർ വ്യാഖ്യാനങ്ങളിൽ സംശയം പ്രകടിപ്പിക്കുമ്പോൾ, ഈ മേഖലയിൽ ജ്ഞാനമുള്ളവർ ഉപമയുടെയും പ്രതിഛായയുടെയും അണിയറയിൽ പ്രദർശിപ്പിക്കപ്പെടുന്ന ഈ നിഗൂഢസത്യങ്ങളെ പറ്റി വ്യക്തതയുള്ളവരായിരിക്കും.'

മുസ്‌ലിമിൽ അനസി(റ) ൽ നിന്ന് വന്നൊരു നിവേദനം ഇപ്രകാരമാണ്: 'ഒരിക്കൽ, നബി (സ), തന്റെ അനുയായിയായ അഖ്ബാ ബിൻ റാഫിയുടെ ഭവനത്തിൽ ഇരിക്കുന്നതായി സ്വപ്നത്തിൽ കണ്ടു. റത്താബിബ്നു തആബിന്റെ പേരിൽ അറിയപ്പെട്ടിരുന്ന ഈന്തപ്പഴം ഒരാൾ ഒരു പാത്രത്തിൽ കൊണ്ടുവരികയുണ്ടായി. ഈ ഇനത്തിലുള്ള ഈന്തപ്പഴം അവിടെ കൊണ്ടുവന്നതും നട്ടുവളർത്തിയതും അദ്ദേഹമായത് കൊണ്ടാണ് ആ ഈന്തപഴത്തിന് അദ്ദേഹത്തിന്റെ പേര് ലഭിച്ചത്. ഈ ലോകത്തും പരലോകത്തും തന്റെ അനുയായികൾ അഭിവൃദ്ധിനേടുമെന്നും, വിശ്വാസത്തിന്റെ മാധുര്യത്താൽ അനുഗ്രഹിക്കപ്പെടുമെന്നുമാണ് ഈ സ്വപ്നത്തിന്റെ വ്യാഖ്യാനമെന്ന് നബി (സ) പറയുകയുണ്ടായി. റാഫി എന്നത് അല്ലാഹുവിന്റെ ഗുണനാമങ്ങളിലൊന്നായതുകൊണ്ട്, അഖ്ബ എന്ന പദത്തിൽ നിന്നും ആഖിബത്ത് എന്ന അർഥമാണ് നബി (സ) അനുമാനിച്ചെടുത്തത്. തആബ് എന്നാൽ സമൃദ്ധിയെന്നുമാണർത്ഥം. ഈ രീതിയിൽ അവിടുന്ന് അതിനെ വ്യാഖ്യാനിക്കുകയും, തന്റെ അനുയായികൾക്കുള്ള സന്തോഷവർത്തയായി അതിനെ പ്രഖ്യാപിക്കുകയും ചെയ്തു.' (മക്തൂബാത്ത് അഹ്മദിയ്യ: വാല്യം 1, പേജ് 19.

സ്വഹീഹ് മുസ്‌ലിം:സ്വപ്നങ്ങളുടെ ഗ്രന്ഥം)ഒരുപാട് നാളത്തെ സ്ഥിരചിതതയുടെയും ഉദ്ദേശശുദ്ധിയുടെയും ഫലമായാണ് ദൈവീകരായ ആളുകൾക്ക് ഈ ജ്ഞാനവും ഉൾക്കാഴ്ചയും ലഭിച്ചതെന്ന് വ്യക്തമാണ്. അതിനാലാണ്, വാഗ്ദത്ത മസീഹ് (അ) ഇപ്രകാരം പ്രസ്താവിച്ചത്:

'ആയിരക്കണക്കിന് ടൺ ഭാരമുള്ള ഭൂമിയുടെ ഉപരിതലത്തിന്റെ പാളികൾക്കടിയിലൂടെ ശുദ്ധജലത്തിന്റെ പ്രവാഹമുണ്ടെന്ന് യാതൊരു ശ

ങ്കയുമില്ലാതെ നാം വിശ്വസിക്കുന്നുണ്ടെങ്കിലും, അതിലേക്കെത്തിച്ചേരണമെങ്കിൽ വലിയ പ്രയത്നവും ഖനനവും ചെയ്യേണ്ടതായി വരുന്നു. സ്വപ്നസൂചനകളെ ഇതിനോട് താരതമ്യപ്പെടുത്താവുന്നതാണ്. സ്വയം സഹായിക്കുന്നവരെ ദൈവവും സഹായിക്കുന്നു. നിഷ്കളങ്കതയോടും സഹനത്തോടും കൂടി പരിശ്രമിക്കുക എന്നതാണ് ദൈവത്തെ പ്രാപിക്കാനുള്ള വിജയമന്ത്രം.' നമ്മുടെ കാര്യത്തിൽ പരിശ്രമിക്കുന്നവരാരോ, അവരെ തീർച്ചയായും നാം നമ്മുടെ മാർഗങ്ങളിൽ നയിക്കുന്നതാണ്.' (മൽഫൂസാത്ത്, വാല്യം 8, പേജ്: 46)

'ഇമാമിന്റെ ആവശ്യകത' എന്ന ഗ്രന്ഥത്തിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) ഇപ്രകാരം വിശദീകരിക്കുന്നു:

വാഗ്ദത്ത മസീഹി (അ) ന്റെ ആവിർഭാവം സ്വപ്നങ്ങളുടെയും ദർശനങ്ങളുടെയും ശൃംഖലയാൽ അനുഗമിക്കപ്പെടുകയും, അത് ആത്മീയ ഭൗതിക ലോകങ്ങളുടെ ഉണർവിനു കാരണമാവുകയും ചെയ്യുന്നതാണ്.

വാഗ്ദത്ത മസീഹ് (അ) തുടർന്ന് വിശദീകരിക്കുന്നു:

'ലോകത്ത് ഏതെങ്കിലും ഇമാമുസ്സമാൻ അഗതനാകുമ്പോൾ ആയിരക്കണക്കിന് ആത്മീയ പ്രകാശങ്ങൾ അദ്ദേഹത്തോടൊപ്പം വന്നെത്തുന്നു. ആകാശത്തിൽ ഒരു തരം ആഹ്ലാദത്തിമിർപ്പ് രൂപമെടുക്കുകയും ആത്മീയത പരന്നും ആത്മീയ പ്രകാശം ഉണ്ടായും സത്പാത്രങ്ങൾ ഉണരുകയും ചെയ്യുന്നു. അപ്പോൾ ഇൽഹാമിന്റെ യോഗ്യത നേടിയവർക്ക് ഇൽഹാമുകൾ ലഭിച്ചു തുടങ്ങുകയും, വിചാരശീലവും ആലോചനാശക്തിയും മുഖേന മതസേവനം നടത്തുന്നവരിൽ ചിന്താശക്തിയും യുക്തിബോധവും വർധിക്കുമാറാവുകയും ചെയ്യുന്നു. ആരാധനകളിൽ തല്പരരായിരിക്കുന്നവർക്ക് ആരാധനയിൽ അധികമായ അഭിരുചി നൽകപ്പെടുകയും, മറ്റു സമുദായക്കാരുമായി വിവാദങ്ങളിലും സംവാദങ്ങളിലും ഏർപ്പെടുന്നവർക്ക് യുക്തിവൈഭവവും ന്യായപൂർത്തിക്കുള്ള കഴിവുകളും പ്രദാനം ചെയ്യപ്പെടുകയും ചെയ്യുന്നു. ഇതെല്ലാംതന്നെ യഥാർത്ഥത്തിൽ ഇമാമുസ്സമാന്റെ പ്രാദുർഭാവത്തോടെ സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങുന്നതും യോഗ്യതയുള്ള ഹൃദയങ്ങളിൽ അവതരിക്കുന്നതുമായ ആത്മീയതയുടെ വ്യാപനത്തിന്റെ ഫലമാണ്. ഇത് വിശുദ്ധ ഖുർആനിൽ നിന്നും സ്വഹീഹായ ഹദീസുകളിൽ നിന്നും നമുക്ക് മനസ്സിലാക്കാൻ കഴിഞ്ഞ പൊതുവായ നിയമവും ദൈവീകമായ ചട്ടവുമാകുന്നു. അനുഭവങ്ങൾ ഇതിനെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

വാഗ്ദത്ത മസീഹിന്റെ കാലത്ത് ഇതിനേക്കാളെല്ലാം വർദ്ധിച്ച നിലയിലുള്ള വിശേഷങ്ങൾ വെളിപ്പെടുന്നതാണ്. അത് എന്താണെന്ന് വെച്ചാൽ പൂർവ പ്രവാചകന്മാരുടെ ഗ്രന്ഥങ്ങളിലും നബിതിരുമേനിയുടെ ഹദീസുകളിലും എഴുതപ്പെട്ടിട്ടുള്ളത് പ്രകാരം വാഗ്ദത്ത മസീഹിന്റെ ആവിർഭാവകാലത്ത് ആത്മീയ പ്രകാശത്തിന്റെ പ്രസരണം അത്യധികം വർദ്ധിക്കുകയും അത് മൂലം സ്ത്രീകൾക്കുപോലും ഇൽഹാം ലഭിക്കുമാറാകുകയും പൂർണവളർച്ചയെത്തിയിട്ടില്ലാത്ത കുട്ടികൾക്ക് കൂടിയും വെളിപാടുണ്ടാകുകയും ചെയ്യും. സാധാരണക്കാർ തന്നെ റൂഹുൽഖുദ്സ് മുഖേന സംസാരിക്കും; ചുമരിന്മേൽ സൂര്യന്റെ പ്രതിഫലനം പ്രത്യക്ഷപ്പെടുമ്പോൾ, അത് പ്രകാശിതമായിത്തീരുന്നതുപോലെ, വാഗ്ദത്ത മസീഹിന്റെ ആത്മീയ ശേഷി മുഖേനയാണ് ഇതെല്ലാം സംഭവിക്കുമാറാകുന്നത്.' (ഇമാമിന്റെ ആവശ്യകത, ഒന്നാം പതിപ്പ്, പേജ് 1112)

മുകളിൽ പറഞ്ഞ യാഥാർത്ഥ്യത്തെ എളുപ്പത്തിൽ തെളിയിക്കാവുന്നതാണ്. അഹ്മദിയ്യത്തിന്റെ വളർച്ചയിലും അഭിവൃദ്ധിയിലും സ്വപ്നങ്ങളും ദർശനങ്ങളും വഹിച്ച പങ്ക് വളരെ വലുതാണ്. മസീഹി (അ) ന്റെ കാലം മുതൽ ഇന്നു വരെ സ്വപ്നങ്ങളുടെയും ദർശനങ്ങളുടെയും സഹായത്തോടുകൂടി അഹ്മദിയ്യത്ത് സ്വീകരിച്ച ഒട്ടനവധി സംഭവങ്ങൾ നമുക്ക് ചരിത്രരേഖകളിൽ നിന്ന് കണ്ടെത്താൻ സാധിക്കും.

1. 'ആദർശവാനായ ഋഷിവര്യൻ' എന്നറിയപ്പെട്ടിരുന്ന അഭിവന്ദ്യ പണ്ഡിതനായ റാശിദുദ്ദീൻ എന്നിവരോട്, ഒരു സ്വപ്നദർശനത്തിലൂടെ പ്രത്യക്ഷപ്പെട്ട ഹദ്റത്ത് മുഹമ്മദ് നബി (സ), മസീഹി (അ)നെ പറ്റി ഇപ്രകാരം പറയുകയുണ്ടായി: അദ്ദേഹം നമ്മിൽ നിന്നുള്ള ആളും നമ്മുടെ സ്നേഹത്തിൽ മുഴുകിയിരിക്കുന്നവനുമാകുന്നു. അദ്ദേഹം സത്യവാനാകുന്നു. അദ്ദേഹം സത്യവാനാകുന്നു. അദ്ദേഹം സത്യവാനാകുന്നു.' സിന്ധിലും ബോംബെയിലും കാത്യവാർ പ്രദേശങ്ങളിലുമായി പരന്നുകിടക്കുന്ന ഒട്ടനവധി ശിഷ്യന്മാർ ആദിവ്യനുണ്ടായിരുന്നു. അദ്ദേഹത്തിൽ നിന്നും രേഖമൂലമുള്ള സ്ഥിരീകരണം ലഭിച്ച ശിഷ്യന്മാരിൽ ഒരാളായ ഹദ്റത്ത് സേട്ട് ഇസ്മായിൽ ആദം, 1896 ലെ ജൂലൈയിലോ ഓഗസ്റ്റിലൊ വാഗ്ദത്ത മസീഹിന് ബൈഅത്ത് ചെയ്യുകയുണ്ടായി. (അൽഫസൽ: 01.12.1931)

2. വാഗ്ദത്ത മസീഹി (അ) നെയും അദ്ദേഹത്തിന്റെ സവിശേഷതകളെയും രൂപഭാവങ്ങളെയും ഹദ്റത്ത് പീർ സിറാജുൽ ഹഖ് നുഅ്മാനിക്ക് സ്വപ്നത്തിലൂടെ കാണിക്കപെടുകയുണ്ടായി. (അസ്ലി മുസഫ, പേജ് 184185)

3. 'അർജെഹുൽ മതാലിബ് ഫിമനാഖിബ് അസദുല്ലാഹുൽ ഗാലിബ്' എന്ന ഗ്രന്ഥത്തിന്റെ കർത്താവായ ഹദ്റത്ത് മൗലാനാ ഉബൈദുല്ലാഹ് ബിസ്മിൽ, ഒരു ദർശനത്തിൽ ഇമാം ഹുസൈൻ (റഹ്) യെ കാണുകയുണ്ടായി. ഒരു ചരിഞ്ഞ പ്രദേശത്തിരിക്കുകയായിരുന്ന ഇമാം ഇപ്രകാരം പറഞ്ഞു: 'പോവുക, ഞാൻ വന്നെന്ന് മിർസാ സാഹിബിനെ അറിയിക്കുക.' അടുത്ത ദിവസം രാവിലെത്തന്നെ അദ്ദേഹം വാഗ്ദത്ത മസീഹി (അ) ന്റെ പക്കൽ പോവുകയും ബൈഅത്ത് ചെയ്തുകൊണ്ട് അഹ്മദിയ്യാ പ്രസ്ഥാനത്തിൽ പ്രവേശിക്കുകയും ചെയ്തു. (തുടരും)

# പ്രതികാരം!

എച്ച്. എസ്. കാവശ്ശേരി

അന്നും സഹാബാക്കൾ ഒത്തു ചേർന്നു
വന്ദ്യ ഗുരുവിൻ ചാരത്തു നിന്നു
കാതു കൂർപ്പിച്ചവർ നിൽക്കയല്ലൊ
മാധുര്യമുത്തുകളുതിരുമല്ലൊ!

'വല്ലൊരപരാധമെന്നിൽ നിന്നും
വല്ലോർക്കുമെങ്ങാനുമേറ്റുവെങ്കിൽ
ആർക്കുമതിന്നു പകരമിപ്പോൾ
തീർക്കാമവരിങ്ങു വന്നുകൊൾവിൻ'

ആരിതു ചൊല്ലുന്നു തൻ സഖാക്കൾ
ജീവനുതുല്യം സ്നേഹിച്ച പൂമാൻ!
നോവിച്ചതില്ലൊരുറുമ്പിനേയും
സേവിച്ചതേയുള്ളു സർവരേയും!

'നാളെ നാം രക്ഷിതാവിന്നുമുന്നിൽ
നാണിച്ചു നിൽക്കേണ്ടി വന്നുകൂടാ;
തെറ്റുകളിന്നേ തിരുത്തിടുന്ന
തുത്തമമാണെന്നറിഞ്ഞു കൊൾക'

മൂകരായ് നില്പു സഖാക്കൾ ചുറ്റും
നോവുകയാണിന്നവർക്കു ചിത്തം
വേർപാടടുത്തുവെന്നുള്ള സത്യം
ഓർമപ്പെടുത്തുന്നോ ദൂതർ നിത്യം!

മന്ദമൊരാളതാ മുന്നിൽ വന്നു
വന്ദ്യ ഗുരുവിനോടോതിടുന്നു:

'അന്നൊരു നാളിലത്തൃക്കരത്താൽ
എന്നുദരത്തിൽ നോവേറ്റിരുന്നു.

നഗ്നമാമെൻ മേനിയിങ്കലാണാ
മർദ്ദനമേറ്റതുമോർത്തിടുന്നു.
അവ്വിധം തന്നെ പ്രതിക്രിയയ്ക്കു
സമ്മതമങ്ങെനിക്കേകിയാലും'

അസ്വസ്തരായി സഹാബി വൃന്ദം
അക്രമാസക്തരായൊന്നടങ്കം
നന്ദികേടോതുമ ധിക്കാരിയെ
കൊന്നിടാൻ പോലുമവർ സുസജ്ജം!

എങ്കിലും വന്ദ്യ ഗുരുവരന്റെ
ഇംഗിതത്തിന്നാരെതിരു നിൽക്കാൻ!
വാരുറ്റ മേനിയിൽ പീഢയേറ്റു
വാങ്ങാനൊരുങ്ങിക്കഴിഞ്ഞു ദൂതർ!
കുപ്പായമപ്പുണ്യ മെയ്യിൽ നിന്നു
മേല്പോട്ടുയർത്തിക്കഴിഞ്ഞുവല്ലൊ!

പെട്ടെന്നണഞ്ഞതാ ഭക്ത ശിഷ്യൻ
കെട്ടിപ്പിടിച്ചു മുകർന്നിടുന്നു!
'ആർക്കു പ്രതികാരമങ്ങയോടു
തീർക്കണ'മെന്നയാൾ തേങ്ങിടുന്നു!
'വിട്ടും പിരിയും മുമ്പപ്പൂമെയ്യിൽ
മുത്തമർപ്പിക്കാൻ കൊതിച്ചിരുന്നു'!

കോപിച്ചു നിന്നവർ കാഴ്ച കണ്ടു
ഖേദിച്ചു കണ്ണീരണിഞ്ഞു നിന്നു.
'സാധിച്ചതില്ലല്ലൊ നമ്മൾക്കിതു
ചോദിച്ചുവാങ്ങാന'സൂയ പൂണ്ടു!

ശിഷ്യ ജനങ്ങളാലിത്ര മാത്രം
സ്നേഹിക്കപ്പെട്ടൊരാളങ്ങുമാത്രം!
വർഷിച്ചിടട്ടെയനുഗ്രഹങ്ങൾ
അർശിൽ നിന്നങ്ങയിലേറ്റമേറ്റം!

# ജോർദാൻ ഒരു ചരിത്രഭൂമി

ഖലീഫ ഉമർ (റ) ന്റെ കാലത്ത് ഇസ്‌ലാമിന്റെ കീഴിൽ വന്ന ജോർദ്ദാൻ പൗരാണിക ചരിത്രങ്ങളുടെ വിസ്മയകരമായ രംഗഭൂമിയാണ്. സഞ്ചാര ചരിത്രകാരനായ ലേഖകൻ ജോർദ്ദാനെ പറ്റി എഴുതുന്നു.

എ. ക്യു. മഹ്ദി

പശ്ചിമേഷ്യൻ മേഖലയിൽ ഉൾപ്പെടുന്ന ഒരു അറബ് രാജ്യമാണ് ജോർദാൻ. 92300 ച.കി.മീറ്റർ മാത്രം വിസ്തീർണ്ണമുള്ള ഈ രാജ്യത്തെ ജനസംഖ്യ 60 ലക്ഷം മാത്രം. ഇസ്ലാം മതത്തിലെ സുന്നി വിഭാഗത്തിൽപെട്ടവർക്കു ഭൂരിപക്ഷമുള്ള ഒരു ദേശമാണിത്. 92% മുസ്ലീംകളും 6% ക്രിസ്ത്യാനികളും ഇവിടെ ജീവിക്കുന്നു. തലസ്ഥാനം അമ്മാൻ. ഭരണഘടനാസൃത രാജവാഴ്ചയാണ് നടക്കുന്നത്. ജോർദാനിയൻ ദിനാർ ആണ് നാണയം. കേവലം 505 കിലോമീറ്റർ നീളമുള്ള ഒരു റെയിൽവേ ലൈൻ ആണ് രാജ്യത്ത് ആകെയുള്ളത്. 7300 കി.മീറ്റർ റോഡും. അൽ അഖാബ എന്നൊരു തുറമുഖമുണ്ട്. രാജ്യത്തെ ആകെക്കൂടിയുള്ള ഒരുവൻ നഗരം, തലസ്ഥാനമായ അമ്മാൻ ആണ്.

ജോർദാനും, ജോർദാൻ നദിയും - ഈ രണ്ടു പേരുകളും ബൈബിളിൽ പലതവണ കാണാം. സ്നാപക യോഹന്നാൻ യേശുക്രിസ്തുവിനെ ജ്ഞാനസ്നാനം ചെയ്യിച്ചത് ജോർദാൻ നദിയിലാണെന്നാണു വിശ്വാസം. പശ്ചിമേഷ്യയിൽ ഒരു വലിയ പ്രദേശത്തെ ഫലഭൂയിഷ്ഠമാക്കുന്ന ജോർദാൻ നദിക്കു കിഴക്കു ഭാഗത്താണ് ജോർദാൻ ദേശത്തിന്റെ കിടപ്പ്. നൂറ്റാണ്ടുകളുടെ ചരിത്രമുണ്ടെങ്കിലും ആധുനിക ജോർദാൻ രാഷ്ട്രത്തിന് ആറു പതിറ്റാണ്ടു പഴക്കമേയുള്ളൂ. അറബ്-ഇസ്രയേൽ തർക്കങ്ങൾക്കും, രക്തരൂക്ഷിതമായ പോരാട്ടങ്ങൾക്കും സാക്ഷിയായിരുന്ന ജോർദാൻ, പ്രായേണ ഇന്നു ശാന്തമാണ്, ജോർദാൻ നദിപോലെ. നാം മാധ്യമങ്ങളിൽ വായിക്കാറുള്ള ഒരു സ്ഥലപ്പേരാണ് വെസ്റ്റ് ബാങ്ക്. ജോർദാൻ നദിയ്ക്കു പടിഞ്ഞാറൻ കരയ്ക്കാണ് വെസ്റ്റ് ബാങ്ക് എന്നു പറയുന്നത്. ആ കരപ്രദേശത്തിനു വേണ്ടിയുള്ള യുദ്ധങ്ങൾ പശ്ചിമേഷ്യ ഒന്നാകെ, ഒരു നീണ്ടകാലം അശാന്തി വിതച്ചിരുന്നു. അതിന്റെ ഭാഗമായ പാലസ്തീൻ പ്രശ്നമാകട്ടെ, ഇന്നും ശരിയായ പരിഹാരമില്ലാതെ തുടരുകയും ചെയ്യുന്നു.

വടക്കു സിറിയയും, വടക്കു കിഴക്കു ഇറാക്കും കിഴക്കും തെക്കും സൗദി അറേബ്യയും, പടിഞ്ഞാറ് ഇസ്രായേലും ഒപ്പം പലസ്തീൻ പ്രദേശങ്ങളുമാണ് ജോർദാന്റെ അതിർത്തികൾ. രാജ്യത്തിനുള്ളിൽ, പടിഞ്ഞാറൻ അതിർത്തിയിൽ ചാവുകടലിന്റെ (Dead Sea) തീരം ജോർദാനു സ്വന്തമായുണ്ട്. ഇതിന്റെ മറുകരയാകട്ടെ, ഒരു കാലത്ത് ബദ്ധശത്രുക്കളായിരുന്ന ഇസ്രായേലിന്റെ വകയും. ഭൂരിഭാഗം സ്ഥലവും ഊഷരമായ മരുഭൂമി കൊണ്ടു നിറഞ്ഞ ജോർദാൻ, ക്രിസ്തുവിനു രണ്ടായിരം വർഷം മുമ്പുതന്നെ വിവിധ ജനവിഭാഗങ്ങളുടെ ആവാസകേന്ദ്രമായിരുന്നു.

കഴിഞ്ഞ നാലായിരം വർഷങ്ങൾക്കിടയിൽ ഈജിപ്റ്റുകാർ, ഇസ്രായേലുകാർ, ഇറാക്കിൽ നിന്നുള്ള അസീറയന്മാർ, പേർഷ്യക്കാർ, ഗ്രീക്കുകാർ, റോമക്കാർ, അറബിമുസ്ലിങ്ങൾ തുടങ്ങി, മദ്ധ്യകാലം മുതൽ ബ്രിട്ടീഷ്കാർ വരെ ജോർദാനിൽ അധിനിവേശം നടത്തുകയും, പാർപ്പുറപ്പിക്കുകയും ചോരപ്പുഴയൊഴുക്കുകയും ചെയ്തിരുന്നു.

ഐക്യരാഷ്ട്രസഭയുടെ പൂർവ രൂപമെന്നു പറയാവുന്ന ലീഗ് ഒഫ് നേഷൻസാണ് ഈ പ്രദേശത്തിന്റെ ഭരണം ഒരിക്കൽ ബ്രിട്ടനു നൽകിയത്. വാഗ്ദത്തഭൂമിയായ ഇസ്രായേലിനു വേണ്ടി ജൂതർ നടത്തിയ പ്രക്ഷോഭവും, അതിനെതിരേ തങ്ങളുടെ ജന്മഭൂമി വിട്ടുകൊടുക്കാനാവില്ലെന്ന പാലസ്തീൻകാരുടെ നിലപാടും ജ്വലിച്ചുനിന്ന ആ സമയത്ത്, പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ചുമതലയായിരുന്നു ബ്രിട്ടന്. 1922-ൽ, ജോർദാൻ നദിക്കു കിഴക്കുള്ള പലസ്തീൻ പ്രദേശങ്ങളെല്ലാം ചേർത്ത് ബ്രീട്ടീഷ് നിയന്ത്രിത സ്വയം ഭരണമുള്ള ട്രാൻസ് ജോർദാൻ അറബ് എമിറേറ്റ് സ്ഥാപിച്ചു. 1946 മെയ് 22 -ന് ട്രാൻസ് ജോർദാൻ കരാർ അവസാനിച്ചു. അങ്ങനെ, മെയ് 25 ന് ഹാഷ്മൈറ്റ് കിങ്ങ്ഡം ഒഫ് ജോർദാൻ സ്വതന്ത്രരാജ്യമായി മാറി. എന്നാൽ 1948 മേയിൽ ഇസ്രായേൽ രാജ്യം രൂപവത്കരിച്ചതിനെ ജോർദാൻ ശക്തമായി എതിർത്തു. ഇസ്രായേലിനെതിരേ അറബി രാജ്യങ്ങൾ നടത്തിയ യുദ്ധത്തിൽ ജോർദാനും പങ്കുചേർന്നു. 1949 ഏപ്രിൽ മൂന്നിനുണ്ടായ സമാധാന

ഉടമ്പടി പ്രകാരം വെസ്റ്റ് ബാങ്കിന്റെ നിയന്ത്രണം ജോർദാനു ലഭിച്ചു. ജോർദാൻ നദിക്ക് പടിഞ്ഞാറും ചാവുകടലിനു വടക്കുപടിഞ്ഞാറു മായുള്ള മേഖലയാണ് വെസ്റ്റ് ബാങ്ക്. 5879 കി.മീറ്റർ വിസ്തൃതിയുള്ള ജോർദാനിലെ പ്രധാന നഗരമാണ് ജെറിക്കോ. 97 ശതമാനവും പലസ്തീനിയൻ അറബികൾ വസിക്കുന്ന ഈ പ്രദേശം എന്നും പശ്ചിമേഷ്യൻ പ്രശ്നത്തിന്റെ കേന്ദ്രബിന്ദുവാണ്. 1950-ൽ ജോർദാൻ വെസ്റ്റ് ബാങ്കിനെ സ്വന്തം രാജ്യത്തോടു കൂട്ടിച്ചേർത്തു. എന്നാൽ, ലോകരാജ്യങ്ങളിൽ ബ്രിട്ടനും പാകിസ്ഥാനും മാത്രമേ ഇതിനെ അംഗീകരിച്ചുള്ളൂ. 1967-ൽ അറബി രാജ്യങ്ങളും ഇസ്രായേലും തമ്മിൽ വീണ്ടും യുദ്ധം പൊട്ടിപ്പുറപ്പെട്ടപ്പോൾ സിറിയ, ഈജിപ്റ്റ്, ഇറാഖ് എന്നിവയ്ക്കൊപ്പം ചേർന്ന് ജോർദാനും ഇസ്രായേലിനെ ആക്രമിച്ചു. പക്ഷേ, 'ആറു നാൾ യുദ്ധം' എന്നറിയപ്പെടുന്ന ഈ പോരാട്ടത്തിൽ ഇസ്രയേൽ ജയിച്ചു. വെസ്റ്റ് ബാങ്കും, ജറുസലേമും ജോർദാനു നഷ്ടപ്പെടുകയും ചെയ്തു. പിന്നീട് 1988-ൽ ജോർദാൻ വെസ്റ്റ് ബാങ്കിന്മേലുള്ള എല്ലാ അവകാശവാദവും ഉപേക്ഷിച്ചു. 1994-ൽ ഇസ്രയേലുമായി ഉണ്ടാക്കിയ കരാറനുസരിച്ച് ജറൂസലേമിലെ പുണ്യസ്ഥലങ്ങളിൽ ജോർദാനു പങ്കാളിത്തം ലഭിച്ചു. വെസ്റ്റ്ബാങ്കിനെ ഇസ്രയേൽ അധിവേശ പ്രദേശമായാണ് ഇപ്പോഴും ഐക്യരാഷ്ട്രസഭ പരിഗണിച്ചിട്ടുള്ളത്. പക്ഷേ, അവിടം ഇസ്രയേലിന്റെ കൈവശമാണെന്ന താണ് യാഥാർത്ഥ്യം.

'ആറുനാൾ യുദ്ധം' വെസ്റ്റ് ബാങ്കിലേതുൾപ്പടെയുള്ള പലസ്തീൻ ജനതയുടെ ജീവിതം കഷ്ടതരമാക്കി. സ്വന്തം മാതൃഭൂമി ഇസ്രയേലിന്റെ കൈവശമായതോടെ ആ മുസ്ലിം ജനത അഭയാർത്ഥികളായി ജോർദാനിലേയ്ക്കു പ്രവഹിച്ചു. നാലു ലക്ഷത്തോളം പലസ്തീൻ അഭയാർത്ഥികളാണ് ജോർദാനിലെത്തിയത്. അവർക്കിടയിൽ ഫിദായീൻ എന്ന പ്രതിരോധ പ്രസ്ഥാനം ശക്തിപ്രാപിച്ചു. ഇസ്രയേലിനെ തുരത്തി പലസ്തീൻ പ്രദേശം തിരിച്ചു പിടിക്കാൻ ശ്രമിച്ച ഫിദായിനുകൾ സായുധരായിരുന്നു. ഇത് ജോർദാനു തന്നെ ഒരിക്കൽ ഭീഷണിയായപ്പോൾ സർക്കാർ കടുത്ത നിലപാടു സ്വീകരിച്ചു. 1970-ൽ ഫിദായീനും ജോർദാനും തമ്മിൽ ഏറ്റുമുട്ടലുകളുണ്ടായി. ഇതേ തുടർന്ന് ഒട്ടേറെ പലസ്തീൻ വിമോചന പ്രസ്ഥാനങ്ങളെ ജോർദാൻ രാജ്യത്തു നിന്നു പുറത്താക്കി.

പലസ്തീൻ തീവ്രവാദികളും ജോർദാൻ സേനയും തമ്മിലുള്ള യുദ്ധം മൂർച്ഛിച്ചതോടെ ഫിദായിനുകളെ സഹായിക്കാൻ സിറിയയുടെ ടാങ്ക് സൈന്യം ജോർദാനിൽ പ്രവേശിച്ചുവെങ്കിലും അവർക്കു പിൻവാങ്ങേണ്ടി വന്നു. 1970 സെപ്റ്റംബർ 22 -ന് അറബി രാജ്യങ്ങളുടെ വിദേശ മന്ത്രിമാർ കെയ്റോയിൽ സമ്മേളിച്ച് പിറ്റേന്നു മുതൽ വെടി നിർത്തലുണ്ടാക്കിയെങ്കിലും അക്രമം തുടർന്നു. 'കറുത്ത സെപ്റ്റംബർ' എന്നാണ് ഈ ഘട്ടം ചരിത്രത്തിൽ അറിയപ്പെടുന്നത്.

1971-ജൂണിൽ ജോർദാൻസേന ഫിദായിനുകളെ പൂർണ്ണമായും രാജ്യത്തു നിന്നും പുറത്താക്കി.

ഇനിയാണ്, ലോകം മുഴുവൻ അറിയപ്പെടുന്ന യാസർ അരാഫത്തിന്റെ രംഗപ്രവേശം. അരാഫത്തിന്റെ നേതൃത്വത്തിലുള്ള പലസ്തീൻ ലിബറേഷൻ ഓർഗനൈസേഷൻ അഥവാ PLO മാത്രമാണ് പലസ്തീൻ ജനതയുടെ ഔദ്യോഗിക പ്രതിനിധികളെന്ന് 1974-ൽ മറ്റ് അറബി രാജ്യങ്ങളോടൊപ്പം ജോർദാനും അംഗീകരിച്ചു. 1994-ൽ അമേരിക്കയും റഷ്യയും മുൻകൈയ്യെടുത്ത് ഇസ്രയേലും അറബി രാജ്യങ്ങളും തമ്മിലുള്ള ശത്രുത തീർക്കാൻ നടത്തിയ മാഡ്രിഡ് സമ്മേളനത്തിൽ സിറിയ, ലെബനൻ, പലസ്തീൻ പ്രതിനിധികൾ എന്നിവരോടൊപ്പം ജോർദാനും പങ്കെടുത്തു. ഇതെത്തുടർന്ന് ജോർദാൻ ഇസ്രയേലുമായി സമാധാനത്തിലെത്തി. 1990/91-ലെ ഗൾഫ് യുദ്ധത്തിലും ജോർദാൻ പങ്കെടുത്തില്ല. ആഗോള മതഭീകര സംഘടനയായ അൽ ഖയ്ദയുടെ നേതാക്കളിലൊരാളായ അബു മുസബ് അൽ സർഖാവിയുടെ ജന്മസ്ഥലവും ജോർദാനാണ്.

വല്ലാത്തൊരു ഭൂപ്രകൃതിയാണ് ജോർദാനിലേത്. രാജ്യത്തിന്റെ തെക്കുഭാഗത്ത് ചെങ്കടലിലേക്ക് പ്രവേശനം നൽകുന്ന അഖാബാ ഉൾക്കടലിന്റെ 26 കിലോമീറ്റർ തീരമൊഴിച്ചാൽ മറ്റു ഭാഗങ്ങളെല്ലാം അയൽ രാജ്യങ്ങളാൽ വലയം ചെയ്യപ്പെട്ടതായാണ് ജോർദാന്റെ നില. ശരിക്കു പറഞ്ഞാൽ ബൈബിളിലും ഖുർആനിലും വ്യക്തമായ നിലയിൽ പരാമർശിക്കപ്പെട്ടിട്ടുള്ള ജോർദാൻ താഴ്വരയും ചാവുകടലും ജോർദാന്റെ അനുഗ്രഹങ്ങളാണ്. 3300 അടി ഉയരമുള്ള പീഠപ്രദേശമാണ് ജോർദാന്റെ ഭൂരിഭാഗവും. ജോർദാൻ നദിയുടെ കിഴക്കൻ കരയായ ഈസ്റ്റ് ബാങ്കിലെ മിക്കഭാഗവും മരുഭൂമിയാണ്. സിറിയൻ അഥവാ വടക്കേ അറേബ്യൻ മരുഭൂമിയുടെ ഭാഗം തന്നെയാണിത്. വളരെ കുറച്ചു മഴ മാത്രമേ ഇവിടെ ലഭിക്കുന്നുള്ളൂ. കിഴക്കൻകരയുടെ പടിഞ്ഞാറ് ഉയരമുള്ള കുന്നിൻ പ്രദേശങ്ങളാണ്. 3000 അടിവരെ പൊക്കമുള്ള മലകൾ ഇവിടെ കാണാം. എന്നാൽ വടക്കുഭാഗത്ത്, 3800 അടി ഉയരമുള്ള മലകളാണെങ്കിൽ 5000 അടിവരെ ഉയരം പേറുന്ന മലകളും ഇവിടെ ധാരാളമായുണ്ട്. ഈ പ്രദേശത്തെ ഏറ്റവും ഉയരമുള്ള മല ജബൽറമ്മ് ആണ്. ഉയരം 5600 അടിയാണ്.

നൈൽ നദിയെപ്പറ്റി കേട്ടിരിക്കും. ഈജിപ്റ്റിന്റെ അനുഗ്രഹമായാണ് അതറിയപ്പെടുന്നത്. ലോകത്തെ ഏറ്റവും ദൈർഘ്യമേറിയ നദിയും നൈൽ തന്നെ.

അതുപോലെ ജോർദാൻ നദി, ജോർദാനെ പോലെ, അയൽരാജ്യമായ ഇസ്രയേലിനും ജീവദായകമാണ്. ലെബനനിൽ നിന്ന് ഉത്ഭവി

ക്കുന്ന രണ്ടുമൂന്നു നദികൾ ഒരുമിച്ചു ചേർന്നാണ് ജോർദാൻ നദി രൂപംകൊള്ളുന്നത്. വേദഗ്രന്ഥങ്ങളിൽ പരാമർശിക്കുന്ന ജോർദാൻ താഴ്‌വാരത്തിനു 380 കിലോമീറ്റർ നീളമാണുള്ളത്.

പരസ്പര വിരുദ്ധമായ കാലാവസ്ഥയാണ് ജോർദാനിൽ അനുഭവപ്പെടുന്നത്. വളരെ ചുരുങ്ങിയ ഒരു മഴക്കാലവും, ബാക്കി മാസങ്ങളിൽ കടുത്ത വരൾച്ചയുമാണുള്ളത്. വെസ്റ്റ്ബാങ്കിൽ ആകെ പെയ്യുന്ന മഴയുടെ അളവുകേട്ടാൽ നാം കേരളീയർ അത്ഭുതപ്പെട്ടുപോകും, ഒരു വർഷം 120 മില്ലിമീറ്ററിൽ താഴെ. ഓഗസ്റ്റിലാണ് ഏറ്റവും കടുത്ത ചൂട്. വരണ്ട കാലാവസ്ഥയും, അതികഠിനമായ ചൂടും, വിദേശ സഞ്ചാരികൾക്ക് മോശമല്ലാത്ത പ്രശ്നം സൃഷ്ടിക്കുന്നുണ്ട്. എങ്കിലും പൗരാണിക പ്രാധാന്യമുള്ള ഒരു സ്ഥലമെന്ന നിലയ്ക്ക്, ഒരു വേദ ഭൂമിയെന്ന നിലയ്ക്ക്, ഏതു കഠിന കാലാവസ്ഥയിലും വിദേശ ടൂറിസ്റ്റുകൾ ഇവിടേക്ക് പ്രവഹിക്കുന്നുണ്ട്.

വളരെ പരിമിതമായ പ്രകൃതി വിഭവങ്ങൾ മാത്രമുള്ള ജോർദാനെ ഇടത്തരം വരുമാനമുള്ള ചെറുരാജ്യമായാണ് ലോകബാങ്ക് ഗണിച്ചിട്ടുള്ളത്. ജലലഭ്യതയുടെ കുറവാണ് ജോർദാനെ അലട്ടുന്ന പ്രധാന പ്രശ്നം. ഊർജ്ജാവശ്യങ്ങൾക്ക് മറ്റു രാജ്യങ്ങളെയാണ് ജോർദാൻ ആശ്രയിക്കുന്നത്. തുണിത്തരങ്ങളാണ് പ്രധാന കയറ്റുമതി.

ലോകമെങ്ങും Dead Sea എന്ന പേരിലറിയപ്പെടുന്ന ചാവുകടലിനെപ്പറ്റി കൂടി, അൽപ്പം വിശദമായി തന്നെ മനസ്സിലാക്കണം, പഠിച്ചിരിക്കണം. അതുകൂടി തീർന്നാൽ, ജോർദാന്റെ ചരിത്ര വിശേഷങ്ങളിൽ നിന്നും മോചനം നേടി, യഥാർത്ഥ യാത്രാവിവരങ്ങളിലേക്ക് കടന്നു വരാം. ഈ മൂന്നാലു പേജുകളിലൂടെ, ജോർദാന്റെ ചരിത്രം വളരെ ചുരുക്കിയാണ് ഞാൻ അവതരിപ്പിച്ചിട്ടുള്ളത്.

ഇസ്രയേൽ, പലസ്തീൻ, ജോർദാൻ, യാസർ അരാഫത്ത്, വെസ്റ്റ് ബാങ്ക് എന്നൊക്കെ പത്രങ്ങളിൽ വായിച്ചു മാത്രം പരിചയമുള്ള ലോകത്തുള്ള ഓരോരുത്തരും തീർച്ചയായും ഈ പേരുകളുടെ ചരിത്രം മനസിലാക്കിയിരിക്കണം. അതിനുള്ള ഒരു അസുലഭ അവസരമാണ്, ഈ ജോർദാൻ വിശേഷങ്ങളിലൂടെ കൈവന്നിരിക്കുന്നതെന്നോർക്കണം.

പുതിയ കാലത്തെ രാജ്യങ്ങളുടെ യുദ്ധക്കൊതിയും, രാസ/അണു ആയുധങ്ങളും മൂലം ഒരു പക്ഷേ, ലോകം തന്നെ നശിച്ച്, നമ്മുടെ ഭൂമി ഊഷര പ്രദേശമായി മാറാനുള്ള സാധ്യത ഇന്ന് കാണാനുണ്ട്. ആധുനിക ശാസ്ത്രജ്ഞരും അങ്ങനെ വിലയിരുത്തുന്നുണ്ട്. ഓരോ രാജ്യവും ശേഖരിച്ചു വച്ചിരിക്കുന്ന അണ്വായുധങ്ങളുടെ കേവലം ഒരു ശതമാനം മാത്രം പ്രയോഗിച്ചാൽ മതി, ഭൂമിയിലെ ജീവജാലങ്ങളൊക്കെ ഭസ്മമായിത്തീരും. പിന്നീട് നാമൊന്നും ഉണ്ടാവില്ല. അതിനുള്ള സാധ്യത അതിവിദൂരവുമല്ല എന്നു തോന്നുന്നു.

അങ്ങനെ, നിർണ്ണായകമായി ത്തീരാവുന്ന അത്തരമൊരു ലോക അവസ്ഥയ്ക്ക് വഴിമരുന്നിടുവാൻ പ്രാപ്തരായ ചില ചെറിയ രാജ്യങ്ങളെപ്പറ്റിയാണ് ഞാൻ പറഞ്ഞുവന്നത്. ഇസ്രായേലും, ജോർദാനുമൊക്കെ അങ്ങനെയുണ്ടാകാവുന്ന ഒരു ദുരന്തത്തിനു കാരണക്കാരായി കൂടായ്കയുമില്ല. അതിനാൽ, ഈ രാജ്യ ചരിത്രങ്ങളൊക്കെ, ചുരുങ്ങിയ നിലയിലെങ്കിലും, നാമൊക്കെ മനസ്സിലാക്കിയിരിക്കണം. ഈജിപ്റ്റും, ജോർദാനും, ഇസ്രായേലും, പലസ്തീനും സമീപസമയത്ത് നേരിൽ പോയി സന്ദർശിച്ചതിന്റെ നേർക്കാഴ്ചകളുടെ തീരെ ചെറിയൊരു ഭാഗമാണ് ഇത്.

**ചാവുകടൽ അഥവാ DEAD SEA**

ജോർദാന്റെ ചരിത്രഭാഗങ്ങളിലെ ചാവുകടൽ അഥവാ Dead Sea യെപ്പറ്റിയുള്ള വിവരങ്ങളാണ് ഇനിയുള്ള കുറച്ചു വരികളിലൂടെ അനാവരണം ചെയ്യാൻ പോകുന്നത്.

ഭൂമിയുടെ ഉപരിതലത്തിലെ ഏറ്റവും താഴ്ന്ന സ്ഥലമാണീ ചാവുകടൽ. ഇസ്രായേലിലെ വെസ്റ്റ്ബാങ്കിനും ജോർദാനുമിടയ്ക്ക് കിടക്കുന്ന ചാവുകടൽ യഥാർത്ഥത്തിൽ വലിയൊരു ഉപ്പുജല തടാകമാണ്. 67 കിലോമീറ്റർ നീളവും 18 കിലോമീറ്റർ വീതിയും, ഏറ്റവും ആഴത്തിൽ സമുദ്രനിരപ്പിനെക്കാൾ 760 അടി താഴ്ചയുമുള്ള ചാവുകടൽ ആയിരക്കണക്കിനു വർഷങ്ങളായി അനേകം പേരെ ആകർഷിച്ചിട്ടുണ്ട്. മറ്റു കടലുകളെക്കാൾ വളരെ ഉയർന്ന ലവണാംശമുള്ളതിനാൽ ചാവുകടലിൽ ജലജീവികളില്ല. ചാവുകടൽ എന്ന പേരുണ്ടായതും അങ്ങനെതന്നെ. സൂക്ഷ്മജീവികൾപോലും ഇല്ല എന്നതാണു യാഥാർത്ഥ്യം. ജലസാന്ദ്രത കൂടുതലായതിനാൽ മനുഷ്യർ ആ ജലത്തിൽ മുങ്ങിപ്പോവുകയില്ല. സമുദ്രസ്നാനത്തിനിടയിൽ തന്നെ മലർന്നു കിടന്നു പത്രം വായിക്കുന്നവരെ ചാവുകടലിൽ കാണാം.

ചാവുകടലിന്റെ അൽപ്പം ഭൂമിശാസ്ത്രം കേൾക്കാം. തുർക്കിയിലെ തോറസ് പർവതനിര മുതൽ തെക്കൻ ആഫ്രിക്കയിലെ സാംബസി താഴ്‌വര വരെ വ്യാപിച്ചിട്ടുള്ള 6000 കിലോമീറ്റർ നീളമുള്ള 'ഗ്രേറ്റ് റിഫ്റ്റ് വാലി'യിലാണ് ചാവുകടലിന്റെ സ്ഥാനം. മയോസിൻ യുഗത്തിൽ അറേബ്യൻ ഖണ്ഡം ആഫ്രിക്കൻ ബന്ധത്തിൽ നിന്നും അകന്നു മാറിയതിന്റെ ഫലമായാണ് ഗ്രേറ്റ് റിഫ്റ്റ് വാലി രൂപപ്പെട്ടത്. ലോകത്തെ മറ്റെല്ലാ കടലുകളിൽനിന്നും വ്യത്യസ്ഥമാണ് ചാവുകടലിന്റെ ധാതുഘടന. 53%-മഗ്നീഷ്യം ക്ലോറൈഡും, 37% പൊട്ടാഷ്യം ക്ലോറൈഡും, 8% സോഡിയം ക്ലോറൈഡും (അതായത് ഉപ്പ്) ചേർന്ന ഘടനയാണ് ഈ കടൽ ജലത്തിനുള്ളത്. ഈ ക്ലോറൈഡുകൾ വെള്ളത്തിലെയും പരിസരങ്ങളിലെയും കാൽസ്യം അയോണുകളെ ന്യൂട്രലൈസ്

ചെയ്യുന്നു. മറ്റു കടലുകളിലെ ഉപ്പിൽ 97% സോഡിയം ക്ലോറൈഡ് ആണ്. എന്നാൽ ചാവുകടലിൽ അത് 18 ശതമാനമേയുള്ളൂ. എന്നാൽ ഇവിടത്തെ ലവണ സാധ്യത 31.5% ആണ്. ചാവുകടലിലെ കുളി, ചർമ്മ രോഗ ശമനത്തിനു കാരണമാവുന്നു.

ഇനി ചാവുകടലിന് മതപരമായും, വിശ്വാസപരമായും വലിയൊരു ചരിത്രമുണ്ട്. ആ വിശ്വാസം തികച്ചും ഐതിഹ്യപരമെന്നു വിശ്വസിക്കുന്നവരും ഉണ്ട്. ബൈബിളിലും ഖുർആനിലും പരാമർശിക്കുന്ന സോദോം, ഗൊമോറ എന്നീ നശിപ്പിക്കപ്പെട്ട പട്ടണങ്ങൾ ചാവുകടലിന്റെ തെക്കുകിഴക്കൻ തീരത്തായിരുന്നുവെന്നു കരുതപ്പെടുന്നു. ആ നഗരത്തിലെ ജനങ്ങൾ മുഴുവൻ അധാർമ്മികതയിൽ മുഴുകി ജീവിച്ചപ്പോൾ, അവരെ നേർവഴിക്കു നടത്താൻ ദൈവം ഒരു പ്രതിനിധിയെ, ഒരു പ്രവാചകനെ അയച്ചു. അദ്ദേഹത്തിന്റെ വാക്കുകൾ കേൾക്കാൻ തയ്യാറാവാത്ത ആ ജനത, ആ പുണ്യപുരുഷനെയും അമിതമായി അപമാനിക്കാൻ തുനിഞ്ഞപ്പോൾ യഹോവ അഥവാ ദൈവം, ആ ദേശത്തെ ജനങ്ങൾക്ക് മുന്നറിയിപ്പോടെ നൽകിയ കടുത്ത ശിക്ഷയുടെ ഫലമായി, ജനങ്ങൾ മുഴുവൻ കൊല്ലപ്പെടുകയും ചെയ്തു എന്നാണ് പുരാണ ചരിത്രം. കീഴ്മേൽ മറിക്കപ്പെട്ട ആ കടുത്ത ഭൂകമ്പത്തിൽ, ഭൂമിയുടെ മുകൾ നില താഴ്ന്നും, താഴ്ഭാഗം മേൽഭാഗത്തുമായി രൂപം കൊണ്ടതാണീ ചാവുകടൽ എന്നാണ്, ഈ വിശ്വാസം വിശദീകരിക്കുന്നത്.

ചാവുകടലിലെ അതിശയകരമായ വെള്ളത്തെപ്പറ്റി അരിസ്റ്റോട്ടിലും എഴുതിയിട്ടുണ്ട്. ക്ലിയോപാട്ര രാജ്ഞി ഈ തീരത്ത് സൗന്ദര്യ വർദ്ധക വസ്തു നിർമ്മാണശാലകൾ സ്ഥാപിച്ചിരുന്നുവത്രെ. ചാവുകടലിൽ നിന്നു വേർതിരിച്ചെടുത്തിരുന്ന കന്മദം മമ്മികൾ ഒരുക്കാനായി ഈജിപ്റ്റുകാർ ഉപയോഗിച്ചിരുന്നു. ഹെറോദ് രാജാവ് ചാവുകടലിന് ചുറ്റും കൊട്ടാരങ്ങൾ നിർമ്മിച്ചിട്ടുണ്ട്. സ്നാപക യോഹന്നാൻ, യേശുക്രിസ്തു എന്നിവരുടെ ജീവിതവുമായും ചാവുകടലിനു ബന്ധമുണ്ട്. രാസവ്യവസായങ്ങൾക്കും ചാവുകടൽ ജലം ഉപയോഗിക്കുന്നു. പൊട്ടാഷ്, കാസ്റ്റിക് സോഡ, മഗ്നീഷ്യം, സോഡിയം ക്ലോറൈഡ് എന്നിവ, ഇസ്രായേലും ജോർദാനും ഈ കടൽവെള്ളം ഉപയോഗിച്ച് നിർമ്മിക്കുന്നുണ്ട്.

വന്നുചേരുന്ന വെള്ളത്തിന്റെ അളവു കുറയുന്നതിനാൽ അതിവേഗം ചുരുങ്ങി വരികയാണ് ചാവുകടൽ. ജോർദാൻ നദിയിലെ വെള്ളം കൃഷിക്കും മറ്റാവശ്യങ്ങൾക്കുമായി കൂടുതൽ ഉപയോഗിക്കുന്നതിനാലാണ് കടലിലേയ്ക്കുള്ള ശുദ്ധജലത്തിന്റെ ഒഴുക്കു കുറയുന്നത്. മധ്യധരണ്യാഴിയിലോ, ചെങ്കടലിൽ നിന്നുമോ കനാലുകൾ വഴി ചാവുകടലിലേയ്ക്കു വെള്ളം കൊണ്ടുവരികയാണ് അതിനെ രക്ഷിക്കാനുള്ള ഒരു മാർഗ്ഗം. ഈ പദ്ധതിയെക്കുറിച്ചു പഠിക്കാൻ 2000 മെയ് ഒമ്പതിന് ജോർദാനും ഇസ്രയേലും പലസ്തീൻ അതോറിറ്റിയും ചേർന്ന് ഒരു കരാർ ഒപ്പിട്ടു. ഈ മൂന്നു രാജ്യങ്ങളും ചാവുകടലിലെ അതിരു പങ്കിടുന്നുണ്ട്. ലോക ബാങ്ക് ഈ പദ്ധതിക്കു സഹായം ഓഫർ ചെയ്തിട്ടുണ്ട്. ശുദ്ധജലം ചാവുകടലിലേക്കു പമ്പുചെയ്യാനും അതുവഴി 550 മെഗാവാട്ട് വൈദ്യുതി പ്രതിവർഷം ഉൽപ്പാദിപ്പിക്കുവാനുമാണ് പദ്ധതിയിടുന്നത്.

ജോർദാൻകാരുടെ ഭക്ഷണശീലത്തെപ്പറ്റികൂടി പറഞ്ഞാലേ, അവരുടെ ചരിത്രം പൂർണ്ണമാകൂ.

പാലും തൈരും സമൃദ്ധമായി കഴിക്കുന്നവരാണ് ജോർദാനികൾ. ചെമ്മരിയാടിന്റെയോ ആടിന്റെയോ പാൽ ചേർത്തുണ്ടാക്കുന്ന, ചായയ്ക്കു തുല്യമായ ഒരു ജോർദാൻ പാനീയമാണ് ഹലൗമി(HALLOUMI). ഒരു പ്രത്യേക രീതിയിൽ തയ്യാറാക്കപ്പെട്ട റൊട്ടിക്കൊപ്പമാണ് ഹലൗമി കുടിക്കാൻ നൽകുക. ചോറ്, ഒലിവെണ്ണ, യോഗർട്ട് അഥവാ മസാല തൈര്, റൊട്ടി, കോളിഫ്ളവർ, ഉരുളക്കിഴങ്ങ്, വെണ്ടയ്ക്ക, വെള്ളരിക്ക, ആട്ടിറച്ചിയോ കോഴിയിറച്ചിയോ, വിവിധയിനം പഴങ്ങൾ എന്നിവ മിക്കവാറും ദിവസങ്ങളിൽ ഭക്ഷണത്തിലുൾപ്പെടുത്താൻ ശ്രദ്ധിക്കാറുണ്ട് ഇവർ. ചോറും ഇറച്ചിയും വലിയ ഒരു പാത്രത്തിൽ മുറിയ്ക്കു നടുവിൽ വച്ചാണ്, കൂട്ടം ചേർന്നിരുന്നു ഉച്ചയൂണു കഴിക്കുക. ബിരിയാണിയൊക്കെ ഇത്തരത്തിൽ, വലിയ താമ്പാളത്തിൽ വിളമ്പിവച്ച്, ചുറ്റുമിരിക്കുന്നവർ ആ പാത്രങ്ങളിൽ നിന്നുതന്നെ നേരിട്ടെടുത്തു ഭക്ഷിക്കുന്ന അറേബ്യൻ രീതി. മിക്കവാറും ഏറ്റവും അടുത്തവരും ബന്ധുക്കളും, വിശിഷ്ട അതിഥികളും ഇങ്ങനെയാണ് ഭക്ഷണം കഴിക്കുക. ഭക്ഷണത്തളികയ്ക്കു ചുറ്റും തൈരും സാലഡുമുണ്ടാകും. രണ്ടായി മടക്കിയ റൊട്ടിക്കഷണങ്ങളാണ് ചോറുകോരിത്തിന്നാൻ ഉപയോഗിക്കുന്നത്.

തുടക്കത്തിൽ അതിഥികൾക്ക് കാപ്പിയോ പഴച്ചാറോ നൽകി സൽക്കരിക്കുന്ന രീതിയാണുള്ളത്. മൻസാഫ് ആണ് വിശിഷ്ടമായ ജോർദാൻ ഭക്ഷണം. വരട്ടിയ യോഗർട്ടിൽ ആട്ടിറച്ചി വേവിച്ചെടുത്ത് റൊട്ടിയോടൊപ്പമാണ് മൻസാഫ് കഴിക്കുന്നത്. സുഹൃത് സൽക്കാരങ്ങൾക്കും വിവാഹ സത്കാരത്തിലും ഈ വിഭവം ഒഴിവാക്കാനാവില്ല.

അറബി വംശജരാണ് ജോർദാൻ ജനതയിൽ ഭൂരിഭാഗവും. ചെയ്നിയക്കാർ, അർമീനിയക്കാർ, കുർദുകൾ തുടങ്ങിയ ന്യൂനപക്ഷങ്ങളുമുണ്ട്. ഔദ്യോഗിക ഭാഷ അറബിയാണെങ്കിലും ഭരണപരമായ ആവശ്യങ്ങൾക്കുൾപ്പടെ ഇംഗ്ലീഷ് വ്യാപകമായി ഉപയോഗിക്കുന്നു. രാജ്യത്തെ 70% ജനങ്ങളും നഗരവാസികളാണ്. ആറു ശതമാനത്തോളം വരുന്ന ജനങ്ങൾ നാടോടികളോ, അർദ്ധനാടോടികളോ ആണ്. മുപ്പതു ലക്ഷം പലസ്തീൻ അഭയാർത്ഥികൾ ജോർദാനിലുണ്ട്. (തുടരും)

# ബുദ്ധമതം

മത പുരുഷന്മാരിൽ വളരെയേറെ തെറ്റിദ്ധരിക്കപ്പെട്ട ഒരു ദൈവ പ്രവാചകനാണ് ശ്രീ ബുദ്ധൻ (അ).* ബുദ്ധന്റെ ജീവിത യാഥാർത്ഥ്യവും സന്ദേശവും അഹ്മദിയ്യാ ഖലീഫ വിലയിരുത്തുന്നു.

ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)

ഒരു മതങ്ങളുടെ കൂട്ടത്തിൽ ദൈവത്തിന്റെ അസ്തിത്വത്തെ പറ്റി യാതൊന്നും പറയാത്ത ഒരു ജീവിത ദർശനമാണ് ബുദ്ധമതം, എന്നാണ് ലോകത്ത് ബുദ്ധമതത്തെ പറ്റി നിലനിൽക്കുന്ന പൊതുവെയുള്ള ധാരണ. ഈ ധാരണ ഭാഗികമായി മാത്രം ശരിയാണ്. സമകാലീന ലോകത്ത് നിലനിൽക്കുന്ന ബുദ്ധമതത്തെ സംബന്ധിച്ച് പോലും, അവരിൽപ്പെട്ട ഒരു കക്ഷിയും ദൈവത്തിലോ ദൈവങ്ങളിലോ വിശ്വസിക്കുന്നില്ല എന്ന് പറയുന്നത് ശരിയല്ല. ബുദ്ധമതത്തിലെ മഹായാന* മതക്കാരും തെരാവാദി*കളും മനുഷ്യനിൽ അന്തർലീനമായി കിടക്കുന്ന ആത്യന്തിക ജ്ഞാനത്തിൽ മാത്രമാണ് വിശ്വസിക്കുന്നത്. ആ ജ്ഞാനം കൊണ്ടാണ് ബുദ്ധൻ(അ) പൂർണ്ണനായത് എന്നും അവർ വിശ്വസിക്കുന്നു. ദൈവത്തിനു പകരമായി അവർ ധാരാളം അന്ധവിശ്വാസങ്ങളിലും പൈശാചിക ശക്തികളിലും വിശ്വസിക്കുന്നുണ്ട്. ബുദ്ധമതക്കാർ ദൈവ നിഷേധികളാണ് എന്ന സങ്കൽപം ഒരർത്ഥത്തിൽ തെറ്റാണ്. മറ്റേതൊരു വെളിപാട് മതങ്ങളേയും പോലെ ദൈവത്തിന്റെ ഏകത്വത്തിൽ ഊന്നിക്കൊണ്ട് ആരംഭിച്ച ഒരു മതമാണ് ബുദ്ധമതമെന്ന് അതിന്റെ പ്രാഥമിക സ്രോതസ്സിൽ നിന്നുള്ള മതിയായ തെളിവുകളോടെ നമുക്ക് തെളിയിക്കാനാവും.

ബുദ്ധമതത്തിൽ ബുദ്ധന്റെ (ക്രി.മു 563-483) സ്ഥാനത്തെക്കുറിച്ചു പറയുമ്പോൾ അദ്ദേഹം മറ്റു ദേവൻമാരെപ്പോലെ ബുദ്ധമതത്തിൽ ആരാധിക്കപ്പെടുന്നില്ല. ബുദ്ധമതത്തിൽ ബുദ്ധന് നൽകപ്പെട്ട ബഹുമാനവും മറ്റു മതങ്ങളിൽ ദൈവത്തിന് അർപ്പിക്കപ്പെടുന്ന ആരാധനയും തമ്മിൽ വളരെ കുറഞ്ഞ വ്യത്യാസം മാത്രമേയുള്ളൂ. ബുദ്ധമതക്കാർ ബുദ്ധനെ ബഹുമാനിക്കുകയും ഭജിക്കുകയും ലോകത്തിലെ മറ്റു ബിംബാരാധകരായ മതസ്ഥരെപ്പോലെ അദ്ദേഹത്തിന്റെ പ്രതിമക്കു മുമ്പിൽ ശിരസ്സ് നമിക്കുകയും സാഷ്ടാംഗപ്രണാമം അർപ്പിക്കുകയും ചെയ്യുന്നു.

വാസ്തവത്തിൽ ഏറെക്കുറെ എല്ലാ ബുദ്ധമതസ്ഥരും ദൈവത്തെ നിഷേധിക്കുന്നുവെങ്കിലും ദൈവത്തെപ്പോലെ ഏതെങ്കിലും ഒരു മൂർത്തിയെ ഭജിക്കാനുള്ള ആഗ്രഹം അവരുടെ ഹൃദയങ്ങളിൽ കുടികൊള്ളുന്നു. ഇതാണ് ബുദ്ധനോടുള്ള ബഹുമാനത്തിലൂടെ അവർ പ്രകടിപ്പിക്കുന്നത്. അന്തഃസ്ഥിതവും അപ്രതിരോധ്യവുമായ ദൈവത്തിനോടുള്ള ആരാധനാ ഭാവം മനുഷ്യന്റെ ആന്തരാത്മാവിൽ ഉല്ലേഖനം ചെയ്യപ്പെട്ടതാണ്. അത് മനുഷ്യനെ ദൈവത്തെയല്ലെങ്കിൽ മറ്റെന്തെങ്കിലുമൊന്നിനെ ആരാധിക്കാൻ പ്രേരിപ്പിക്കുന്നു. ദൈവത്തെ ആ പേരിൽ ഔപചാരികമായി അംഗീകരിക്കാതെ ഈ ശൂന്യത ബുദ്ധമതത്തിൽ ഇങ്ങനെ നികത്തപ്പെടുന്നു.

ബുദ്ധമതത്തിന്റെ തിബത്തൻ രൂപത്തിൽ അതിമാനുഷരായ ദേവൻമാരുടെയും ദുർമൂർത്തികളുടെയും അസ്തിത്വം അവരുടെ വിശ്വാസത്തിന്റെ ഭാഗമാണെന്ന് മാത്രമല്ല അവരുമായി വിനിമയ ബന്ധത്തിലേർപ്പെടാമെന്നും അവർ ദൃഢമായി വിശ്വസിക്കുന്നു. ഉദാഹരണത്തിന് പുതിയ പഞ്ചൻലാമയുടെ* തിരഞ്ഞെടുപ്പിൽ ഇത്തരത്തിൽ ധാരാളം ചടങ്ങുകളും ആചാരങ്ങളും നിർവ്വഹിക്കപ്പെടുന്നു. തിബത്തൻ കുഞ്ഞുങ്ങളിൽ നിന്നും ഭാവിയിലെ പഞ്ചൻലാമ ആരായിരിക്കണമെന്നതിനെ സംബന്ധിച്ച് ദൈവത്തിൽ നിന്നും മാർഗ്ഗദർശനം ലഭിക്കാനാണ് ഇവ നിർവ്വഹിക്കപ്പെടുന്നത്.

**✱ മഹായാന, തെരാവാദി:** ബുദ്ധമതത്തിലെ 18 ചിന്താസരണികളിൽ പ്രമുഖങ്ങളായ രണ്ട് വിഭാഗങ്ങളാണ് മഹായാന, തെരാവാദി എന്നിവ. മഹായാന വിഭാഗക്കാർ ബുദ്ധമതത്തിലെ കൂടുതൽ പരിഷ്ക്കരണ വാദികളും ഉദാരവാദികളുമാണ്. മഹായാന എന്നതിനർത്ഥം വലിയ വാഹനം എന്നാണ്. ചൈന, കൊറിയ, ജപ്പാൻ, തിബത്ത് എന്നിവിടങ്ങളിലാണ് മഹായാനികൾ ഉള്ളത്. തെരാവാദികൾ പാലി ഭാഷ ആധികാരിക മതസാഹിത്യമായി കരുതുന്നവരും പഴയ ആചാരങ്ങൾ കർശനമായി പാലിക്കുന്നവരുമാണ്. തെരാവാദി എന്ന പാലി പദത്തിനർത്ഥം പഴമക്കാരുടെ വഴി എന്നാണ്. ശ്രീലങ്ക, മ്യാൻമാർ, തായ്‌ലാന്റ്, കംബോഡിയ, ലാവോസ് എന്നിവിടങ്ങളിൽ തെരാവാദി ബുദ്ധമതക്കാരാണ്. (വിവ:)

**✱(അ):** എന്നത് അലൈഹിസ്സലാം എന്നതിന്റെ ചുരുക്കമാണ്. 'ദൈവത്തിന്റെ സമാധാനം അവനിൽ ഉണ്ടാവട്ടെ' എന്നാണ് അതിന്റെ അർത്ഥം. ദൈവദൂതൻമാരുടെ പേര് കേൾക്കുമ്പോൾ മുസ്‌ലിംകൾ ഇങ്ങനെ പ്രാർത്ഥിക്കും. അതിനുള്ള സൂചനയാണ് (അ) എന്നത്. (വിവ:)

ദൈവ നിഷേധികൾ എന്നറിയപ്പെടുന്ന ബുദ്ധമത വിഭാഗക്കാർ ബുദ്ധൻ സ്വയം തന്നെ ദൈവത്തെ നിഷേധിച്ച ആളായിരുന്നുവെന്ന് ആരോപിക്കുന്നു. ബുദ്ധന്റെ സമകാലികരായ ഹിന്ദുപണ്ഡിറ്റുകൾ ബുദ്ധനോട് കാണിച്ച ശത്രുത ചൂണ്ടിക്കാട്ടിയാണ് അവർ തങ്ങളുടെ വാദത്തിന് പിന്തുണ തേടുന്നത്. ബുദ്ധൻ തങ്ങളുടെ ദൈവങ്ങളോട് കാണിച്ച അവജ്ഞയാണ് ഹിന്ദു പണ്ഡിറ്റുകൾ ബുദ്ധനോട് ശത്രുത കാണിക്കാനുള്ള കാരണം. ബുദ്ധനെ പീഡിപ്പിക്കുന്നതിലേക്ക് നയിച്ച തെറ്റുധാരണകൾ എന്തൊക്കെയായിരുന്നുവെന്ന് ബുദ്ധമതക്കാർ തന്നെ പൊതുവെ വിശകലനം ചെയ്ത് പഠിക്കാൻ മെനക്കെടാറില്ല. അവരെ സംബന്ധിച്ചിടത്തോളം ബുദ്ധൻ സമ്പൂർണ്ണാർത്ഥത്തിൽ ദൈവം എന്ന ആശയം തിരസ്കരിച്ചു എന്ന് വിശ്വസിച്ചാൽ മാത്രം മതി.

നാം ഇപ്പോൾ ചരിത്രവസ്തുതകൾ പുനഃപരിശോധിക്കുകയും ബുദ്ധന്റെ വിശുദ്ധ ഗ്രന്ഥങ്ങളിൽ നിന്ന് പ്രസക്തമായ ചില ഭാഗങ്ങൾ ഉദ്ധരിക്കുകയും ചെയ്യുന്നതാണ്. അത് അത്തരത്തിലുള്ള എല്ലാ ആരോപണങ്ങളിൽ നിന്നും അദ്ദേഹത്തെ മുക്തമാക്കുന്നതാണ്. ഈ രണ്ട് വീക്ഷണങ്ങളുടെയും വക്താക്കൾ ചരിത്രപരമായ തെളിവുകളെ പറ്റി അപര്യാപ്തങ്ങളാണെന്ന് പറയും. ഈയൊരു കുറവ് ഏറെക്കുറെ മറ്റു സാഹചര്യ തെളിവുകൾകൊണ്ട് പരിഹരിക്കാവുന്നതാണ്.

ബുദ്ധന്റെ തത്ത്വശാസ്ത്രവും അദ്ധ്യാപനങ്ങളും ആചാരങ്ങളും അദ്ദേഹത്തിന്റെ മരണത്തിന് ശേഷം അഞ്ഞൂറു വർഷക്കാലം പ്രചരിച്ചത് വാമൊഴിയിലൂടെ മാത്രമായിരുന്നു. മഹാനായ അശോക* ചക്രവർത്തി (ക്രി.മു.273 -232) പാറകളിലും സ്തൂപങ്ങളിലും രേഖകളായി കൊത്തിവെച്ചതൊഴികെ ഇതായിരുന്നു സ്ഥിതി. തന്റെ ആത്മീയഗുരുവായ ബുദ്ധന് ശേഷം മുന്നൂറ് വർഷങ്ങൾ കഴിഞ്ഞിട്ടുള്ളതാണ് അശോകചക്രവർത്തിയുടെ കാലം. ഈ വസ്തുത വളരെ പ്രധാനമാണ്. കാരണം അശോകന്റെ വീക്ഷണത്തിലുള്ള ഈ ലിഖിതങ്ങൾ ബുദ്ധന്റെ തത്ത്വശാസ്ത്രത്തേയും ജീവിതത്തേയും പറ്റി ഒരു വിധി പ്രസ്താവം നടത്താൻ വളരെ സഹായകരമായ രേഖയാണ്. അതിനേക്കാളുപരി ബുദ്ധമതം യാതൊന്നും തന്നെ ലിഖിത രൂപത്തിൽ എഴുതി സൂക്ഷിക്കാത്ത ഒരു കാലത്ത് ബുദ്ധന്റെ അദ്ധ്യാപനങ്ങളിൽ നിന്നും താൻ മനസ്സിലാക്കിയത് രേഖപ്പെടുത്തി വെച്ചത് അശോകൻ മാത്രമാണ്. മറ്റൊരു കാര്യം ബുദ്ധന്റെ യഥാർത്ഥ പ്രതിനിധി എന്ന നിലയിൽ അശോകന്റെ ആധികാരികതയെ ആരും തന്നെ ചോദ്യം ചെയ്തിട്ടില്ല എന്നതാണ്. അവശേഷിക്കുന്ന പ്രശ്നം വിവിധ വ്യാഖ്യാനങ്ങളുടേതാണ്.

ബുദ്ധന്റെ വിഷയം പരിഗണിക്കുമ്പോൾ ബുദ്ധന്റെ സമാധിക്ക് ശേഷം നൂറ്റാണ്ടുകൾ കഴിഞ്ഞാണ് അത് എഴുതി സൂക്ഷിക്കാൻ തുടങ്ങിയത് എന്ന കാര്യം നാം ശ്രദ്ധിക്കേണ്ടതുണ്ട്. ഈ വസ്തുത കാര്യമായ അഭിപ്രായ വ്യത്യാസങ്ങളില്ലാതെ എല്ലാ ഗവേഷകൻമാരും അംഗീകരിക്കുന്നു. ബുദ്ധനെ പറ്റിയുള്ള അറിവ് തലമുറ തലമുറയായി കൈമാറ്റം ചെയ്യപ്പെട്ടു വരികയാണുണ്ടായത്. അതിനാൽ ബുദ്ധന്റെ വ്യക്തിത്വവും ജീവിത ശൈലിയും തുടക്കം മുതൽ ഇന്ന് വരെ ഇത്തരം നൈരന്തര്യത്തിലൂടെ കൈമാറ്റം ചെയ്യപ്പെട്ടതാണ്.

ബുദ്ധനെ പറ്റിയും ബുദ്ധമതത്തെക്കുറിച്ചും അറിയാൻ ഈ രണ്ടു സ്രോതസ്സുകളേയും ആശ്രയിക്കാമെന്ന് ന്യായമായും കരുതാം. ഒന്ന്, പാരമ്പര്യത്തിലൂടെ കൈമാറ്റം ചെയ്യപ്പെട്ട ബുദ്ധന്റെ ജീവിത മാതൃകകൾ, മറ്റൊന്ന് സ്തൂപങ്ങളിലെ ലിഖിത രേഖകളുമാണ്. ഇവ രണ്ടും സ്വീകരണയോഗ്യമായ രണ്ട് ശക്തമായ തെളിവുകളാണ്. ഇവ രണ്ടിനുമെതിരായി വിയോജിപ്പുള്ള വീക്ഷണങ്ങൾ ഭയലേശമന്യേ തിരസ്കരിക്കാം. ഈ രണ്ടു പ്രാഥമിക സ്രോതസ്സുകൾ തമ്മിൽ തന്നെ പരസ്പരം വിയോജിക്കുന്നുവെങ്കിൽ ഒന്ന് സ്വീകരിക്കുകയും മറ്റൊന്ന് തിരസ്ക്കരിക്കുകയും ചെയ്യുന്നത് വളരെ സൂക്ഷിച്ചു വേണം.

ബുദ്ധന്റെ ജീവചരിത്രം സൂക്ഷ്മമായി പരിശോധിക്കുമ്പോൾ ലോകത്തിന്റെ പല ഭാഗത്തും അവതരിച്ച പ്രവാചകൻമാരിൽ നിന്നും ഭിന്നമല്ലാത്ത ഒരു ജീവിത രീതിയായിരുന്നു അദ്ദേഹത്തിന്റേത് എന്ന് നമുക്ക് കാണാവുന്നതാണ്. ലോകത്ത് അവതരിച്ച പ്രവാചകൻമാരുടെ സ്വഭാവത്തിലും ജീവിത ശൈലിയിലും ഒരു സാർവ്വലൗകികത കാണാനാവും. ബുദ്ധന്റെ ജീവിതത്തിലും അത് നമുക്ക് തിരിച്ചറിയാവുന്നതാണ്.

ബുദ്ധമതത്തിന്റെ അടിസ്ഥാന വിശ്വാസങ്ങളിലേക്ക് പ്രവേശിക്കുമ്പോൾ ബുദ്ധൻ പറഞ്ഞതും പ്രവർത്തിച്ചതുമായ കാര്യങ്ങളെ പറ്റിയുള്ള വ്യാഖ്യാനങ്ങളിൽ നിന്നാണ് പ്രശ്നങ്ങൾ ഉത്ഭവിക്കുന്നത്. ബുദ്ധൻ ഒരു നാസ്തികനായിരുന്നു എന്ന പൊതു വീക്ഷണവുമായി നാം വിയോജിക്കുന്നു. ബുദ്ധമതം ഒരു ദിവ്യവെളിപാടിലൂടെ

*✱* **പഞ്ചൻലാമ**: തിബത്തിലെ ബുദ്ധമതത്തിന്റെ രണ്ടാമത്തെ പരമാചാര്യനു നൽകുന്ന സ്ഥാനപ്പേരാണ് പഞ്ചൻലാമ. ഒന്നാമത്തെയാൾ ദലൈലാമയാണ്. 16-ാം ശതകം മുതൽ ഈ പേര് ഉപയോഗത്തിലുണ്ട്. നിരവധി നിമിത്തങ്ങളിലും ശകുനങ്ങളിലും അവർ വിശ്വസിക്കുന്നു. 1959 ൽ തിബറ്റിനെ ചൈന ആക്രമിച്ചപ്പോൾ ദലൈലാമ ഇന്ത്യയിലേക്ക് അഭയാർത്ഥിയായി വന്നു. ചൈനീസ് അനുകൂലികളാണ് പഞ്ചൻലാമകൾ. (വിവ:) .

✱ **അശോകചക്രവർത്തി(ക്രി.മു** 273-232): മൗര്യ സാമ്രാജ്യത്തിലെ പ്രശസ്തനായ ചക്രവർത്തി. മുഴുവൻ പേര് ദേവാനാം പ്രിയ പ്രിയദർശീ രാജ അശോകൻ. കലിംഗ യുദ്ധത്തിന് ശേഷം പശ്ചാത്താപ വിവശനായ അശോകൻ ബുദ്ധമതം സ്വീകരിച്ചു. ഭാരതത്തിലും സിലോണിലും ബുദ്ധമതം പ്രചരിക്കുന്നതിന് നേതൃത്വം നൽകി.(വിവ:)

അവതരിച്ച മതമാണെന്ന് നാം കരുതുന്നു. ബുദ്ധമതത്തിന്റെ സ്ഥാപകൻ തീർച്ചയായും ഒരു നിരീശ്വരവാദിയല്ല. മറ്റെല്ലാ പ്രവാചകൻമാരേയും പോലെ ദൈവസന്ദേശം പ്രചരിപ്പിക്കാൻ ദൈവത്താൽ പ്രേഷിതനായ ഒരു മനുഷ്യനാണ്.

ബുദ്ധമതത്തെക്കുറിച്ച് ആഴമുള്ള പഠനങ്ങൾ നടത്താതെ ഇപ്പോഴത്തെ ലോകമതങ്ങൾക്കിടയിൽ ബുദ്ധമതത്തിന് നൽകപ്പെട്ട സ്ഥാനത്തെ ന്യായീകരിക്കാൻ പണ്ഡിതൻമാർ ധാരാളം എഴുതിക്കൂട്ടിയിട്ടുണ്ട്. ആ കൃത്യം നിർവ്വഹിക്കാൻ മതത്തെപറ്റി സാർവ്വലൗകികമായി അംഗീകരിച്ച നിർവ്വചനം മാറ്റിത്തിരുത്തേണ്ടതുണ്ടായിരുന്നു. അതുകൊണ്ട് അവർ തങ്ങളുടെ എഴുത്തുകളിൽ ദൈവരഹിതമായ ഒരു തത്ത്വശാസ്ത്രത്തെയും മതത്തെയും ലോകമതങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തി. ദൈവ നിഷേധത്തിൽ നിന്നും ആരംഭിക്കുന്ന ഒരു ജീവിത സംഹിത എന്തുകൊണ്ട് മതത്തിന്റെ കൂട്ടത്തിൽ ഉൾപ്പെടുത്തുന്നു എന്ന വസ്തുത ഒരു ചോദ്യമായി അവശേഷിക്കുന്നു. നമ്മുടെ വീക്ഷണത്തെ സംബന്ധിച്ചിടത്തോളം ഇത്തരത്തിൽ ബുദ്ധന്റെ ദൈവവിശ്വാസത്തെ പറ്റി ഒരു തടസ്സ വാദവും ഉന്നയിക്കപ്പെടുന്ന പ്രശ്നമേ ഇല്ല. ബുദ്ധമതത്തിന് ദൈവികമായ ഉറവിടമില്ല എന്ന ധാരണയെ നാം നിരാകരിക്കുന്നു. നമ്മുടെ വാദമുഖത്തിന് ഉപോൽബലകമായി ബുദ്ധമതക്കാർ ആശ്രയിക്കുന്ന സുസ്ഥാപിത സ്രോതസ്സുകൾ തന്നെയാണ് നാമും അടിസ്ഥാനമാക്കുന്നത്. ഇത് നമ്മുടെ വ്യാഖ്യാനവും സ്വീകാര്യയോഗ്യമായ ഉറച്ച അടിത്തറയുള്ളതാണെന്ന് തെളിയിക്കുന്നു. നാം ആവർത്തിച്ചു പറയുന്നത്, ബുദ്ധമതം മറ്റു മതങ്ങളിൽ നിന്നും ഒറ്റപ്പെട്ട ഒന്നല്ല. മറിച്ച് അതിന്റെ അടിസ്ഥാനം ദൈവത്തിൽ നിന്നും വെളിപ്പെട്ട മറ്റു മതങ്ങളുടെ സ്വഭാവമുള്ളതാണ്.

ബുദ്ധമതത്തിന്റെ പ്രചുരപ്രചാരം സിദ്ധിച്ച തെറ്റായ ഈ ദൈവരഹിത ഉത്ഭവം പ്രചരിപ്പിച്ചത് പതിനെട്ടും പത്തൊൻമ്പതും നൂറ്റാണ്ടുകളിലെ പാശ്ചാത്യ പണ്ഡിതൻമാരാണ്. ബുദ്ധമതത്തെക്കുറിച്ചുള്ള അവരുടെ ജ്ഞാനം വലിയ തോതിൽ പാലിഭാഷയിൽ നിന്നും ബുദ്ധമത പണ്ഡിതൻമാർ ചെയ്ത വിവർത്തനങ്ങളെ ആശ്രയിച്ചുള്ളതാണ്. ഈ ബുദ്ധമത പണ്ഡിതൻമാർ അവരുടെ പക്ഷപാതപരമായ വീക്ഷണം തങ്ങളുടെ വിവർത്തനങ്ങളിൽ കുത്തിച്ചെലുത്തുകയുണ്ടായി. അവരാകട്ടെ ദൈവരഹിത തത്ത്വശാസ്ത്രത്താൽ സ്വാധീനിക്കപ്പെട്ടവരായിരുന്നു. അവരിൽ ചിലർക്ക് സ്രോതസ്സ് ഭാഷയായ പാലി അറിയാം. വിശ്വസനീയമായ ബുദ്ധമത സ്രോതസ്സുകളിൽ നിന്നും നേരിട്ട് പഠിച്ച് നിഷ്പക്ഷമായ അഭിപ്രായങ്ങൾ രൂപീകരിക്കുന്നതിനു പകരം അവർ നിലവിലുള്ള ഭൂരിപക്ഷ ബുദ്ധമത വിഭാഗത്തിന്റെ വിശ്വാസങ്ങളിലേക്ക് പൂർണ്ണമായി ചാഞ്ഞ് പക്ഷം ചേരുകയാണുണ്ടായത്. പാശ്ചാത്യ പണ്ഡിതൻമാരുടെ പൊതുവേയുള്ള ഈ പ്രവണതക്ക് വിരുദ്ധമായി ഖാദിയാനിലെ മിർസാ ഗുലാം അഹ്മദ്(അ)(1835-1908) ഒറ്റപ്പെട്ട ശബ്ദം ഉയർത്തുകയുണ്ടായി. പാശ്ചാത്യ പണ്ഡിതൻമാരുടെ വീക്ഷണങ്ങളിൽ നിന്നും കടക വിരുദ്ധമായ ഒരു അഭിപ്രായമാണ് അദ്ദേഹം അവതരിപ്പിച്ചത്. തന്നെ ഒരു പ്രത്യേക ദൗത്യത്തിന് വേണ്ടി പ്രവാചകനായി നിയോഗിച്ച ദൈവത്തിന്റെ അസ്തിത്വത്തിൽ ബുദ്ധന് അടിയുറച്ച് വിശ്വാസമുണ്ടായിരുന്നുവെന്ന് അദ്ദേഹം ശക്തമായി വിശ്വസിച്ചിരുന്നു. മറ്റെല്ലാ പ്രവാചകൻമാരേയും പോലെ ബുദ്ധനും പിശാചിന്റെ അസ്തിത്വത്തിൽ വിശ്വസിച്ചിരുന്നതായി അദ്ദേഹം തെളിയിച്ചു. അതുപോലെ സ്വർഗ്ഗ നരകങ്ങളിലും, മാലാഖമാരിലും, പുനരുത്ഥാനങ്ങളിലും അദ്ദേഹം വിശ്വസിച്ചു. എന്നിരിക്കെ ബുദ്ധൻ ദൈവത്തിൽ വിശ്വസിക്കാത്ത ആളായിരുന്നു എന്ന വാദം തികച്ചും വ്യാജാരോപണമാണ്. ബുദ്ധൻ നിരാകരിച്ചത് വേദാന്തത്തെയാണ്* (ഹിന്ദു വിശുദ്ധഗ്രന്ഥങ്ങളിലെ സിദ്ധാന്തങ്ങൾ). ഹിന്ദുമതത്തിലുള്ളത് പോലുള്ള മനുഷ്യ ദൈവങ്ങളിലുള്ള വിശ്വാസത്തെയാണ് അദ്ദേഹം നിഷേധിച്ചത്. അദ്ദേഹം ബ്രാഹ്മണരെ കഠിനമായി എതിർത്തു. ദൈവികാദ്ധ്യാപനങ്ങൾക്ക് തെറ്റായ വ്യാഖ്യാനങ്ങൾ നൽകി ബ്രാഹ്മണൻമാർ മലീമസമാക്കുകയായിരുന്നുവെന്നായിരുന്നു അദ്ദേഹത്തിന്റെ ആക്ഷേപം.

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)ന്റെ ശബ്ദം ഏറെക്കാലം ഒറ്റപ്പെട്ട് നിന്നില്ല. പാശ്ചാത്യ ഗവേഷകരുടെയും പണ്ഡിതൻമാരുടെയും രണ്ടാം തലമുറയിൽ നിന്നും ഹദ്റത്തമിർസാ ഗുലാം അഹ്മദിനെ(അ) പിന്തുണച്ചു കൊണ്ട് മറ്റുള്ളവരും മുന്നോട്ടു വന്നു. അവരിൽ ഏറ്റവും പ്രഗത്ഭൻ മഹാനായ ഫ്രഞ്ച് പണ്ഡിതൻ ഡോ. ഗുസ്താവ് ലീബോൺ (Dr.Gustav Le Bon 1841-1931) ആണ്. അദ്ദേഹം എഴുതുന്നു.

നിർഭാഗ്യകരമെന്ന് പറയട്ടെ. യൂറോപ്യൻ പണ്ഡിതൻമാർ ഇന്ത്യൻ സ്മാരകങ്ങളുടെ പഠനം തീർത്തും അവഗണിച്ചിരിക്കുന്നു. നാം ബുദ്ധമതത്തെക്കുറിച്ച് പഠിച്ചത് ഇന്ത്യൻ വിജ്ഞാനീയങ്ങളിൽ വിദഗ്ദ്ധരായവരിലൂടെ യാണല്ലോ. പക്ഷേ, അവരാരും ഇന്ത്യ സന്ദർശിച്ചിട്ടില്ല. അവർ പുസ്തകങ്ങളിലൂടെയാണ് ഈ മതത്തെക്കുറിച്ച് പഠിച്ചത്. വിധിയുടെ നിർഭാഗ്യകരമായ വഴിത്തിരിവെന്ന് പറയട്ടെ ബുദ്ധന്റെ മരണത്തിന് ശേഷം അഞ്ചോ ആറോ നൂറ്റാണ്ടുകൾക്ക് ശേഷം എഴുതപ്പെട്ട ഒരു തത്ത്വശാസ്ത്ര വിഭാഗത്തിന്റെ രച

✱**വേദാന്തം**: വേദങ്ങളുടെ ഉപസംഹാരം എന്നാണ് ഇതിനർത്ഥം. ഉപനിഷ്ത്തുകളാണ് വേദാന്തമായി കണക്കാക്കുന്നത്. (വിവ:)

✱ഡോ. ലീബോണിന്റെ ഫ്രഞ്ച് ഭാഷയിലുള്ള ഗ്രന്ഥങ്ങളിൽ കാണപ്പെട്ട ഈ രണ്ട് ഉദ്ധരണികളും വളരെ വിശ്വസ്തതയോടെ ഇംഗ്ലീഷിലേക്ക് തർജ്ജമ ചെയ്തതാണ് - (ഗ്രന്ഥകർത്താവ്)

നകളാണ് അവർക്ക് പഠിക്കാൻ അവസരമുണ്ടായത്. ഇത് അവരുടെ മതപരമായ ദൈനംദിന ആചാരാനുഷ്ഠാനങ്ങളുമായി യാതൊരു പൊരുത്തവുമില്ലാത്തവയാണ്. അഗാധമായ അവരുടെ ഭൗതികാതീതമായ ചിന്തകൾ യൂറോപ്യൻമാരെ അത്ഭുതപ്പെടുത്തുകയുണ്ടായി. വാസ്തവത്തിൽ അവയൊന്നും പുതിയതായിരുന്നില്ല. ഈ ഇന്ത്യൻ ഗ്രന്ഥങ്ങളെക്കുറിച്ച് നല്ലത് പോലെ അറിഞ്ഞു തുടങ്ങിയ കാലം മുതൽ ഇവയെല്ലാം കാണപ്പെട്ടിരുന്നത് ബ്രാഹ്മണന്മാരുടെ കാലഘട്ടത്തിൽ തത്ത്വശാസ്ത്രം മാത്രം കൈകാര്യം ചെയ്തിരുന്ന ഒരു വിഭാഗത്തിന്റെ രചനകളിൽ മാത്രമാണ്.

ഡോ. ലീ ബോൺ അദ്ദേഹത്തിന്റെ വിമർശനത്തിൽ ഇതുവരെ ശരിയായ വീക്ഷണം പുലർത്തിയതായിട്ടാണ് കാണപ്പെടുന്നത്. പക്ഷേ, താഴെ കാണുന്ന പാഠഭാഗത്തു നിന്നും വ്യക്തമാവുന്നത് അദ്ദേഹവും അതേ തെറ്റുകൾ ആവർത്തിക്കുന്നു എന്നാണ്. അതായത് അദ്ദേഹത്തിന് ലഭിച്ച സങ്കൽപം യഥാർത്ഥ ബുദ്ധ മതത്തിൽ നിന്നുള്ളതല്ല. അതായത് സ്തൂപങ്ങളിൽ ആലേഖനം ചെയ്യപ്പെട്ട എഴുത്തുകളിൽ നിന്നും അതേരൂപത്തിൽ ലഭിച്ചതല്ല അദ്ദേഹത്തിന്റെ ബുദ്ധമത സങ്കൽപങ്ങൾ. സ്തൂപങ്ങളിൽ ഉല്ലേഖനം ചെയ്യപ്പെട്ട രേഖകളിൽ ഒരിടത്തും ബഹുദൈവ സങ്കൽപത്തെ പറ്റി പറയുന്നില്ല. ഡോ.ലീ ബോൺ എഴുതുന്നു.

ബുദ്ധമതത്തെ പറ്റി ഒരാൾ പഠിക്കുമ്പോൾ അത് എന്താണ് എന്നതിനെ പറ്റി പുസ്തകങ്ങളിലല്ല, സ്മാരകങ്ങളിലാണ് അന്വേഷിക്കേണ്ടത്. സ്മാരകങ്ങളിൽ ഉള്ള കാര്യങ്ങൾ പുസ്തകം നമ്മോടു പറയുന്ന കാര്യങ്ങളിൽ നിന്നും തികച്ചും വിഭിന്നമാണ്. ആധുനിക പണ്ഡിതൻമാർ ഇതൊരു ദൈവരഹിതമായ മതമായിട്ടാണ് കാണാൻ ശ്രമിച്ചത്. ഇതിന് വിരുദ്ധമായി എല്ലാ മതങ്ങളിലും വെച്ച് ഏറ്റവും വലിയ ബഹുദൈവ മതമായിട്ടാണ് ബുദ്ധമതത്തെ കാണാൻ കഴിയുക .

ഈ പ്രസ്താവനയുടെ അവസാന ഭാഗം തെറ്റാണെന്ന് തെളിയിക്കാവുന്നതാണ്. (തുടരും)

---

**പേജ് 9 ൽ നിന്ന് തുടർച്ച**

ടെയുമായിരിക്കണം വർത്തിക്കേണ്ടത്. മുസ്‌ലിം രാജ്യങ്ങളിൽ സമാധാനത്തോടെ ജീവിക്കുന്ന ക്രിസ്ത്യാനികളോടും യഹൂദരോടും, യസീദികളോടും മറ്റു വിഗ്രഹാരാധകരും ഗോത്രമത വിശ്വാസികളുമായവരോടും മറ്റേതൊരു വിശ്വാസിയോടും ഒരു ദൈവ നിഷേധിയോടുപോലും ക്രൂരത കാണിക്കുന്നത് ഇസ്‌ലാമിന് കടകവിരുദ്ധമായ കാര്യമാണ്.

ഇതാണ് ലോകത്ത് സമാധാനം സ്ഥാപിക്കാനാവശ്യമായ സുവർണ്ണ തത്വങ്ങൾ. ഇസ്‌ലാമിന്റെ അദ്ധ്യാപന സൗന്ദര്യവും കുലീനത്വവും പ്രകടമാക്കുന്ന ഏതാനും കാര്യങ്ങൾ ഞാൻ വിവരിച്ചുകഴിഞ്ഞു. ഈ അദ്ധ്യാപനങ്ങൾ ലോകത്തുള്ള സർവ്വ ജനങ്ങളെയും സംരക്ഷിക്കുന്ന അദ്ധ്യാപനങ്ങളാണ്. ഈ അദ്ധ്യാപനങ്ങളുടെ ബലത്തിൽ ഒരു യഥാർത്ഥ മുസ്‌ലിം, സമൂഹത്തിലെ എല്ലാ വിഭാഗത്തിനും സമാധാനവും സുരക്ഷയും ഉറപ്പുനൽകുന്ന ജാമ്യക്കാരനായും സംരക്ഷകനായും വർത്തിക്കുന്നു.

എന്റെ മുന്നിൽ വ്യത്യസ്ത രാഷ്ട്രീയ നേതാക്കന്മാരും സ്വാധീനമുള്ള വ്യക്തിത്വങ്ങളും, അഭ്യസ്തവിദ്യരായ ആളുകളും ഉപവിഷ്ടരായിട്ടുണ്ട്. ഞാൻ ആവർത്തിച്ച് ഊന്നിപറയുന്നത് നിങ്ങളെല്ലാവരും തന്നെ നിങ്ങളെക്കൊണ്ട് കഴിയുന്നതുംവിധം എല്ലാ അർത്ഥത്തിലും വിതാനത്തിലും നിങ്ങളുടെ ഭരണകൂടത്തിലും രാഷ്ട്രീയ നേതാക്കൾക്കിടയിലും നീതിയും സത്യവും നടപ്പാക്കാൻ നിങ്ങളുടെ സ്വാധീനം ഫലപ്രദമാംവിധം ഉപയോഗിക്കണമെന്നാണ്. നമ്മുടെ കാലഘട്ടത്തിലെ ദേശീയവും അന്തർദേശീയവുമായ പ്രതിസന്ധികൾ പരിഹരിക്കുന്നതിനുള്ള ഫലപ്രദമായ മാർഗ്ഗം ഇതാണ്. നാം ഭയാനകമായ ഒരു നാശത്തിലേക്ക് അടുത്ത് കൊണ്ടിരിക്കുകയാണ്. വർഷങ്ങളോളമായി ഞാൻ താക്കീതായി പറഞ്ഞുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ പല രാഷ്ട്രീയ നിരീക്ഷകരും വിശകലന വിദഗ്ദരും അതേനിഗമനത്തിലാണ് എത്തിച്ചേർന്നിരിക്കുന്നത്. അതായത് നാം അതിവേഗം ഒരു മൂന്നാം ലോക മഹായുദ്ധത്തിലേക്ക് ഗതിവേഗം കൊള്ളുകയാണ്.

ഒരു മൂന്നാം ലോക മഹായുദ്ധം ഒഴിച്ചു കൂടാനാവത്തതാണ് എന്ന് ചിലർ പറയുമ്പോൾതന്നെ നാം അഭിമുഖീകരിക്കുന്ന നഗ്നയാഥാർത്ഥ്യത്തിന് നേരെ ഉണർന്നെഴുന്നേൽക്കാനും ഈ മഹാ ഭീഷണിയെ തടയിടാനും ഇപ്പോഴും സാധിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. ഇത് സാധ്യമാവണമെങ്കിൽ എല്ലാ വിഭാഗം ജനങ്ങളും അവരുടെ നേതാക്കന്മാരും ഒരു ദിശയിൽ മാത്രം ദൃഷ്ടിയുറപ്പിച്ച് അവരുടെ മാത്രം താൽപര്യത്തിന് വേണ്ടി പ്രവർത്തിക്കുന്ന രീതി നിർത്തണം. പകരം അവർ തങ്ങളുടെ വീക്ഷണകോൺ വിശാലമാക്കണം. അവരുടെ എല്ലാ കാര്യങ്ങളിലും വാസ്തവികവും നീതിയുക്തവുമായ ഒരു സമീപനം അനുവർത്തിക്കുകയും ചെയ്യേണ്ടതുണ്ട്. അവർ സമൂഹത്തിലെ എല്ലാ വിഭാഗങ്ങളിലും നീതിയും, ന്യായവും, സത്യവും പുലരാൻ യത്നിക്കുകയും വേണം.

അവർ തങ്ങൾക്ക് കഴിയും വിധം സമാധാന സംസ്ഥാപനത്തിന്ന്വേണ്ടി പ്രവർത്തിക്കണം. പരമ പ്രധാനമായ കാര്യം അവർ തങ്ങളുടെ സ്രഷ്ടാവിനെ തിരിച്ചറിയുംവിധം തിരിച്ചറിയേണ്ടതുണ്ട്. അല്ലാഹു നമുക്കെല്ലാവർക്കും നമ്മുടെ ഉത്തരവാദിത്വത്തിന്റെ ഭാരം എത്രയുണ്ടെന്ന് ബോധ്യപ്പെടുത്തിതരികയും നമുക്ക് അത് സംബന്ധിച്ച തിരിച്ചറിവ് നമ്മുടെ കടമകൾ പൂർത്തീകരിക്കാനുമുള്ള കഴിവും പ്രദാനം ചെയ്യട്ടെ എന്ന് പ്രാർത്ഥിക്കുന്നു. അല്ലാഹു നമ്മെയെല്ലാം അനുഗ്രഹിക്കുമാറാകട്ടെ. എല്ലാവർക്കും നന്ദി.

ഭാഗം – 13

# ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി

## (ഖലീഫത്തുൽ മസീഹ് അവ്വൽ (റ))

വാഗ്ദത്ത മഹ്ദി(അ)യുടെ പ്രഥമ ശിഷ്യനും അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ പ്രഥമ ഖലീഫയും മഹാ പണ്ഡിതനുമായ ഹക്കീം നൂറുദ്ദീൻ സാഹിബ് ഭേരവി(റ) യുടെ ജീവചരിത്ര പരമ്പര.

**ഇബ്നു വഫാ ബേപ്പൂർ**

### ജീവിതാഭിലാഷവും ലക്ഷ്യവും പൂവണിയുന്നു

ജമ്മു കശ്മീർ മഹാരാജാവിന്റെ കൊട്ടാര വൈദ്യനെന്ന നിലയിൽ ഭൗതികമായി അത്യുന്നത സ്ഥാനത്തു വിരാജിച്ചിരുന്ന ഹദ്റത്ത് ഹാജി ഹക്കീം മൗലവി നൂറുദ്ദീൻ സാഹിബ് ഭേരവി (റ) ഖുർആൻ, ഹദീസ്, ഫിഖ്ഹ്, അറബി സാഹിത്യം, തർക്കശാസ്ത്രം, തത്വജ്ഞാനം എന്നിവയിലെല്ലാം അസാമാന്യവും അഗാധവുമായ പാണ്ഡിത്യം കരസ്ഥമാക്കിയിരുന്നു. അദ്ദേഹം അനുഗ്രഹീതനായ ഒരു എഴുത്തുകാരനും അനുപമനായ വാഗ്മിയുമായിരുന്നു. ഹിന്ദുക്കളും സിക്കുകാരും കൃസ്ത്യാനികളും ബ്രഹ്മസമാജികളും നാസ്തികരുമായ സകല ജനവിഭാഗങ്ങളും അദ്ദേഹത്തെ ബഹുമാനാദരങ്ങളോടെയാണു വീക്ഷിച്ചു പോന്നിരുന്നത്. തന്റെ അഗാധമായ പാണ്ഡിത്യം കൊണ്ടും ദൈവ സാമീപ്യം പ്രാപിച്ച മഹാനെന്ന നിലയിലും മാതൃകായോഗ്യനായ ഒരു വിശ്വാസി എന്ന നിലയ്ക്കും വൈദ്യ ശാസ്ത്ര രംഗത്തെ അതുല്യ പ്രതിഭ എന്ന നിലയിലും ഒരു സൂഫിവര്യനെന്ന നിലയ്ക്കും ഇന്ത്യയിലുടനീളം അദ്ദേഹം അറിയപ്പെട്ടിരുന്നു. ഇന്ത്യൻ വിദ്യാഭ്യാസ വിചക്ഷണനും രാഷ്ട്രീയ നേതാവും നവോഥാന വാദിയും അലിഗഡ് മുസ്ലിം സർവകലാശാലയുടെ സ്ഥാപക നേതാവുമായ സർ സയ്യിദ് അഹ്മദ്ഖാൻ ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബിനെ കുറിച്ചു ഒരിക്കൽ പറഞ്ഞ വാക്കുകൾ വളരെ പ്രസിദ്ധമാണു. അദ്ദേഹം പറയുകയാണു പാമരൻ അറിവു കരസ്ഥമാക്കുന്നതിലൂടെ പണ്ഡിതനായിത്തീരുന്നു. പണ്ഡിതൻ പുരോഗമിച്ചാൽ തത്വജ്ഞാനിയായിത്തീരുന്നു. തത്വജ്ഞാനി വീണ്ടും ഉയർന്നാൽ സൂഫിയായി മാറുന്നു. സൂഫി അഭിവൃദ്ധിപ്പെട്ടാൽ നൂറുദ്ദീനായി രൂപാന്തരപ്പെടുന്നു. ഇതായിരുന്നു സർ സയ്യിദ് അഹ്മദ് ഖാന്റെ മുന്നിൽ ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബിനുണ്ടായിരുന്ന സ്ഥാനം.

ഒരു കാലത്തു മൗലവി നൂറുദ്ദീൻ സാഹിബ് വിജ്ഞാന സമ്പാദനത്തിന്നായി പല നാടുകൾ സഞ്ചരിച്ചു. പല മഹാത്മാക്കളേയും ആത്മീയ ഗുരുക്കളേയും സന്ദർശിച്ചു. അവരുടെ ശിഷ്യത്വം സ്വീകരിച്ചു അവരിൽ ചിലർക്കു അദ്ദേഹം ബൈഅത്ത് ചെയ്തു. എന്നിട്ടും അദ്ദേഹത്തിന്റെ ഹൃദയം ശാന്തമായില്ല. മറ്റെന്തിനോ വേണ്ടി അദ്ദേഹത്തിന്റെ ഹൃദയം പിടഞ്ഞു കൊണ്ടിരുന്നു. മനസ്സു ദാഹിച്ചു വലഞ്ഞു. ഇസ്ലാമിന്റെ ധാർമികവും ആധ്യാമികവുമായ ച്യുതിയിൽ അദ്ദേഹത്തിന്റെ മനസ്സു വല്ലാതെ വേദനിച്ചിരുന്നു. ഇതിനു പരിഹാരമായി അല്ലാഹുവുമായി പരിപൂർണ നിലയിൽ ബന്ധമുള്ള ഒരു ആത്മീയ പരിഷ്കർത്താവിനെയായിരുന്നു മൗലവി സാഹിബ് എപ്പോഴും അന്വേഷിച്ചു കൊണ്ടിരുന്നത്. അല്ലാഹുവിൽ നിന്നുള്ള പരിശുദ്ധാത്മാവായ ഒരു സത്യവാന്റെ വിളിക്കായി എന്നും അദ്ദേഹം കാതോർത്തിരുന്നു. എത്ര ശ്രമിച്ചിട്ടും താൻ ആഗ്രഹിക്കുന്നതും പ്രതീക്ഷിക്കുന്നതും കണ്ടെത്താനായില്ലല്ലോ എന്ന ചിന്തയിൽ അദ്ദേഹത്തിന്റെ മനസ്സു വല്ലാതെ വിഷമിച്ചു. അതിൽ അദ്ദേഹം വളരെയധികം ചിന്താകുലനായി. അതദ്ദേഹത്തെ വളരെയധികം അസ്വസ്ഥനാക്കി.

ഇസ്ലാമിനെ പുന:രുദ്ധരിക്കുന്നതിന്നായി അവസാന നാളിൽ അവതീർണരാകുമെന്നു അശ്റഫുൽ ഖൽഖ് ഹദ്റത്ത് മുഹമ്മദ് മുസ്തഫാ ഖാത്തമുന്നബിയ്യീൻ ഖൈറുൽ മുർസലീൻ (സ) സുവിശേഷം നൽകിയ ആ ഇമാമിന്റെ വിളിക്കായി എല്ലായിപ്പോ

ഴും അദ്ദേഹം കാതോർത്തു. ആ ഇമാമിനെ എല്ലായിടത്തും തെരഞ്ഞു. സർവ ശക്തനായ അല്ലാഹുവിനോടു അദ്ദേഹം ഉള്ളുരുകി നിരന്തരം ദുആ ചെയ്തു കൊണ്ടിരുന്നു. അല്ലാഹുവേ ഇസ്‌ലാം അങ്ങേയറ്റം നിസ്സഹായാവസ്ഥയിലാണുള്ളത്. നാലു ഭാഗത്തു നിന്നും അതാക്രമിക്കപ്പെട്ടു കൊണ്ടിരിക്കുകയാണു. അന്ധകാര നിബിഡമായ ഈ കാലഘട്ടത്തിൽ ഇസ്‌ലാമിനെ പ്രതിരോധിക്കാനും മറ്റു മതങ്ങളുടെ മേൽ വിജയം കൈവരിക്കാനും ഇസ്‌ലാമിന്റെ പഴയകാല പ്രതാപം വീണ്ടെടുക്കാനുമായി നിന്നിൽ നിന്നു പരിപൂർണ നേർമാർഗം പ്രാപിച്ച മാർഗദർശകനെ നീ ഞങ്ങൾക്കു പ്രദാനം ചെയ്യേണമേ.. ഇസ്‌ലാമിക വിശ്വാസത്തെ പുനരുജ്ജീവിപ്പിക്കുന്ന, തന്റെ ശത്രുക്കളേയും ദുഷ്ടന്മാരേയും ആത്മീയമായി നശിപ്പിക്കുന്ന ആ വ്യക്തിയിലേയ്ക്കു നീ എന്നെ നയിക്കേണമേ. ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബ് തുടർന്നു പറയുകയാണ്. എല്ലാ നൂറ്റാണ്ടിന്റേയും തലയ്ക്കൽ അല്ലാഹു അത്തരമൊരു പരിഷ്കർത്താവിനെ നിയോഗിച്ചയക്കുമെന്ന തിരുറസൂലിന്റെ തിരുവചനത്തിൽ പ്രതീക്ഷയർപ്പിച്ചു കൊണ്ട് അത്തരത്തിലുള്ള ഒരു മഹാത്മാവിനെ തേടി ഞാൻ വനാന്തരങ്ങളിലൂടെ സഞ്ചരിച്ചിട്ടുണ്ട്. മണലാരണ്യങ്ങൾ താണ്ടിയിട്ടുണ്ട്. ആ പ്രതീക്ഷയിൽ ഞാൻ അല്ലാഹുവിന്റെ ഭവനമായ പരിശുദ്ധ മക്കയിലും ചെന്നിട്ടുണ്ട്.

തിരുമേനി പ്രവചിച്ച ആ പരിഷ്കർത്താവിനെ അല്ലാഹുവിന്റെ മുത്തഖീങ്ങളായ പല ദാസർക്കിടയിലും ദീർഘമായ എന്റെ യാത്രയിൽ ഞാൻ അന്വേഷിച്ചു നടന്നു. അനുഗ്രഹീത നഗരമായ മക്കയിൽ പരിശുദ്ധരും മുത്തഖീങ്ങളുമായ സ്വന്തം ഗുരുനാഥന്മാരായ ശേഖ് ഹുസൈനുൽ മുഹാജിറിനെ പ്രതീക്ഷയോടെ ഞാൻ ഉറ്റുനോക്കി. ശേഖ് മുഹമ്മദ് അൽ ഖസ്റജി അൽ അൻസാരിയിലും മദീനയിൽ ശേഖ് അബ്ദുൽ ഗനി അൽ മുജദ്ദിദിയിലും പ്രതീക്ഷയർപ്പിക്കാൻ ഞാൻ ശ്രമിച്ചു. ഇവരെല്ലാം പാണ്ഡിത്യത്തിലും തഖ്‌വയിലും ഭയഭക്തിയിലും ഉന്നത നിലവാരത്തിലുള്ളവരായിരുന്നു. എന്നാൽ അവർ ആരും തന്നെ ഇസ്‌ലാമിന്റെ ശത്രുക്കൾക്കെതിരിൽ അണിനിരക്കുകയോ ഇസ്‌ലാമിനെതിരിൽ ഉന്നയിക്കപ്പെടുന്ന ആക്ഷേപങ്ങൾക്കു മറുപടി നൽകുകയോ ചെയ്തിരുന്നില്ല. അവരെല്ലാം തങ്ങളുടെ വിചാര വികാരങ്ങൾക്കനുസൃതമായി ആരാധനയിലും ദുആയിലും വ്യാപൃതരും അല്ലാഹുവിനെ ഭയപ്പെട്ടു ജീവിക്കുന്നവരുമായിരുന്നു.

വിദ്യാസമ്പാദനത്തിനായുള്ള വിദേശ വാസം കഴിഞ്ഞു നാട്ടിൽ തിരിച്ചെത്തിയ ശേഷവും അത്തരം മഹാത്മാക്കളെ ഞാൻ തേടി നടന്നു. എന്നാൽ ക്രിസ്ത്യാനികൾക്കോ ആര്യസമാജികൾക്കോ ബ്രഹ്മസമാജക്കാർക്കോ നിരീശ്വരവാദികൾക്കോ യുക്തിവാദികൾക്കോ പ്രകൃതിവാദികൾക്കോ അദ്വൈതവാദികൾക്കോ തത്വചിന്തകർക്കോ അതുപോലെ ജനങ്ങളെ വഴിതെറ്റിക്കുന്ന മറ്റു സംഘടനകൾക്കോ സധൈര്യം ഇസ്‌ലാമിക സന്ദേശം എത്തിക്കുകയും അവർക്കു തബ്ലീഗ് ചെയ്യുകയും ഇസ്‌ലാമിന്നെതിരിൽ അവരുന്നയിക്കുന്ന ആരോപണങ്ങൾക്കും പരിഹാസങ്ങൾക്കും കൃത്യവും ബുദ്ധിപരവുമായ മറുപടികൾ നൽകുന്ന ആരേയും ഞാൻ പണ്ഡിതരിൽ കണ്ടില്ല. ഇന്ത്യയിൽ ഒമ്പതു ലക്ഷത്തിൽ കൂടുതൽ വിദ്യാർഥികൾ മതപഠനം ഉപേക്ഷിച്ചു പാശ്ചാതൃ വിഷയങ്ങളും ഭാഷകളും പഠിക്കാനിറങ്ങുകയും മുസ്‌ലിംകൾക്കു പകരം അവിശ്വാസികളെയും ഇസ്‌ലാമിന്റെ ശത്രുക്കളേയും തങ്ങളുടെ ആത്മമിത്രങ്ങളും പ്രിയസുഹൃത്തുക്കളുമാക്കിയിട്ടും ഇസ്‌ലാമിന്നും മുസ്‌ലിംകൾക്കും എതിരിൽ ആറു കോടിയിലധികം പുസ്തകങ്ങളും മാസികകളും പ്രസിദ്ധീകരിക്കപ്പെട്ടിട്ടും ദീനിന്റെ മേലാളന്മാരെന്നും പറഞ്ഞു നടക്കുന്ന ഇവർ ഇതൊന്നും കണ്ടതായി ഭാവിക്കുകയോ അതിനെതിരിൽ സംഘടിതമായ പ്രവർത്തനങ്ങൾ കാഴ്ചവെക്കാൻ മെനക്കെടുകയോ ചെയ്തില്ല.

ഈ പണ്ഡിതന്മാർ കാര്യങ്ങളുടെ യഥാർഥ അവസ്ഥയെ കുറിച്ചു ബോധവാന്മാരായിരുന്നില്ല. അവർ നിഷ്ഫലവും അനാവശ്യവുമായ ചർച്ചകളിൽ തങ്ങളുടെ സമയം പാഴാക്കിക്കളയുകയായിരുന്നു ചെയ്തിരുന്നത്. എന്നിരുന്നാലും ചുരുക്കം ചില മഹാന്മാരുടെ പ്രവർത്തനങ്ങളെ നാം നന്ദിപൂർവം സ്മരിക്കേണ്ടതുണ്ട്. മഹാനായ ശേഖ് റഹ്മതുല്ലാഹ് സാഹിബ്, ഡോക്ടർ വസീർ ഖാൻ സാഹിബ്, ഡൽഹി ഇമാം അബ്ദുൽ മൻസൂർ സാഹിബ്, തൻസീഹുൽ ഖുർആന്റെ കർത്താവായ കാൺപൂരിലെ സയ്യിദ് മുഹമ്മദ് അലി സാഹിബ് തുടങ്ങിയവരുടെ പരിശ്രമങ്ങളേയും പ്രവർത്തനങ്ങളേയും നമുക്കു അവഗണിക്കാനാവുകയില്ല. പക്ഷേ, അവരുടെയെല്ലാം പ്രയത്നങ്ങൾ ഇസ്‌ലാമിന്റെ ശത്രുക്കളുടെ ഒരു വിഭാഗത്തിനു നേരെ മാത്രമായിരുന്നു. അവരോടൊപ്പം ദൈവിക സുവിശേഷങ്ങളോ ദൃഷ്ടാന്തങ്ങളോ അല്ലാഹുവിൽ നിന്നുള്ള പ്രവചനങ്ങളോ ഒന്നും തന്നെ ഉണ്ടായിരുന്നില്ല. എന്നാൽ ഈ മാർഗത്തിൽ ഏകനായി നെഞ്ചു വിരിച്ചു നിന്നു ശത്രുക്കളുടെ ആരോപണങ്ങൾക്കു തക്ക മറുപടി നൽകുന്ന ഇസ്‌ലാമിനു എല്ലാവിധ പിന്തുണയും സഹായവും പ്രദാനം ചെയ്യുന്ന ദൈവനിയുക്തനായ ഒരു മഹാപുരുഷനെയായിരുന്നു എന്റെ ഹൃദയം എന്നും കാണാൻ കൊതിച്ചിരുന്നത്.

ആയിടയ്ക്കു അതായത് 1880 ന്റെ അവസാനത്തിലോ 1881 ന്റെ ആരംഭത്തിലോ മുഹമ്മദ് ഹുസൈൻ സാഹിബ് ബട്ടാലവി ഇന്ത്യയിലെ മുഴുവൻ മതപണ്ഡിതരേയും വിളിച്ചു കൊണ്ട് അവരുടെ മുന്നിൽ ഒരു നിർദേശം വച്ചു. അദ്ദേഹം പറഞ്ഞു ലോകത്തു ഇസ്‌ലാമിന്റെ

പ്രചാരണ പ്രവർത്തനങ്ങൾക്കായി ഇന്ത്യയിലുള്ള മുഴുവൻ മുസ്‌ലിംകളും ചേർന്നു പൊതുവായ ഒരഞ്ചുമന് രൂപം നൽകണം. ക്രിസ്തീയ മിഷ്യനറിമാരെ പോലെ ഇസ്‌ലാമിന്റെ പ്രചാരണത്തിനായി ഉപദേശികളേയും പ്രാസംഗികരേയും ഇന്ത്യക്കകത്തും പുറത്തും അയക്കുക, ഇസ്‌ലാമിക സാഹിത്യങ്ങളും മറ്റു ആവശ്യമായ പുസ്തകങ്ങളും അച്ചടിച്ചു പ്രസിദ്ധീകരിക്കുക ഇസ്‌ലാമിക പഠനത്തിനായി മദ്റസകൾ ആരംഭിക്കുക തുടങ്ങിയ സംരംഭങ്ങൾ ഈ അഞ്ചുമന്റെ ഉത്തരവാദിത്വമായിരിക്കും. അദ്ദേഹം ഈ സംഘടനയ്ക്കു അഞ്ചുമൻ ഇശാഅത്തെ ഇസ്‌ലാം എന്ന പേരും നൽകി. ഇന്ത്യയിലെ പ്രശസ്തരായ പല മതപണ്ഡിതരും ഈ നിർദേശത്തെ ഹാർദമായി സ്വാഗതം ചെയ്തു. ആ കാലത്തെ പേരുകേട്ട പല പത്രങ്ങളും ഈ അഞ്ചുമനെ മുക്തകണ്ഠം പ്രശംസിക്കുകയും പിന്തുണച്ചു കൊണ്ട് ലേഖനങ്ങൾ എഴുതുകയും ചെയ്തിട്ടുണ്ടായിരുന്നു.

ഇസ്‌ലാമിനെ ആത്മാർഥമായി സ്നേഹിക്കുകയും അതിന്റെ ഉന്നമനത്തിനായി പ്രവർത്തിക്കുകയും അതിന്നായി തന്റെ തൻ, മൻ, ധൻ അർപ്പണം ചെയ്യാൻ ഒരുങ്ങിയിരിക്കുകയും ചെയ്യുന്ന ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബിനെ പോലുള്ളവർ ഈ അഞ്ചുമനിൽ ഒട്ടും വൈകാതെ അംഗങ്ങളായി. അതോടൊപ്പം ഏകാഭിപ്രായത്തോടെ അഞ്ചുമന്റെ ആസ്ഥാനമായി ലാഹോർ തെരഞ്ഞെടുക്കപ്പെടുകയും അവിടെ അഞ്ചുമൻ സ്ഥാപിക്കുകയും ചെയ്തു. മൗലവി നൂറുദ്ദീൻ സാഹിബിനെ കൂടാതെ ഇന്ത്യയിൽ അറിയപ്പെടുന്ന പണ്ഡിത കേസരികളായ മൗലവി സയ്യിദ് നദീർ ഹുസൈൻ സാഹിബ് മുഹദ്ദിസ് ദഹ്‌ലവി, മൗലവി മുഹമ്മദ് ഹുസൈൻ സാഹിബ് ബട്ടാലവി, മൗലവി അബ്ദുൽ ഹൈ സാഹിബ് ലഖ്നവി, ഹാഫിസ് മുഹമ്മദ് സാഹിബ് ലക്കൂകി, മൗലവി അഹ്മദുല്ലാഹ് സാഹിബ് അമൃതസരി, മൗലവി ഫസ്‌ലുദ്ദീൻ സാഹിബ് ഭേരവി, ഖലീഫ ഹമീദുദ്ദീൻ സാഹിബ്, ഖലീഫ റജബുദ്ദീൻ സാഹിബ് എന്നീ പ്രശസ്തർ ആദ്യ കാല അംഗങ്ങളിൽ ചിലരാണു.

അഞ്ചുമന്റെ ആദ്യ യോഗത്തിൽ തന്നെ അംഗങ്ങളുടെ സാമ്പത്തിക കഴിവനുസരിച്ചു വാർഷിക ചന്ദ നിശ്ചയിക്കപ്പെട്ടു. ഏറ്റവും വലിയ സംഖ്യയുടെ വാഗ്ദാനവും ചെറുതല്ലാത്ത സംഖ്യ റൊക്കമായും നൽകിയതു ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബ് ആയിരുന്നു. അഞ്ചുമന്റെ ചുമതലകൾ അദ്ദേഹം ആത്മാർഥമായി നിർവഹിച്ചു പോന്നു. അതിന്റെ പ്രവർത്തനങ്ങൾക്കായി ഭീമമായ സാമ്പത്തിക ത്യാഗവും അദ്ദേഹം തന്റെ ചുമലിലേറ്റി. ആ ആത്മാർഥതയും ത്യാഗ മനോഭാവവും അത്രകണ്ടു മറ്റുള്ളവർക്കില്ലായിരുന്നു. തൽഫലമായി അഞ്ചുമനു ഉദ്ദേശിച്ച പ്രവർത്തനവുമായി മുന്നോട്ടു പോകാൻ സാധിച്ചില്ല. എന്നാൽ യഥാർഥ കാരണം അതായിരുന്നില്ല. അവരെല്ലാവരും രാപ്പകൽ ആത്മാർഥമായി കഠിനാധ്വാനം ചെയ്താലും സാമ്പത്തികമായ ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്താലും അവർക്കു വിജയം കൈവരിക്കാൻ സാധിക്കുകയില്ലായിരുന്നു. കാരണം ഇശാഅത്തെ ഇസ്‌ലാം (ഇസ്‌ലാമിക പ്രവർത്തനങ്ങളും പ്രചാരണങ്ങളും) അല്ലാഹുവിനാൽ നിയമിക്കപ്പെടുന്ന മുഹമ്മദീ മസീഹിന്റെ കരങ്ങളിലൂടെയായിരുന്നു നടക്കേണ്ടിയിരുന്നത്. അപ്പോഴേക്കും ആ പുണ്യാത്മാവിന്റെ കാലം സമീപസ്ഥമായിക്കഴിഞ്ഞിരുന്നു. അതു അല്ലാഹുവിന്റെ വിധിയാണ്. അവിടെ മനുഷ്യകരങ്ങൾക്കു സ്ഥാനമില്ല. അതിനാൽ ആരംഭത്തിൽ വളരെയേറെ കൊട്ടിഘോഷിക്കപ്പെട്ട, പലരും മുക്തകണ്ഠം പ്രശംസിച്ച, സ്ഥാപകനായ മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി വളരെയേറെ പ്രതീക്ഷയർപിച്ച ആ അഞ്ചുമൻ ഇശാഅത്തെ ഇസ്‌ലാം മെല്ലെ മെല്ലെ അദ്ദേഹത്തിന്റെ ചിന്താമണ്ഡലത്തിലും അദ്ദേഹത്തിന്റെ തന്നെ മാസികയായ ഇശാഅത്തുസ്സുന്നയുടെ താളുകളിലും എന്നെന്നേക്കുമായി അടക്കം ചെയ്യപ്പെട്ടു.

മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി വിഭാവനം ചെയ്ത അഞ്ചുമന്റെ പരാജയത്തിനു ശേഷം ഹിജ്റ പതിനാലാം നൂറ്റാണ്ടിന്റെ ആദ്യ വർഷം 1301 ൽ അതായതു ക്രിസ്താബ്ദം 1884 ൽ സാമൂഹിക ചിന്തയും മതബോധവുമുള്ള, ഇസ്‌ലാമിനെ ഓർത്തു വേദനയും സഹതാപവും മനസ്സിൽ സൂക്ഷിക്കുന്ന ഏതാനും മുസ്‌ലിം സഹോദരങ്ങൾ വീണ്ടും ലാഹോറിൽ ഒത്തു ചേർന്നു കൊണ്ട് ക്രിസ്തീയ മിഷ്ണറിമാരുടെ ഇസ്‌ലാം വിരുദ്ധ പ്രവർത്തനങ്ങൾക്കും അതോടൊപ്പം പുതുതായി രൂപംകൊണ്ട ആര്യസമാജക്കാരുടെ ഇസ്‌ലാമിന്നെതിരിലുള്ള ശത്രുതാപരമായ പ്രവർത്തനങ്ങൾക്കും നീക്കങ്ങൾക്കും എങ്ങനെ തടയിടാമെന്നു നിരീക്ഷിച്ചു. അതുപോലെ മുസ്‌ലിംകളുടെ പതനത്തിനും അധോഗതിക്കുമുള്ള ഏക പരിഹാര മാർഗമെന്ന നിലയിൽ മതപരമായ വിദ്യാഭ്യാസത്തോടൊപ്പം ഭൗതിക വിദ്യഭ്യാസം ഒഴിച്ചു കൂടാനാകാത്തതാണെന്ന ഇന്ത്യൻ മുസ്‌ലിംകളുടെ മഹാനായ നേതാവ് സർ സയ്യിദ് ഖാൻ ബഹാദുറിന്റെ വാദത്തെ കുറിച്ചും അവർ അവധാനപൂർവം വിചിന്തനം ചെയ്യാൻ തുടങ്ങി. അങ്ങനെ ആ ആലോചനാ കമ്മിറ്റിയിലൂടെ കാലേകൂട്ടി ആലോചിക്കാതെ തന്നെ മറ്റൊരു സംഘടന ജന്മം കൊണ്ടു. അതിനവർ അഞ്ചുമൻ ഹിമായത്തുൽ ഇസ്‌ലാം എന്നു നാമകരണം ചെയ്യുകയും അതിന്റെ മൂന്നു പ്രധാന ലക്ഷ്യങ്ങൾ തീരുമാനിക്കപ്പെടുകയും ചെയ്തു. ഇസ്‌ലാമിന്നെതിരിൽ ഉന്നയിക്കപ്പെടുന്ന എല്ലാ ആരോപണങ്ങൾക്കും എഴുത്തിലൂടേയും പ്രസംഗത്തിലൂടേയും മറുപടി നൽകുക. ഇസ്‌ലാമിക മത പ്രചാരണം ശക്തിപ്പെടുത്തുക, മുസ്‌ലിം ആൺകുട്ടികളുടെയും

പെൺകുട്ടികളുടെയും ഭൗതികവും മതപരവുമായ വിദ്യഭ്യാസത്തിനു ആവശ്യമായതെല്ലാം തന്നെ സജ്ജീകരിക്കുക എന്നതായിരുന്നു അത്.

ഇസ്‌ലാം മത വിശ്വാസത്തെ ഏതു രീതിയിലും പരിപോഷിപ്പിക്കാൻ എന്നും ഉൽസുകനായിരുന്ന അതിനു പ്രഥമ സ്ഥാനം നൽകുന്ന ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബ് ഇവിടേയും തന്റെ വ്യക്തി മുദ്ര പതിപ്പിച്ചു. അദ്ദേഹം നേരത്തെ അഞ്ചുമൻ ഇശാഅത്തെ ഇസ്‌ലാമിനു നൽകിപോന്ന എല്ലാ സഹായ സഹകരണങ്ങളും അഞ്ചുമൻ ഹിമായത്തുൽ ഇസ്‌ലാമിനും നൽകാൻ തുടങ്ങി. അതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളുടെ വിജയത്തിനായി ഭാരിച്ച സാമ്പത്തിക സഹായത്തിനു പുറമെ വിജ്ഞാന പ്രദങ്ങളായ ലേഖനങ്ങളാലും സാധാരണക്കാർക്കു പ്രാപ്യമല്ലാത്ത ഖുറാനിക ജ്ഞാനങ്ങളുടെ മുത്തുകൾ വിതരണം ചെയ്തും ഉറങ്ങിക്കിടക്കുന്ന മുസ്‌ലിം സഹോദരങ്ങളെ ഉണർത്തിക്കൊണ്ടിരുന്നു. ഇസ്‌ലാമിക പ്രചാരണവും തബ്‌ലീഗും ഈ സംഘടനയുടെ പ്രഥമവും പ്രധാനവുമായ ലക്ഷ്യമായിരുന്നുവെങ്കിലും ആ കടമ ഇവിടെയും വേണ്ടവിധം നിർവഹിക്കപ്പെട്ടില്ല. കാരണം ആദ്യം പറഞ്ഞതു തന്നെ. ഇത്തരം പ്രവർത്തനങ്ങൾക്കു ചുക്കാൻ പിടിക്കാൻ മുസ്‌ലിം ലോകം കാലങ്ങളായി കാത്തിരിക്കുന്ന ദൈവ നിയോഗിതനായ ഒരു മുഹമ്മദീ മസീഹിന്റെ സാന്നിദ്ധ്യം അപരിഹാര്യമായിരുന്നു. അതിനാൽ ഇസ്‌ലാമിന്റെ 'ഇശാഅത്തും' (പ്രസിദ്ധീകരണവും ഘോഷണവും) 'ഹിമായത്തും' (പാലനവും പോഷണവും) ഞങ്ങൾ നടത്തുമെന്നു വീരവാദം മുഴക്കിയിരുന്ന ഇസ്‌ലാമിക ലോകത്തെ എല്ലാ അഞ്ചുമനുകളും സൊസൈറ്റികളും കമ്മിറ്റികളും വീരവാദികളും മെല്ലെ മെല്ലെ നിശ്ശബ്ദവും നിശ്ചലവുമായിക്കൊണ്ടിരുന്നു.

1884ന്റെ അവസാനത്തിലോ 1885 ന്റെ ആദ്യത്തിലോ മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബ് യാദൃഛികമായി ജമ്മുവിൽ വച്ചു ഒരാളെ പരിചയപ്പെട്ടു. പഞ്ചാബിലെ ഗുരുദാസ്പൂർ സ്വദേശിയായ അദ്ദേഹം ജമ്മുവിൽ ഹിന്ദു ധനാഢ്യനും പ്രമാണിയുമായ ഒരാളുടെ ഭൂസ്വത്തും വസ്തുവഹകളും നോക്കി പരിപാലിക്കുന്ന ജോലിയിൽ ഏർപ്പെട്ടിരുന്ന ശേഖ് റുക്ക്നുദ്ദീൻ സാഹിബ് ആയിരുന്നു അത്. തന്റെ സ്വദേശമായ ഗുരുദാസ്പൂർ ജില്ലയിലെ ഗ്രാമമായ ഖാദിയാനിൽ മിർസാ ഗുലാം അഹ്മദ് എന്നു പേരുള്ള ഒരാൾ ഇസ്‌ലാമിനെ പിന്തുണച്ചു കൊണ്ട് ധാരാളം ലഘു ലേഖകളും ഗ്രന്ഥങ്ങളും രചിക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്യുന്നുണ്ടെന്ന വിവരം ആദ്യമായി അദ്ദേഹമാണു മൗലവി സാഹിബിനു നൽകിയത്. ഒട്ടും വൈകാതെ ശേഖ് റുക്ക്നുദ്ദീൻ സാഹിബ് നൽകിയ മേൽവിലാസത്തിൽ ഹദ്റത്ത് മൗലവി സാഹിബ് മസീഹ് മൗഊദി (അ) നു കത്തയച്ചു ആ പുസ്തകങ്ങളും ലഘുലേഖകളും ജമ്മുവിൽ തന്റെ മേൽ വിലാസത്തിൽ വരുത്തി.

ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബിൽ ആ ഗ്രന്ഥങ്ങളും ലേഖനങ്ങളും ചെറുതല്ലാത്ത പ്രതീക്ഷയും പ്രഭാവവുമാണുണ്ടാക്കിയത്. അതിലൂടെ ജമ്മുവിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) വലിയ രീതിയിൽ ചർച്ചാ വിഷയമായി മാറി. അധികം നാളുകൾ കഴിഞ്ഞില്ല ഹദ്റത്ത് മൗലവി സാഹിബിനു സംസ്ഥാനത്തിന്റെ പ്രധാന മന്ത്രി കൂടിയായ ദീവാൻ അനന്ത് റാം മുഖേനയോ ദീവാൻ ഗോപിന്ത് സഹായിലൂടെയോ ഹദ്റത്ത് മസീഹ് മൗഊദി(അ) ന്റെ ആദ്യ വിജ്ഞാപനം കിട്ടി. ഏഷ്യാ, യൂറോപ്പ്, അമേരിക്ക എന്നിവിടങ്ങളിലെ മതനേതാക്കളേയും ചിന്തകരേയും സമൂഹത്തിലെ ഉന്നതസ്ഥാനിയരേയും അഭിസംബോധന ചെയ്തു കൊണ്ടുള്ള ആ വിജ്ഞാപനത്തിൽ ആ മഹാത്മാവ് തനിക്കു അല്ലാഹുവിൽ നിന്നു വെളിപാടുകൾ ലഭിക്കുന്നതായും അല്ലാഹു തന്നോടു സംസാരിക്കുന്നതായും താൻ ഹദ്റത്ത് റസൂൽ കരീമി (സ) ന്റെ പ്രവചനമനുസരിച്ചു ഇസ്‌ലാമിന്റെ പരിപോഷണത്തിനും നഷ്ടപ്പെട്ട പ്രതാപം വീണ്ടെടുക്കുന്നതിനുമായി ദൈവത്താൽ നിയോഗിതനായ ഇമാം മഹ്ദിയും മസീഹുമാണെന്നും ഇസ്‌ലാമിന്റെ സത്യതയും അതിന്റെ മഹനീയ സ്ഥാനവും നേരിൽ ബോധ്യപ്പെടുന്നതിനും അലൗകികവും മനുഷ്യകരങ്ങൾക്കതീതവുമായ ദൃഷ്ടാന്തങ്ങൾക്കും തെളിവുകൾക്കും എന്നെ സമീപിക്കാവുന്നതാണെന്നും അതിൽ വളരെ ശക്തിയായി പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നു. നേരത്തെ തന്നെ ബറാഹീനെ അഹ്മദിയായുടെ ഗ്രന്ഥകർത്താവിനെ നേരിൽ കാണണമെന്ന ആഗ്രഹം മനസ്സിൽ കൊണ്ടു നടക്കുകയായിരുന്ന മൗലവി സാഹിബിന്റെ ആഗ്രഹവും അഭിലാഷവും ഈ വിജ്ഞാപനം വായിച്ചതോടു കൂടി അനുദിനം വർദ്ധിക്കാൻ തുടങ്ങി.

മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബ് ആ കാര്യങ്ങൾ വിവരിച്ചു കൊണ്ട് പറയുകയാണു. ഹദ്റത്ത് മിർസാ സാഹിബിനെ കാണുവാനും കാര്യങ്ങൾ നേരിട്ടു മനസ്സിലാക്കുവാനുമായി ഞാൻ താമസിയാതെ തന്നെ ഖാദിയാനിലേയ്ക്കു പുറപ്പെടാൻ തീരുമാനിച്ചു. പുറപ്പെടുന്നതിനു മുമ്പും യാത്രയ്ക്കിടയിലും ഖാദിയാന്റെ സമീപത്തെത്തിയ ശേഷവും ഹൃദയവേദനയോടെ ഒരു തരത്തിൽ പറഞ്ഞാൽ പേടിച്ചു വിറച്ചു കൊണ്ട് അല്ലാഹുവിനോടു ഞാൻ ദുആ ചെയ്യുന്നുണ്ടായിരുന്നു. കുതിര വണ്ടിയിലായിരുന്നു യാത്ര. അങ്ങനെ കുതിര വണ്ടി ഖാദിയാൻ എത്തി. ചാലകൻ വണ്ടി ഒരു വീടിനടുത്തു നിർത്തി. സമീപത്തു തന്നെ കമാനാ (arch) കൃതിയിലുള്ള വലിയൊരു പ്രവേശന കവാടം കണ്ടു. അതിനകത്തു ചാർപായിൽ (ഉത്തരേന്ത്യയിൽ സാധാരണയായി ഉപയോഗിക്കുന്ന

നാലു കാലുള്ള മരച്ചട്ടയിൽ കയറുകൊണ്ടു മെടഞ്ഞുണ്ടാക്കുന്ന കട്ടിൽ) ഒരാൾ വലിയ ഗൗരവ ഭാവത്തിൽ ഉപവിഷ്ടനായിരിക്കുന്നതു വണ്ടിയിൽ ഇരുന്നു കൊണ്ടു തന്നെ കണ്ടു. ഞാൻ വണ്ടിയിൽ നിന്നും താഴെ ഇറങ്ങി. മിർസാ സാഹിബിന്റെ വീടേതാണെന്നു കുതിര വണ്ടിക്കാരനോടു വളരെ ഉദ്വേഗപൂർവം ആരാഞ്ഞു. അതിനു മറുപടിയായി ചാർപായിലിരിക്കുന്ന പ്രത്യേകരൂപവും ഭാവവുമുള്ള ആ താടിക്കാരനെ ചൂണ്ടി ഇയാളാണു മിർസാ സാഹിബെന്നു കുതിര വണ്ടിക്കാരൻ ആംഗ്യത്തിൽ പറഞ്ഞു. ഞാനയാളെ ഒന്നു നോക്കിയതേയുള്ളു. അല്ലാഹുവാണെ സത്യം എന്റെ സകല ആശകളും നിരാശയായി മാറി. എല്ലാ പ്രതീക്ഷകളും അസ്തമിച്ചു. എന്റെ സകല നാഡികളും തളർന്നുവെന്നു വേണമെങ്കിൽ പറയാം. ആ താടിക്കാരന്റെ ബാഹ്യരൂപവും കോലവും എന്നിൽ പറഞ്ഞറിയിക്കാനാവാത്ത നിശ്ചേതനത്വവും ജാള്യതയും ആലസ്യവുമാണുണ്ടാക്കിയത്. തിരിച്ചു പോകാൻ ഒരുങ്ങുന്ന കുതിര വണ്ടിക്കാരനോടു ഉടനെ തിരിക്കരുതെന്നും അൽപം കൂടി കാത്തിരിക്കണമെന്നും ഞാനും നിന്നോടൊപ്പം ഇപ്പോൾ തന്നെ തിരിച്ചു വരികയാണെന്നും പറഞ്ഞു. എനിക്കവിടെ അൽപം പോലും തങ്ങുക എന്നത് വളരെ ദുഷ്കരവും അസഹ്യവുമായി തോന്നി. അയാളുടെ ബാഹ്യരൂപം എന്നിലുളവാക്കിയ ദു:ഖവും നിരാശയും അത്ര വലുതായിരുന്നു. അത് എനിക്കും എന്റെ റബ്ബിനും മാത്രമേ അറിയുകയുള്ളു.

അൽപ നേരത്തെ മൗനത്തിനു ശേഷം വളരെ അസ്വസ്ഥനായ ഞാൻ അയാളുടെ അടുക്കൽ ചെന്നു. മനസ്സിനു ഒരു തരത്തിലും സമാധാനം ലഭിച്ചില്ല. ഞാൻ അന്വേഷിക്കുന്ന മിർസാ സാഹിബിനു ആത്മീയമായി ഞാൻ സ്വയം മനസ്സിൽ കെട്ടിപ്പൊക്കിയ രൂപത്തിനു തികച്ചും വിരുദ്ധമായി കണ്ട അയാളുടെ ബാഹ്യരൂപവും ഭാവവും എന്നിൽ അറപ്പും മനംപിരട്ടലും ഉളവാക്കി. അതെന്റെ ഹൃദയത്തെ വളരെ വലുതായി വൃണപ്പെടുത്തി. ബറാഹീനെ അഹ്മദിയ്യായുടെ ഗ്രന്ഥ കർത്താവായ മിർസാ സാഹിബ് എന്റെ മനസ്സിൽ പൂർണമായും വേറൊരാളായിരുന്നു. മുഹമ്മദ് മുസ്തഫാ (സ)തിരുമേനിയുടെ പ്രവചനമനുസരിച്ച് അവതീർണരായ ഇമാം മഹ്ദി, ഇസ്‌ലാമിന്റെ സത്യതയ്ക്കുള്ള തെളിവിനായി എന്റെ അടുക്കൽ വരൂ ഞാൻ ദൃഷ്ടാന്തം കാണിക്കാം എന്നു ശത്രുക്കളെ വെല്ലുവിളിക്കുന്ന ആ ദിവ്യപുരുഷൻ ഈ താടിക്കാരനാണെന്നു ഒരു നിമിഷം കരുതാൻ എന്നെ കൊണ്ടായില്ല. ഇയാളോടു സലാം ചൊല്ലാൻ പോലും എന്റെ ഹൃദയം ഇഷ്ടപ്പെട്ടില്ല.

എന്റെ മനസ്സിൽ നിറയെ വേദനയും വേവലാതിയുമായിരുന്നു. അതു വിവരിച്ചാൽ കേൾക്കുന്നവർ അതിവർണനയും അതിശയോക്തിയുമാണെന്നു പറഞ്ഞേക്കുമോ എന്നാണെന്റെ ഭയം. ഏതായാലും ഞാനയാളുടെ അടുത്തു കണ്ട മറ്റൊരു ചാർപായിൽ ചെന്നിരുന്നു. എന്നിട്ടു വളരെ ദു:ഖത്തോടെ ആശ്ചര്യത്തോടെ ആലോചിക്കാൻ തുടങ്ങി. ഞാനെന്തിനു ഇത്രയും യാത്രചെയ്തു ഇവിടം വരെ വന്നു. എന്തൊക്കെ പ്രതീക്ഷകളുമായിട്ടാണിവിടെക്കു ഞാൻ യാത്ര പുറപ്പെട്ടത്. ഇതാണോ ഇസ്‌ലാമിന്റെ പുനരുദ്ധാരകനായി അല്ലാഹുവിനാൽ എഴുന്നേൽപിക്കപ്പെട്ട വിമോചകൻ. ഈ ഉൽകൺഠയും അസമാധാനവും നിറഞ്ഞ മനസ്സുമായി ഞാൻ പലതും ആലോചിച്ചു കൊണ്ടിരിക്കുമ്പോൾ എന്റെ നേരെ തിരിഞ്ഞു കൊണ്ടയാൾ ചോദിച്ചു. താങ്കൾ എവിടെ നിന്നാണു? അയാളെ നോക്കാതെ ഒട്ടും തന്നെ മയമില്ലാത്ത സ്വരത്തിൽ മന:ക്ഷോഭത്തോടെ ഞാൻ പറഞ്ഞു "അങ്ങകലെ, മലകളുടെ ഭാഗത്തു നിന്ന്" ഏതാനും നിമിഷ നേരത്തെ ഇടവേളയ്ക്കു ശേഷം അയാൾ വീണ്ടും ചോദിച്ചു താങ്കളുടെ പേര് നൂറുദ്ദീൻ എന്നാണോ? ജമ്മുവിൽ നിന്നാണോ വരുന്നത്?താങ്കൾ മിർസാ സാഹിബിനെ കാണാൻ വന്നതായിരിക്കും അല്ലേ?

ഹോ, ആ വാക്കുകൾ കലുഷമായ എന്റെ മനസ്സിലും ഹൃദയത്തിലും മഞ്ഞു കോരി നിറച്ചു. കലങ്ങി മറിഞ്ഞ മനസ്സിനു അൽപം ആശ്വാസമായി. കുതിര വണ്ടിക്കാരൻ പറഞ്ഞതു പോലെ ഇയാൾ ഞാനന്വേഷിക്കുന്ന മിർസാ സാഹിബല്ലെന്നും മറ്റാരോ ആണെന്നും എനിക്കുറപ്പായി. എന്നിട്ടും ഒരു സാമാന്യമര്യാദ എന്ന നിലയിൽ താങ്കളാരാണെന്നു തിരിച്ചയാളോടു ചോദിക്കുവാൻ എന്റെ മനസ്സെന്നെ അനുവദിച്ചില്ല. ഞാൻ അയാളുടെ മൂന്നു ചോദ്യങ്ങൾക്കും ഉത്തരമായി രണ്ടക്ഷരമുള്ള ഒറ്റ വാക്കിൽ പറഞ്ഞു "അതെ, എന്നിട്ടു ഇത്രയും കൂടി പറഞ്ഞു താങ്കൾ മിർസാ സാഹിബിന്റെ വീടേതാണെന്നു പറഞ്ഞു തന്നാൽ വലിയ ഉപകാരമായിരുന്നു" അപ്പോൾ അയാൾ ഒരാളെ വിളിച്ചു ഹദ്റത്ത് മിർസാ സാഹിബിന്റെയടുക്കൽ വിവരം പറയുവാനായി അയച്ചു. എന്നിട്ടയാൾ എന്നെ നോക്കി വീണ്ടും പറഞ്ഞു, മിർസാ സാഹിബിന്റെ വീടു ഈ വീടിനു പുറത്താണു. അൽപം കഴിഞ്ഞതേയുള്ളു ഹദ്റത്ത് മസീഹ് മൗഊദി(അ)നെ വിവരമറിയിക്കാൻ പോയ ആൾ ഒരു കുറിപ്പുമായി തിരിച്ചു വന്നു. അസർ നമസ്ക്കാരത്തിനു കാണാമെന്നു അതിൽ എഴുതിയിട്ടുണ്ടായിരുന്നു. എന്റെ മനം കുളിർത്തു. എനിക്കു സമാധാനമായി. ഞാനവിടെ നിന്നെഴുന്നേറ്റു. കുതിര വണ്ടിക്കാരനോടു പോയ്കൊള്ളാൻ പറഞ്ഞു. (ഹദ്റത്ത് മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബ് കണ്ടുമുട്ടിയ ആ വ്യക്തി പിൽകാലത്തു ഹദ്റത്ത് മസീഹ് മൗഊദി (അ) നേയും അഹ്മദിയ്യാ ജമാഅത്തിനേയും പലതരത്തിൽ ബുദ്ധിമുട്ടിച്ച ഇസ്‌ലാം മതവികാരമോ മതചിന്തയോ തൊട്ടു തീണ്ടീട്ടി

ല്ലാത്ത മിർസാ ഇമാമുദ്ദീൻ ആയിരുന്നു അത്. മസീഹ് മൗഊദി (അ) ന്റെ പിതൃസഹോദരാനായ മിർസാ ഗുലാം മൊഹിയുദ്ദീൻ സാഹിബിന്റെ പുത്രനാണയാൾ)

ഹുസൂർ അസർ നമസ്ക്കാര നേരത്തു കോണിപ്പടി ഇറങ്ങി വരുന്നതു ഞാൻ കണ്ടു. ഞാൻ വളരെ പ്രതീക്ഷിച്ചകളോടെ കാണാൻ കൊതിച്ച ആ മിർസായെ ഞാൻ കണ്ടു. അതെ അതു തന്നെയാണു ആ മിർസാ. അദ്ദേഹത്തിന്റെ കാലിൽ വീഴാനും അദ്ദേഹത്തിൽ അലിഞ്ഞില്ലാതാവാനും എന്റെ മനസ്സു വെമ്പൽ കൊണ്ടു. ഒരൊറ്റ നോട്ടത്തിൽ ഞാൻ അദ്ദേഹത്തെ തിരിച്ചറിഞ്ഞു. അദ്ദേഹത്തിന്റെ മുഖകമലവും ബാഹ്യരൂപവും അത് വിളിച്ചോതുന്നുണ്ടായിരുന്നു. പ്രകാശം ഇറ്റി വീഴുന്ന വദനം. സന്തോഷാധിക്യത്താൽ ഞാനെന്റെ മനസ്സിൽ പറഞ്ഞു നാളുകളായി നീ തെരഞ്ഞു നടന്ന ആ പുണ്യപൂമാനിതാ നിന്റെ മുന്നിൽ. അല്ലാഹുവേ സർവസ്തുതിയും നിനക്കാകുന്നു.

നമസ്ക്കാര ശേഷം ഹുസൂർ എന്നോടു പറഞ്ഞു ഞാൻ സായാഹ്ന നടത്തത്തിന്നായി ഇറങ്ങുകയാണു. താങ്കൾ ഞങ്ങളോടൊപ്പം വരുന്നോ നടക്കാൻ? വിനയപുരസ്സരം ഞാൻ പറഞ്ഞു ജീ ഹുസൂർ. ഞങ്ങൾ ഹുസൂറിനോടൊപ്പം നടക്കാൻ തുടങ്ങി. വളരെ ദൂരം നടന്നു. ഹുസൂർ എന്നോടു പറഞ്ഞു തിരിച്ചു പോയാൽ താങ്കൾ വൈകാതെ വീണ്ടും വരുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. അപ്പോൾ ഞാൻ ജമ്മുവിൽ ജോലി ചെയ്യുകയായിരുന്നുവല്ലോ. പക്ഷേ, പിന്നീട് ഞാൻ വന്നു. ഹുസൂറിന്റെ അരികിലേയ്ക്കു. മടക്കമില്ലാത്ത വിധം. എല്ലാം ഉപേക്ഷിച്ചു കൊണ്ട്. എന്നെന്നേക്കുമായി. കാരണം അല്ലാഹു ഓരോ മുഅ്മിനും അന്തർജ്ഞാനവും വിവേകവും കാര്യപരിജ്ഞാനവും നൽകിയിട്ടുണ്ട്. അതിന്റെ വെളിച്ചത്തിൽ ഞാൻ എല്ലാം കണ്ടു. ഞാനെല്ലാം മനസ്സിലാക്കി. ആ സായാഹ്ന സവാരിക്കിടയിൽ നാളുകൾക്കു മുൻപു ജമ്മുവിൽ വച്ചു കണ്ട ഒരു സ്വപ്നം ഞാൻ ഹുസൂറിനെ കേൾപ്പിച്ചു. തിരുനബിയു (സ) മൊത്തുണ്ടായ പൂർത്തിയാകാത്ത ഒരു സ്വപ്നമായിരുന്നു അത്.

## ഒരു ദർശനവും അബൂഹുറൈറയുടെ ഹദീസും

ജമ്മുവിലെ ജുലാകാ മഹല്ല എന്നു പേരുള്ള തെരുവിൽ ഒരു പലവ്യഞ്ജന കടയുടെ മുന്നിൽ മരം കൊണ്ടുള്ള ഒരു പ്ലേറ്റുഫോമിൽ ഹദ്റത്ത് റസൂൽ കരീം(സ) ഉപവിഷ്ടരായിരിക്കുകയാണ്. ഞാൻ ആ കടയുടെ മുന്നിലൂടെ കടന്നു പോയപ്പോൾ തിരുമേനി എന്നെ വിളിച്ചുകൊണ്ട് പറഞ്ഞു നീ ഇവിടെ നിന്നു ആട്ട വാങ്ങിച്ചോളൂ. അങ്ങനെ ഞാൻ തിരുമേനിയുടെ അടുക്കൽ ചെന്നു. ഹുസൂർ ഒരു മരത്തിന്റെ ത്രാസെടുത്ത് ആട്ട തൂക്കി. ഞാൻ കുപ്പായത്തിന്റെ കീഴ്ഭാഗം തിരുമേനിയുടെ മുന്നിൽ നീട്ടിയപ്പോൾ തിരുമേനി ആട്ട അതിൽ ഇട്ടു തന്നു. അതു ഒരാളുടെ ഭക്ഷണത്തിനു മതിയായതായിരുന്നു. ശേഷം ഞാൻ തിരുമേനിയോടു ചോദിച്ചു യാ റസൂലല്ലാഹ്, അബൂഹുറൈറ അങ്ങയുടെ ധാരാളം ഹദീസുകൾ ഹൃദിസ്ഥമാക്കിയിട്ടുണ്ട്. മാത്രവുമല്ല അതദ്ദേഹം ദീർഘകാലം ഓർത്തു വെക്കാറുമുണ്ട്.

അങ്ങു ഇതിനായി വല്ല സൂത്രവും ഉപായവും പറഞ്ഞു കൊടുത്തതു കൊണ്ടാണൊ അദ്ദേഹത്തിനു ഇതു സാധ്യമായതു. തിരുമേനി പറഞ്ഞു അതെ. അപ്പോൾ ഞാൻ പറഞ്ഞു അല്ലാഹുവിന്റെ റസൂലേ, അങ്ങു അതെനിക്കും പറഞ്ഞു തരികയാണെങ്കിൽ ഞാനും ഹദീസുകൾ ധാരാളമായി മന:പ്പാഠമാക്കുമായിരുന്നു. തിരുമേനി പറഞ്ഞു അതു ഖുർആനിലുള്ള ഒരായത്താണു. ഞാനതു നിന്റെ ചെവിയിൽ പറഞ്ഞു തരാം. അപ്പോൾ ഞാൻ വളരെ ആവേശത്തോടും ഉത്സാഹത്തോടും കൂടി ചെവി തിരുമേനിയുടെ വായക്കരികിലേക്കു നീട്ടി. തിരുമേനി തന്റെ ചുണ്ടുകൾ എന്റെ ചെവിക്കു സമീപം കൊണ്ടു വന്നു. തിരുമേനി ഇപ്പോൾ എന്റെ ചെവിയിൽ പറയുമെന്ന ആകാംക്ഷയോടെ കാത്തിരുന്നപ്പോൾ സുഹർ നമസ്ക്കാരത്തിനുള്ള സമയമായെന്നും പറഞ്ഞു എന്റെ ശിഷ്യൻ ഖലീഫാ നൂറുദ്ദീൻ സാഹിബ് ജമ്മുനി (റ) എന്നെ വിളിച്ചുണർത്തി. അങ്ങനെ എന്റെ ആ അനുഗ്രഹീത സ്വപ്നം പൂർത്തിയായില്ല. സ്വപ്നം കേൾപിച്ച ശേഷം ആ സംഭവം പൂർത്തിയാകാതിരുന്നത് എന്തു കൊണ്ടാണെന്നു ഞാൻ ഹദ്റത്ത് മസീഹ് മൗഊദി (അ) നോടു ചോദിച്ചു.

എന്റെ ചോദ്യം കേട്ടപ്പോൾ ഹുസൂർ നടത്തം നിർത്തി അൽപ സമയം ഒരിടത്തു നിന്നു. എന്നിട്ടു എന്നെ നോക്കി മൗലാനാ റോമിയുടെ ഒരു ഫാർസി ഈരടി കേൾപ്പിച്ചു കൊണ്ട് പറഞ്ഞു താങ്കളെ വിളിച്ചുണർത്തിയ ആളുടെ പേരിന്റെ സമാനാർഥവും ആശയവും പ്രകടിപ്പിക്കുന്ന ഒരായത്തു ഖുർആനിലുണ്ട്. لَا يَمَسُّهُ إِلَّا الْمُطَهَّرُونَ എന്നതാണത്. (പരിശുദ്ധരാക്കപ്പെട്ടവരല്ലാതെ ഇതു സ്പർശിക്കുകയില്ല. വി.ഖുർആൻ 56:80). ചുരുക്കത്തിൽ എന്നെ സംബന്ധിച്ചിടത്തോളം എന്റെ ഹൃദയത്തിൽ വിതക്കപ്പെട്ട ആദ്യ വിത്തായിരുന്നു അത്. ഹദ്റത്ത് മിർസാ സാഹിബിന്റെ മറുപടിയിലെ ലാളിത്യവും അതിൽ അടങ്ങി യിരിക്കുന്ന ഉന്നതമായ ആശയവും ആരുടേയും ചിത്തം കവരുന്ന വ്യക്തി പ്രഭാവവും അതിമഹത്തായ ധാർമിക ഗുണങ്ങളും എന്റെ മനസ്സിനേയും ഹൃദയത്തേയും കീഴ്പ്പെടുത്തി. ഞാൻ പരിപൂർണമായ അർപണബോധത്തോടെ അദ്ദേഹത്തെ സ്നേഹിക്കാൻ തുടങ്ങി. ലോകത്തുള്ള ഏതു വസ്തുവിനേക്കാളും എന്റെ ഭാര്യാമക്കളേക്കാളും മാതാപിതാക്കളേക്കാളും ബന്ധുമിത്രാദികളെക്കാളും

സ്വത്തും സമ്പത്തിനേക്കാളും എല്ലാറ്റിലുമുപരി എന്റെ ജീവനേക്കാളും എനിക്കദ്ദേഹം പ്രിയങ്കരമായി അനുഭവപ്പെട്ടു. ഹദ്റത്ത് മൗലവി സാഹിബ് ആ ആദ്യ സന്ദർശനത്തിൽ തന്നെ ഹദ്റത്ത് മസീഹ് മൗഊദി (അ) നോടു തന്റെ ബൈഅത്തു സ്വീകരിക്കാൻ അപേക്ഷിച്ചു. ഈ കാര്യത്തിൽ അല്ലാഹുവിൽ നിന്നു യാതൊരു നിർദേശവും ലഭിച്ചിട്ടില്ലെന്നും അല്ലാഹുവിന്റെ കൽപനയനുസരിച്ചു മാത്രമേ തനിക്കു പ്രവർത്തിക്കാൻ സാധിക്കുകയുള്ളുവെന്നും ഹുസൂർ അതിനു മറുപടി നൽകി. അപ്പോൾ ബൈഅത്തു സ്വീകരിക്കുന്നതെപ്പോഴായാലും അതിന്റെ സമയം വന്നാൽ തന്റെ ബൈഅത്തു ആദ്യം സ്വീകരിക്കുമെന്ന വാഗ്ദാനത്തിനായി മൗലവി സാഹിബ് ഹുസൂറിനോടു അപേക്ഷിച്ചു. അതിനു മറുപടിയായി ഹുസൂർ പറഞ്ഞു,''ശരി, ഇൻശാഅല്ലാഹ് താങ്കൾക്കു ആദ്യം ബൈഅത്തു ചെയ്യുവാനുള്ള അവസരം നൽകുന്നതായിരിക്കും''

ആ കൂടിക്കാഴ്ചയിൽ ഹദ്റത്ത് മസീഹ് മൗഊദി(അ)നോടു താങ്കളുടെ ശിഷ്യത്വം സ്വീകരിച്ച ശേഷം ദൈവ സ്നേഹം കരസ്ഥമാക്കുവാനും അതു കൂടുതലായി ആർജ്ജിക്കാനുമായി ഞാൻ മറ്റു വല്ല പ്രത്യേകമായ മുജാഹിദയും (ശ്രമം, തീവ്രയത്നം,) ചെയ്യേണ്ടതുണ്ടോ എന്നു ഹദ്റത്ത് മൗലവി സാഹിബ് ആരാഞ്ഞപ്പോൾ ഹുസൂർ പറഞ്ഞു ഞാനൊരു മുജാഹിദ പറഞ്ഞു തരാം. താങ്കൾ അതു ചെയ്താൽ മതി. താങ്കൾ ഇസ്‌ലാമിനെ വിമർശിക്കുന്ന ക്രിസ്ത്യാനികൾക്കു ഖണ്ഡനമായി ഒരു ഗ്രന്ഥം രചിക്കണം. ഹുസൂർ പറഞ്ഞപ്പോൾ അങ്ങനെ ചെയ്യാമെന്നു മൗലവി സാഹിബ് സമ്മതം മൂളിയെങ്കിലും അദ്ദേഹം പിന്നീട് സ്വയം ആലോചിച്ചു അതെങ്ങനെ സാധ്യമാകാനാണു. എനിക്കാണെങ്കിൽ ക്രിസ്തു മതത്തെ കുറിച്ചോ ക്രിസ്തീയ പാതിരിമാർ ഇസ്‌ലാമിന്നെതിരിൽ ഉന്നയിക്കുന്ന ആരോപണങ്ങളെ കുറിച്ചോ വിമർശനങ്ങളെ കുറിച്ചോ യാതൊരറിവുമില്ല. മാത്രവുമല്ല ജമ്മുവിൽ എപ്പോഴും ജോലിത്തിരക്കാണ്. ഒഴിവു സമയം വളരെ കുറവാണ്. ഈ അവസ്ഥയിൽ ആവശ്യമായ പഠനവും ഗവേഷണവും എങ്ങനെ നടക്കും. ഹദ്റത്ത് മസീഹ് മൗഊദ് (അ) മറ്റൊരു കാര്യം കൂടി മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബിനെ ഓർമപ്പെടുത്തിയിരുന്നു. പറയപ്പെട്ട ഗ്രന്ഥ രചനയിൽ എപ്പോഴെങ്കിലും താങ്കളുടെ മുന്നിൽ ഉത്തരം കിട്ടാത്ത കുഴക്കുന്ന പ്രശ്നമോ ചോദ്യമോ വരികയാണെങ്കിൽ അതു ഒരു കടലാസ്സിൽ വൃത്തിയായി വലിയ അക്ഷരത്തിൽ എഴുതി താങ്കളുടെ ദൃഷ്ടി എപ്പോഴും പതിയുന്ന സ്ഥലത്തു ഒട്ടിച്ചു വയ്ക്കുകയോ തൂക്കിയിടുകയോ ചെയ്യുക. തീർച്ചയായും അല്ലാഹു തന്റെ പ്രത്യേകമായ കാരുണ്യവും അനുഗ്രഹവും താങ്കളുടെ മേൽ ചൊരിയുകയും പ്രശ്നം പരിഹരിക്കപ്പെടുകയും ചെയ്യും. ഹദ്റത്ത് മൗലവി സാഹിബ് പറയുകയാണു ദുആ സ്വീകാര്യതയുടെ ഈ മാർഗം എനിക്കു പരിചയമുള്ളതാണെങ്കിലും ഹദ്റത്ത് മസീഹ് മൗഊദ് (അ) എന്നെ അതിന്റെ ശക്തമായ പർവത ശിഖരത്തിലാണു കൊണ്ടെത്തിച്ചത്.

ഹദ്റത്ത് മസീഹ് മൗഊദി (അ) നു ക്രിസ്തു മതത്തെയാണു ശക്തമായി നേരിടാനുണ്ടായിരുന്നത്. അവരാണു ഇസ്‌ലാമിന്നെതിരിൽ പടപൊരുതുന്നതിൽ മുൻപന്തിയിൽ നിൽക്കുന്നത്. അതിനാൽ ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബിനെ പോലുള്ള ഒരു മഹാപണ്ഡിതൻ ക്രിസ്തു മതത്തെ കുറിച്ചു കൂടുതലായി പഠിക്കുകയും അവരുടെ ആരോപണങ്ങളെ കുറിച്ചു അവധാനപൂർവകമായ ദീർഘാലോചനയിലൂടെ കാര്യങ്ങൾ മനസ്സിലാക്കുകയും ചെയ്യുകയാണെങ്കിൽ അദ്ദേഹത്തെ ആ രീതിയിലും ജമാഅത്തിനു ഉപയോഗപ്പെടുത്താൻ സാധിക്കും എന്ന നിലക്കായിരിക്കാം ഇത്തരത്തിൽ ഒരു ഗ്രന്ഥം രചിക്കാൻ ഹുസൂർ നിർദ്ദേശിച്ചിട്ടുണ്ടാവുക എന്നു അനുമാനിക്കപ്പെടുന്നു.

ഇപ്പോൾ മൗലവി ഹക്കീം നൂറുദ്ദീൻ സാഹിബ് വളരെ സന്തോഷവാനാണു. ദീനിന്റെ കാര്യത്തിൽ അസ്വസ്ഥചിത്തനായ അദ്ദേഹം ഈ നൂറ്റാണ്ടിന്റെ മുജദ്ദിദും അവസാന കാലത്തെ നീതിമാനായ വിധി കർത്താവു കൂടിയായ മഹ്ദി മസീഹിനെ നേരിൽ കണ്ടെത്തിയതിലൂടെ കൈവരിച്ച സന്തോഷവും സമാധാനവുമായിരുന്നു അതു. പല ദിക്കുകളിലായി എത്രയോ കാലം അന്വേഷിച്ചു നടന്നിരുന്നതു ഈ പുണ്യപൂമാനെ തന്നേയായിരുന്നു. അദ്ദേഹം പറഞ്ഞു കരുണാവാരിധിയായ അല്ലാഹുവേ സർവസ്തുതിയും നിനക്കാകുന്നു. ഇതു നീ ഞങ്ങൾക്കു നൽകിയ മഹത്തായ അനുഗ്രഹവും ഔദാര്യവുമാണ്. ഹദ്റത്ത് മൗലവി സാഹിബ് ഖാദിയാനിൽ നിന്നു തിരിച്ചു പോയ ശേഷം മസീഹ് മൗഊദുമായുള്ള ബന്ധം കത്തിടപാടിലൂടെയായിരുന്നു നടത്തിയിരുന്നത്. ദീനിന്റെ പ്രധാന കാര്യങ്ങളെല്ലാം തന്നെ ഹദ്റത്ത് മസീഹ് മൗഊദ് (അ) മൗലവി സാഹിബിനെ അറിയിക്കുമായിരുന്നു. ഹദ്റത്ത് മൗലവി സാഹിബും തന്റെ വ്യക്തിപരവും മതപരവുമായ എല്ലാകാര്യങ്ങൾക്കും ഹുസൂറിന്റെ ഉപദേശ നിർദേശങ്ങൾ തേടാൻ തുടങ്ങി. അതോടൊപ്പം മസീഹ് മൗഊദിനോടുള്ള സ്നേഹത്തിലും ആദരവിലും ദീനിന്റെ കാര്യത്തിലുള്ള സേവനത്തിലും സഹായത്തിലും ആത്മാർഥമായി മുഴുകി.

ഹദ്റത്ത് മസീഹ് മൗഊദിന്റെ വാക്കുകളിൽ പറഞ്ഞാൽ നാഡിമിടിപ്പു എപ്രകാരം ഹൃദയത്തെ അനുഗമിക്കുന്നുവോ അതുപോലെ അദ്ദേഹം മസീഹ് മൗഊദിനെ അനുസരിക്കുമായിരുന്നു. തന്റെ സർവസ്വവും ബലികഴിക്കാൻ

അദ്ദേഹം എപ്പോഴും തയ്യാറായി. ഹദ്റത്ത് മൗലവി സാഹിബ് (റ) കാണിച്ച അനുസരണവും അദ്ദേഹം ചെയ്ത മാനസികവും ശാരീരികവും സാമ്പത്തികവുമായ ത്യാഗങ്ങളേയും സേവനങ്ങളേയും പ്രകീർത്തിക്കുകയും പ്രശംസിക്കുകയും ചെയ്തുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) തന്റെ സമുദായത്തിലെ മുഴുവൻ ആളുകളും നൂറുദ്ദീൻ ആയിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു എന്ന ആഗ്രഹം പ്രകടിപ്പിച്ചിരുന്നു. ഹുസൂർ ഇത് തന്റെ ഗ്രന്ഥങ്ങളിൽ ഉടനീളം പ്രകടമാക്കുകയും ചെയ്തിട്ടുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ് ഒരിടത്തു എഴുതുകയാണ്.

അദ്ദേഹം എന്റെ അടുക്കൽ വന്നു. ഞാനുമായി കണ്ടുമുട്ടി. എന്റെ ദൃഷ്ടികൾ അദ്ദേഹത്തിൽ പതിഞ്ഞു. അദ്ദേഹം എന്റെ നാഥനായ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽ ഒരു ദൃഷ്ടാന്തമാണെന്നു ഞാൻ തിരിച്ചറിഞ്ഞു. ഇദ്ദേഹത്തെ ലഭിച്ചത് നിരന്തരമായ എന്റെ പ്രാർഥനയുടെ ഫലമാണെന്നെനിക്ക് ദൃഢവിശ്വാസമുണ്ട്. ഇദ്ദേഹം അല്ലാഹുവിന്റെ തെരഞ്ഞെടുക്കപ്പെട്ടവരിൽ ഒരാളാണെന്നും എന്റെ ഉൾകാഴ്ചയും വിവേചനശക്തിയും എന്നോട് പറഞ്ഞു. (ആയിനെ കമാലാത്തെ ഇസ്ലാം പേജ് 581,582)

ഹുസൂർ മറ്റൊരിടത്തു എഴുതുകയാണു ഇത്രയും ഉന്നതസ്ഥാനിയനും ധർമാനുസാരിയും ദൈവ ചിന്തയുള്ളയാളും നേർമാർഗം പ്രാപിച്ചയാളും മഹാപണ്ഡിതനും കൂർമ ബുദ്ധിയും വിവേകമതിയും സൂക്ഷ്മജ്ഞാനമുള്ളവനുമായ ഒരാളെ എനിക്കു കൂട്ടുകാരനായി നൽകിയതിൽ ഞാൻ അല്ലാഹുവിനോടു അങ്ങേയറ്റം നന്ദിയുള്ളവനാണ്. അദ്ദേഹം അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുവാനായി ആത്മാർഥ സ്നേഹത്തോടെ അല്ലാഹുവിന്റെ സന്നിധിയിൽ തീവ്രയത്നം ചെയ്യുന്നയാളുമാണ്. (ഹമാമത്തുബുശ്റാ അറബി പരിഭാഷ പേജ് 16) (തുടരും)


കടപ്പാട് & അവലംബം

1. ഹയാത്തെ നൂർ By മൌലാനാ അബ്ദുൽ ഖാദർ സാഹിബ് സൌദാഗർ മൽ. റബ്‌വാ

2. താരീഖെ അഹ്മദിയ്യത്ത് വാല്യം മൂന്ന് By മൗലാനാ ദോസ്ത് മുഹമ്മദ് ശാഹിദ് സാഹിബ് റബ്‌വാ

3. മിർഖാത്തുൽ യഖീൻ ഫീ ഹയാതി നൂറുദ്ദീൻ By അക്ബർ ശാഹ് ഖാൻ സാഹിബ്. നജീബാബാദി.

4. ഹദ്റത്ത് മൌലവി നൂറുദ്ദീൻ സാഹിബ് (English) By ഹദ്റത്ത് സർ മുഹമ്മദ് സഫറുല്ലാഹ് ഖാൻ സാഹിബ് (റ)

5. സവാനിഹ് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ By റസിയ ദർദ് സാഹിബ കറാച്ചി.

6. അസ്ഹാബ് സിദ്ഖൊ വഫാ By നസ്റുല്ലാഹ് സാസിർ സാഹിബ് + ആസിം ജമാലി സാഹിബ


**പേജ് 12 ൽ നിന്ന് തുടർച്ച**

ജ്ഞാനങ്ങൾ ദൈവമിച്ഛിക്കുന്നവരിൽ മാത്രം വർഷിക്കപ്പെടുന്ന ദിവ്യ വെളിപാടുകൾ മുഖേന മാത്രമേ ലഭ്യമാവുകയുള്ളൂ. ഖുർആൻ പറയുന്നു.

***'അവന്റെ ഗോപ്യമായ അറിവ് ആർക്കും വെളിപ്പെടുത്തിക്കൊടുക്കുന്നതല്ല; അവൻ തൃപ്തിപ്പെടുന്ന ദൂതന്മാരൊഴികെ.'( 72: 27-28)***

പ്രവാചകൻമാരല്ലാത്തവർക്ക് ദിവ്യ സ്വപ്നങ്ങളിലൂടെയും ദർശനരൂപേണയും ശബ്ദരൂപേണയുമുള്ള വെളിപാടുകളിലൂടെ അദൃശ്യ ജ്ഞാനം ലഭിക്കുവാനുള്ള സാധ്യത മേൽ വചനങ്ങളിലെ രണ്ടാം സൂക്തം ഒരിക്കലും തള്ളിക്കളയുന്നില്ല എന്ന് നാം മനസ്സിലാക്കണം. ദൈവദൂതൻമാരല്ലാത്ത ആളുകൾക്ക് ലഭിക്കുന്ന ദൈവജ്ഞാനം ദൈവദൂതൻമാർക്ക് ലഭിക്കുന്ന ജ്ഞാനത്തേക്കാൾ ഉന്നതമായിരിക്കാനുള്ള സാധ്യതയെ മാത്രമാണ് ഇവിടെ നിഷേധിക്കപ്പെട്ടിട്ടുള്ളത്. പ്രവാചകൻമാരല്ലാത്തവർക്ക് നൽകപ്പെടുന്ന ജ്ഞാനത്തിന് വെളിപാടുകളിലൂടെയുള്ളതാണെങ്കിൽ പോലും ദൈവദൂതൻമാർക്ക് നൽകപ്പെടുന്ന വെളിപാടുകളുടെയത്ര വ്യക്തതയും സുനിശ്ചിതത്വവും, പൂർണ്ണതയും ഉണ്ടാവില്ല.

പ്രവാചകൻമാർക്ക് നൽകപ്പെടുന്ന ഈ ദിവ്യജ്ഞാനം മിക്കവാറും ആത്മീയ ജ്ഞാനമായിരിക്കും. അതുപോലെ മരണാനന്തര ജീവിതത്തെക്കുറിച്ചുള്ളതുമായിരിക്കും. ദൈവിക വെളിപാടുകളിൽ ലൗകിക ജ്ഞാനപരമായ ധാരാളം വിഷയങ്ങളും അടങ്ങിയിരിക്കും. ഇത്തരം ഭൗതിക ജ്ഞാന പ്രതിപാദനങ്ങൾ പ്രവാചകൻമാരുടെ സത്യസാക്ഷ്യത്തിലും വിശ്വാസികൾക്കുള്ള വിശ്വാസം ദൃഢീകരിക്കുന്നതിന് വേണ്ടി മാത്രം സന്ദർഭവശാൽ ഉൾപ്പെടുത്തപ്പെടുന്നവയാണ്. ഭൗതിക ജ്ഞാന ഗവേഷണങ്ങളിൽ വെളിപാടുകളുടെ സഹായമില്ലാതെ തന്നെ അദൃശ്യകാര്യങ്ങളെക്കുറിച്ച് അന്വേഷണം നടത്തുവാനുള്ള സ്വാതന്ത്ര്യം മനുഷ്യനുണ്ട്. ദൈവിക സഹായവും അനുമതിയും കൂടാതെ ദൈവിക ജ്ഞാനത്തിന്റെ ചെറിയൊരംശം പോലും പൂർണ്ണമായും ഗ്രഹിക്കാനുള്ള മനുഷ്യന്റെ കഴിവിനെയാണ് ഖുർആൻ സംശയാതീതമായി നിരാകരിക്കുന്നത്. അവന്റെ അറിവിൽ നിന്ന് അവൻ ഉദ്ദേശിച്ചതല്ലാതെ യാതൊന്നും അവർ പ്രാപിക്കുന്നില്ല.

സന്ദേശം വളരെ വ്യക്തമാണ്. അജ്ഞേയമായ മേഖലയിലെ ജ്ഞാനങ്ങൾ അല്ലാഹു അനുവദിക്കുന്ന അളവിൽ മാത്രമേ മനുഷ്യന് പ്രാപിക്കാൻ സാധ്യമാവൂ. ഭൗതികമാണെന്ന് പറയപ്പെടുന്ന ഗവേഷണങ്ങളും പര്യവേക്ഷണങ്ങളും പൂർണ്ണമായും ഭൗതികമല്ല എന്ന സൂചനയും ഇതിലടങ്ങിയിരിക്കുന്നു. ഓരോ കാലഘട്ടത്തിലും ഓരോ വിജ്ഞാന മേഖലകൾ തുറക്കപ്പെടുന്നു. അത് ദൈവികമായ ആസൂത്രണത്തിന്റെയും പരികൽപനയുടെയും ഫലമായിട്ടാണ്.

*(Revelation Rationality Knowledge and Truth- വിവ: എ.എം)*

ഭാഗം – 2

# നിരീശ്വരവാദം വിചാരണ ചെയ്യപ്പെടുന്നു

നവ നാസ്തികർ ആരംഭിച്ച യുക്തി വിചിന്തനങ്ങളും ധൈഷണിക സംവാദങ്ങളും പ്രപഞ്ചാസ്തിത്വത്തിന്റെ നിഗൂഢ യഥാർത്ഥ്യങ്ങൾക്ക് യാതൊരു ഉത്തരംനൽകുന്നില്ല. അയുക്തികമായ ദൈവനിഷേധത്തിന്റെ വൈകാരികത ഉത്തേജിപ്പിക്കാനുള്ള പൊള്ളയായ വാചക കസറത്തുകൾ മാത്ര മാണതെല്ലാം.

**സബാഹത്ത് അലി രജ്പുത്, മിഷ്ണറി, മെക്സിക്കോ**

പരിഭാഷ: താരിഖ് അലനല്ലൂർ

'ദുഷിച്ച മനസും തേനൂറുന്ന വാക്കുകളുമുള്ള ഒരുവൻ ജനങ്ങളെ സ്വാധീനിച്ചാൽ, രാജ്യത്തിന് വലിയ വിപത്ത് സംഭവിക്കും.' (Euripides, Orestes)

അറിവിന്റെയും ശാസ്ത്രത്തിന്റെയും പ്രകാശമേന്തുന്നവർ ദൈവത്തെ അന്വേഷിക്കുമ്പോൾ ആ പ്രകാശം കെട്ട് പോയാലെന്ത് സംഭവിക്കും? അന്വേഷണത്തോടുള്ള തങ്ങളുടെ പ്രായോഗികമായ സമീപനത്തിൽ നവനാസ്തികർ അഹങ്കരിക്കുന്നുണ്ടെങ്കിലും, അശാസ്ത്രീയമായ അന്വേഷണരീതികളുടെ നിർലജ്ജമായ ഉപയോഗവും യുക്തിവാദങ്ങളുമാണ് അവരുടെ ദൈവനിന്ദയിൽ അടങ്ങിയിരിക്കുന്നതെന്ന് അവരുടെതന്നെ എഴുത്തുകൾ സമഗ്രമായി വിശകലനം ചെയ്യുമ്പോൾ വ്യക്തമാവുന്നു.

ഒരു ശരാശരി മനുഷ്യന്റെ മതത്തോടുള്ള വിമുഖതയെ ചൂഷണം ചെയ്യാനും വായനക്കാരെ കുഴപ്പിക്കാനുമുള്ള കൗശലശ്രമത്തിൽ, ആധുനിക നിരീശ്വരവാദികളുപയോഗിക്കുന്ന വിദ്യകളെല്ലാം അവിദഗ്ധവും പരിഹാസപാത്രവുമായിത്തീരുന്നു. പൊതുജനങ്ങളുടെ ദൃഷ്ടിയിൽ മതങ്ങളെ പൈശാചികമായി ചിത്രീകരിക്കാനും, അത് വഴി ദൈവാസ്തിക്യത്തെ സംബന്ധിച്ച് സംശയവും വിദ്വേഷവും പ്രചരിപ്പിക്കാനുമാണവർ ഇച്ഛിക്കുന്നത്.

### മനപൂർവമായ അവഗണന (Paralepsis)

ഗ്രീക്കുഭാഷയിൽ നിന്ന് രൂപംകൊണ്ട ഒരു പദമാണ് പാരലെപ്സിസ്. (ഒരു ചോദ്യത്തിന് ഉത്തരം പറയുന്നതിൽ നിന്ന് ഒഴിഞ്ഞുമാറുന്നതിനായി, ആ ചോദ്യത്തെ പരിഗണിക്കപ്പെടാൻ അനർഹവും അപ്രധാനവുമെന്ന് വിധിയെഴുതി മാറ്റി നിർത്തുന്ന രീതി) ഒരു കാര്യത്തെ അപ്രധാനമെന്ന് പറഞ്ഞ് മനപൂർവം അവഗണിക്കുകയെന്നാണ് ഈ പദത്തിന്റെ അർഥം. ഒരു വിഷയത്തെപ്പറ്റി പരാമർശിക്കാൻ പോലും അർഹതയില്ലെന്ന് വരുത്തിത്തീർക്കാനുള്ള മാർഗമായാണ് പ്രഭാഷകർ ഈ രീതി ഉപയോഗിക്കുന്നത്. അതിനെപ്പറ്റി പരാമർശിക്കാതെത്തന്നെ അതിലേക്ക് ശ്രോതാക്കളുടെ ശ്രദ്ധ കൊണ്ടുവരാനും അതുവഴി ആ വിഷയത്തെ അപമാനിക്കാനുമാണ് അവരുദ്ദേശിക്കുന്നത്. ഉദാഹരണമായി ഈ വചനം പരിശോധിക്കുക: 'നമുക്ക് 9 /11 നെ മറക്കാം. ലണ്ടൻ സ്ഫോടനത്തെയും അമേരിക്കയിൽ നടന്ന മറ്റ് അക്രമണങ്ങളെയുമെല്ലാം നമുക്ക് വിസ്മൃതിയിലേക്ക് തള്ളിക്കളയാം. കാരണം ഇസ്‌ലാമെന്നാൽ സമാധാനമെന്നാണ് സുഹൃത്തുക്കളെ.' (അമേരിക്കയിലെ ലോകവ്യാപാര കേന്ദ്രത്തിന്റെ (World Trade Centre) ഇരട്ട കെട്ടിട സമുച്ഛയങ്ങൾ തകർത്തുകൊണ്ട് തീവ്രവാദസംഘടനയായ അൽഖ്വയ്ദ 2011 സെപ്തംബർ 11 നു നടത്തിയ ഭീകരാക്രമണത്തെയാണ് 9/11 എന്ന് വിശേഷിപ്പിക്കുന്നത്)

മുകളിൽ പറയപ്പെട്ട വൻവ്യാപ്തിയുള്ള നിന്ദ്യമായ പ്രവർത്തനങ്ങൾക്ക് ഇസ്‌ലാമുമായി യാതൊരു ബന്ധവുമില്ല. മനപൂർവം അവയെ മറക്കാൻ പറയുന്നതിലൂടെ, ഭൂരിഭാഗം പാശ്ചാത്യരുടെയും മനസിൽ തളംകെട്ടി നിൽക്കുന്ന ഒരു ഭീകരകളവിനെ ഊതിവീർപ്പിക്കാനാണ് ആധുനിക നാസ്തികർ ശ്രമിക്കുന്നത്. എന്നാൽ തെറ്റിദ്ധാരണയുടെ ആപൽക്കരമായ വിപത്താണ് ഇതിലൂടെ വിതക്കപ്പെടുന്നതെന്നതാണ് യാഥാർഥ്യം. ആധുനിക നിരീശ്വരവാദികൾ ഉപയോഗിക്കുന്ന വാചാടോപരീതികളിൽ വെച്ച് ഏറ്റ

വും എളുപ്പമുള്ളതും വൻ പ്രഹരമേൽപിക്കാൻ ഉതകുന്നതുമായ ഒരു രീതിയാണ് പാരലെപ്സിസ്. കാരണം, ഒരൊറ്റ വാക്യത്തിലേക്ക് അനേകം അസത്യങ്ങളെ കുത്തിനിറക്കാൻ അത് സഹായിക്കുന്നു. അതിനാൽ, ഒരു ആരോപണത്തോട് പൊരുത്തപ്പെട്ട് വരുമ്പോഴേക്കും മറ്റൊരു ആരോപണം ജനമനസ്സിൽ വർദ്ധിതവീര്യത്തോടെ പറ്റിപ്പിടിക്കുന്നു.

അത്തരമൊരു മിഥ്യാധാരണയുടെ മറ്റൊരു ഉദാഹരണമാണ് 'നിരീശ്വരവാദികൾക്കുള്ള മത'മെന്ന (Religion for atheists) ഗ്രന്ഥത്തിലൂടെ അലൻ ഡി ബട്ടൺ (Alain de Botton) നൽകുന്നത്. 'ഒരു മതം സത്യമാണോ അല്ലയോ?' എന്ന ചോദ്യത്തെ നിസ്സാരമെന്ന രീതിയിൽ തള്ളിക്കളയാനാണ് അദ്ദേഹം തന്റെ ഗ്രന്ഥത്തിലുടനീളം ശ്രമിക്കുന്നത്. ലോകത്തിലെ സർവ്വമതങ്ങൾക്കും മേൽ ഒരു തീർപ്പ് കൽപിച്ചുകൊണ്ടാണ് അദ്ദേഹം തന്റെ ഗ്രന്ഥം ആരംഭിക്കുന്നത്. നിഷേധാത്മകമായി അദ്ദേഹം ഇപ്രകാരം പ്രഖ്യാപിക്കുന്നു:' ദൈവം നൽകിയ ഇന്ദ്രിയങ്ങളാൽ (God-given sense) സത്യമെന്ന് തെളിയിക്കപ്പെടുന്ന ഒരു മതം പോലും ലോകത്തില്ലെന്ന് നമുക്ക് തീർച്ചപ്പെടുത്തി പറയാം' ഒന്നിൽ കൂടുതൽ മതങ്ങളുടെ യഥാർത്ഥാധ്യാപനങ്ങൾ ബട്ടൺ പഠനവിധേയമാക്കിയിട്ടുണ്ടോയെന്ന ചോദ്യം ഒരുവന് ചോദിക്കാവുന്നതാണ്. അല്ലെങ്കിൽ, ലോകമതങ്ങളുടെ ദൈവീകതയുടെമേൽ സുവ്യക്തവും സമ്പൂർണവുമായൊരു വിധിയെഴുതാനുള്ള അത്ഭുതശക്തി തനിക്കെവിടെ നിന്ന് കിട്ടിയെന്ന് അദ്ദേഹത്തിന് സ്വയം വ്യക്തമാക്കാം. 'നിഷ്പക്ഷഗവേഷണ (Unaffected Research)'ത്തിലെ വിജയി എന്ന നവനാസ്തികരുടെ അവകാശവാദത്തെ പൊളിച്ചെഴുതുന്നതാണ് ഇത്തരം പ്രസ്താവനകൾ.

മറ്റൊരു അപ്രാപ്യമായ സ്ഥാനം കൂടി പാരലെപ്സിസിനുണ്ട്. അനുകൂലതെളിവുകളെ പരിഗണിക്കുന്നതിനെ തള്ളിക്കളയുക മാത്രമല്ല, സ്ഥിരീകരിക്കപ്പെടാത്ത തെളിവുകളെ അവർ വസ്തുതകളാക്കി മാറ്റി വായനക്കാരുടെ മേൽ അടിച്ചേൽപ്പിക്കുകയും ചെയ്യുന്നു.

ഉദാഹരണത്തിന്, രണ്ട് തീക്ഷ്ണമായ കാര്യങ്ങൾ ചൂണ്ടിക്കാട്ടാനാണിവിടെ അലൻ ഈ രീതി ഉപയോഗിക്കുന്നത്. സർവമതങ്ങളുടെയും കപടത കാലങ്ങളായി സമ്മതിക്കപ്പെട്ടതാണെന്നും സംശയാതീതമായി തെളിയിക്കപ്പെട്ടതാണെന്നും തെറ്റിദ്ധരിപ്പിക്കാൻ, അദ്ദേഹം ഉപയോഗിച്ച 'തീർച്ച' യെന്ന പദം കൊണ്ട് സാധിക്കുന്നു. സമാനമായ രീതിയിൽ 'നമുക്ക്' എന്ന പദം അദ്ദേഹം പ്രയോഗിച്ച് കൊണ്ട് അതിലെ ഒരു ഭാഗമാവാൻ തന്റെ വായനക്കാരെ ക്ഷണിക്കുകയും, അത് വഴി അവരുടെ അന്വേഷണോത്സാഹത്തെ തളർത്തുകയും ചെയ്യുന്നു. എഴുത്തുകാരനും വായനക്കാരനും ഒരേ അഭിപ്രായക്കാരാണെന്ന് വരുത്തിത്തീർക്കാനാണ് അദ്ദേഹം ഈ ശ്രമമത്രയും നടത്തുന്നതെന്ന് വ്യക്തം.

അങ്ങേയറ്റം നിസാരവും ഹീനവുമായ രീതിയിൽ ഈ വിഷയത്തെ തള്ളിക്കളയാനുള്ള സമീപനമാണ് 'ഡാനിയേൽ ഡെന്നെറ്റ്'ന്ന (Daniel Dennett) നാസ്തികരചയിതാവും സ്വീകരിക്കുന്നത്. അദ്ദേഹം ഇപ്രകാരം എഴുതുന്നു:

'ഒരു ശാസ്ത്രസിദ്ധാന്തത്തെ നിഷേധിക്കുന്നുവെന്ന രീതിയിൽ ദൈവാസ്തികൃമെന്ന വിഷയത്തെ കാണുകയും, അതിനനുകൂലവും പ്രതികൂലവുമായ വാദങ്ങൾ അന്വേഷിക്കുന്നതിലേക്ക് കുശാഗ്രബുദ്ധികളായ നമ്മളിൽ പലരും (നാസ്തികർ) നമ്മുടെ ജീവിതത്തിലെ ഒരുപാട് സമയവും ഊർജവും അർപ്പിക്കുകയും ചെയ്തിരിക്കുന്നു. പക്ഷെ ഞാനതിൽ ഉൾപ്പെടുന്നില്ല. കാരണം, ദൈവാസ്തികൃത്തിന് അനുകൂലമായി ഉയർത്തപ്പെട്ടിട്ടുള്ള വാദങ്ങളിലൊന്നുംതന്നെ യാതൊരു കഴമ്പുമില്ലെന്ന് കുറച്ച് കാലം മുൻപേ ഞാൻ തീരുമാനിച്ചുറപ്പിക്കുകയും, ഈ സംവാദത്തിൽ ഇരുഭാഗത്ത്നിന്നും ഒരു വഴിത്തിരിവുമുണ്ടാകില്ലെന്ന് ഞാൻ സംശയിക്കുകയും ചെയ്യുന്നു.'

ന്യായമായ അന്വേഷണത്തിന്റെ നിർലജ്ജവും സ്പഷ്ടവുമായ അഭാവമാണ് പാരലെപ്സിസ് എന്ന രീതിയിൽ ആവർത്തിച്ചുപയോഗിക്കപ്പെടുന്നത്. യുക്തിയുടെ അടിസ്ഥാനം ശാസ്ത്രരീതികളിലാണെന്ന് സമ്മതിക്കുന്നവരാണ് ഈ നാസ്തികരെന്നും നാം മറന്നുകൂടാ. സ്വപദ്ധതികളുള്ള ഇത്തരം വിഖ്യാതരുടെ വാചാടോപങ്ങൾ സൂക്ഷ്മമായി പരിശോധിക്കുമ്പോൾ, അവയെല്ലാം തന്നെ ശാസ്ത്രരീതികളുടെ പ്രശസ്തതത്വങ്ങളെ ലംഘിക്കുന്നവയാണെന്ന് വ്യക്തമാവുന്നു.

അളന്നുതിട്ടപ്പെടുത്തിയ യുക്തിയും, കണക്ക്കൂട്ടിയ ന്യായവാദങ്ങളും, ശാന്തമായ അന്വേഷണവുമെല്ലാം എവിടെപ്പോയി? ശാസ്ത്രാന്വേഷണങ്ങളുടെ അടിസ്ഥാനതത്വങ്ങളെ ലംഘിക്കുന്ന മുസ്‌ലിം മതവിശ്വാസികളെ കുറ്റപ്പെടുത്തുന്ന നാസ്തികർ, ആ മതത്തോടുള്ള വിദ്വേഷത്തിൽ നിന്ന് രൂപംകൊണ്ട അന്ധതയാൽ, ഇതേ തത്വങ്ങളിൽ വിട്ടുവീഴ്ച വരുത്താനും അവഗണിക്കാനും ധൈര്യപ്പെടുന്നു. മാത്രമല്ല, ദൈവാസ്തികൃത്തെ അനുകൂലിച്ചും പ്രതികൂലിച്ചുമുള്ള വാദങ്ങളിലേക്ക് ശ്രദ്ധ ചെലുത്തുന്നതിൽ തന്റെ സമയവും ഊർജവും നഷ്ടപ്പെടുത്തിയിട്ടില്ലെന്ന് ഡെന്നെറ്റ് സ്വയം തുറന്ന് സമ്മതിക്കുകയും ചെയ്യുന്നു.

ന്യായമായ അന്വേഷണത്തിന്റെ ആദർശങ്ങളിൽ എന്താണിനി അവശേഷിക്കുന്നത്? മതിയായ

അന്വേഷണം പോലും നടത്താതെ ദൈവമില്ലായെന്ന് 'തീരുമാനിച്ച' ഒരാൾക്ക്, ശാസ്ത്രീയമായ തെളിവുകളില്ലാതെ ദൈവമുണ്ടെന്ന് 'തീരുമാനിച്ച' ആളുകളെ കുറ്റപ്പെടുത്താനെന്തവകാശം? ഇസ്ലാം ഇവ രണ്ടിനെയും എതിർക്കുകയും, അതിനെ യുക്തിരഹിത അബദ്ധമായി മാത്രം കാണാതെ, ഒരു പാപമായി കൂടി കണക്കാക്കുന്നുവെന്നത് ശ്രദ്ധേയമായ കാര്യമാണ്. സിദ്ധാന്തപരമായ തീർപ്പിലെത്തിയൊരു കാര്യം പോലും നിരന്തരമായ വെല്ലുവിളികൾ നേരിട്ടേക്കുമെന്ന് ഒരു തത്വചിന്തകനെന്ന നിലയിൽ അദ്ദേഹത്തിന് ബോധ്യമുള്ള കാര്യമാണ്.

നാടോടിക്കഥകളോടും, കെട്ടുകഥകളോടും ദൈവവിശ്വാസത്തെ തുലനം ചെയ്യുന്ന യുക്തിരഹിതമായ രീതി സ്വീകരിക്കാനാണ് ഡെന്നറ്റിനെ പോലുള്ള ആധുനിക നാസ്തികർ ഇഷ്ടപ്പെടുന്നത്. അതിനാൽതന്നെ ഒരു ആധുനിക നാസ്തികൻ ഇപ്രകാരം തർക്കിച്ചേക്കാം:

ആധുനിക നിരീശ്വരവാദത്തിന്റെ 'നാല് കുതിരപ്പടയാളികൾ' (ബൈബിളിലെ ഒരു പ്രയോഗം) തുടർന്നുപോരുന്ന വാദങ്ങളാണിവ(അവയെ വാദങ്ങളെന്ന് വിശേഷിപ്പിക്കാൻ പറ്റുമെങ്കിൽ മാത്രം). ആ വാദങ്ങൾ യുക്തിരഹിതമായ മിഥ്യകൾ മാത്രമാണ്. (സാം ഹാരിസ് (Sam Harris), റിച്ചാർഡ് ഡോക്കിൻസ് (Richard Dawkins), ഡാനിയേൽ ഡെന്നെറ്റ് (Daniel Dennett), ക്രിസ്റ്റഫർ ഹിച്ചെൻസ് (Christopher Hitchens) എന്നിവരാണ് ആധുനിക നിരീശ്വരവാദത്തിന്റെ നാല് പടയാളികളെന്ന് (Four Horsemen of New Atheism) അറിയപ്പെടുന്നത്. എന്ത്കൊണ്ട് അവ യുക്തിരഹിതങ്ങളായിയെന്നതിന് മൂന്ന് കാരണങ്ങളാണുള്ളത്.

1. പ്രപഞ്ചത്തിന്റെ പരമവും യഥാർത്ഥവുമായ കാരണത്തിൽ വിശ്വസിക്കുന്നത് പോലെ ആരും തന്നെ കൽപിതകഥകളിൽ വിശ്വസിക്കുന്നില്ല.

2. അത്തരം കഥകൾ നിലനിൽക്കുന്നുണ്ടോ ഇല്ലയോ എന്നത് ഒരു ശരാശരി മനുഷ്യന് ഗൗരവമായ ചർച്ചാവിഷയമേ അല്ല. ഭൂരിപക്ഷ മനുഷ്യരുടെയും വിശ്വാസങ്ങളുമായി അവയ്ക്ക് യാതൊരു ബന്ധവുമില്ല. എന്നാൽ ദൈവസങ്കൽപത്തോട് യോജിച്ചു നിൽക്കുന്ന ഒരുപാട് ആളുകളെ കണ്ടെത്താൻ സാധിക്കും.

3. തിരിച്ചറിയപ്പെടണമെന്ന് ആഗ്രഹിക്കുന്ന ഒരു ദൈവത്തിന്റെ നിലനിൽപിൽ വിശ്വസിക്കുന്നതിന്റെ പ്രാധാന്യം, കൽപിത കഥകളുടെയോ അവയിലെ കഥാപാത്രങ്ങളുടെയോ നിലനിൽപ്പിനില്ല.

ഇതിലെ ആദ്യത്തേത് വലിയ പ്രാധാന്യമർഹിക്കുന്നതാണ്. പ്രപഞ്ചത്തെ സൃഷ്ടിക്കാനും നിയന്ത്രിക്കാനുമുതകുന്ന ഒരു ബലമുണ്ടോ എന്ന ചോദ്യം ഒരു ഭാഗത്ത് നിറഞ്ഞുനിൽക്കുമ്പോൾ, കെട്ടുകഥകളിൽ വിശ്വസിക്കുന്ന ഒരുപിടി ആളുകളെ കണ്ടെത്തുകയെന്നത് തന്നെ ദുർഘടമായിരിക്കും. പ്രപഞ്ചത്തിന്റെ സ്രഷ്ടാവും, അതിനെ ക്രമപ്പെടുത്തുകയും വികസിപ്പിക്കുകയും നിലനിർത്തുകയും ചെയ്യുന്നവനുമായ സർവശക്തനായ ദൈവത്തെ കൽപിതകഥകളോട് താരതമ്യപ്പെടുത്തുന്ന ഈ വാദം യുക്തിരഹിതമായ ഒരു അടവ് മാത്രമാണ്. അറബി തത്വശാസ്ത്രത്തിൽ ഇത് 'ഖിയാസ് മഅൽ ഫാരിഖ്' എന്ന് വിശേഷിപ്പിക്കപ്പെടുന്നു. രണ്ട് വ്യത്യസ്തങ്ങളായ കാര്യങ്ങളെ താരതമ്യപ്പെടുത്തുന്നതിലെ യുക്തിരാഹിത്യമെന്നാണ് ഇതിന്റെ വിവക്ഷ. ദൈവാസ്തികൃമെന്ന വിഷയത്തോടുള്ള ഇവരുടെ പക്ഷപാതപരമായ നിലപാടുകളെയും, അതിനെ നേരിടുന്നതിൽ സ്വീകരിക്കുന്ന ബാലിശവും ധാർഷ്ട്യം നിറഞ്ഞതുമായ രീതികളെയും അവർ സ്വയം തുറന്ന്കാട്ടുന്നു. സഹജീവികളോടുള്ള ബഹുമാനത്തിന്റെ പേരിലെങ്കിലും, ദൈവവിശ്വാസികൾ സ്ഥാപിക്കുന്ന വാദങ്ങളെ മനസിലാക്കാൻ അവർ ശ്രമിച്ചിരുന്നെങ്കിൽ, ഒരു പരിധിവരെ അവർക്കത് വെളിച്ചം പകർന്നേനെയെന്ന് ഉറപ്പാണ്. ദൈവത്തെ അന്വേഷിക്കുന്നതിൽ 'തീരുമാനം' കൈക്കൊണ്ട ഒരു സാങ്കൽപിക വിശ്വാസി ഇപ്രകാരം പറയുന്നതായി സങ്കൽപ്പിക്കുക:

'ഒരു വിശ്വാസസിദ്ധാന്തത്തെ നിഷേധിക്കുന്നുവെന്ന രീതിയിൽ ദൈവാസ്തികൃമെന്ന വിഷയത്തെ കാണുകയും, അതിനനുകൂലവും പ്രതികൂലവുമായ വാദങ്ങൾ അന്വേഷിക്കുന്നതിലേക്ക് കുശാഗ്രബുദ്ധികളായ നമ്മളിൽ പലരും (വിശ്വാസികൾ) നമ്മുടെ ജീവിതത്തിലെ ഒരുപാട് സമയവും ഊർജവും അർപ്പിക്കുകയും ചെയ്തിരിക്കുന്നു. പക്ഷെ ഞാനതിൽ ഉൾപ്പെടുന്നില്ല. കാരണം, ദൈവാസ്തികൃത്തിന് എതിരായി ഉയർത്തപ്പെട്ടിട്ടുള്ള വാദങ്ങളിലൊന്നുംതന്നെ യാതൊരു കഴമ്പുമില്ലെന്ന് കുറച്ച കാലം മുൻപേ ഞാൻ തീരുമാനിച്ചുറപ്പിക്കുകയും, ഈ സംവാദത്തിൽ ഇരുഭാഗത്ത്നിന്നും ഒരു വഴിത്തിരിവുമുണ്ടാകില്ലെന്ന് ഞാൻ സംശയിക്കുകയും ചെയ്യുന്നു.'

മുകളിൽപ്പറഞ്ഞപോലുള്ള ഇടുങ്ങിയ ചിന്താഗതിയെ വിമർശിക്കുന്നതിൽ മാത്രമല്ല, വിശ്വാസികളുടെ അന്ധതയും അജ്ഞതയും തുറന്ന് കാട്ടുന്നതിലും ഡെന്നറ്റ് തന്നെ മുൻപന്തിയിലുണ്ടാവുമെന്ന് നിസ്സംശയം പറയാം. (ഡെന്നറ്റിന്റെ വാക്കുകൾ തന്നെയാണ് മുകളിൽ ഉപയോഗിച്ചിരിക്കുന്നത്)'താടി തത്വചിന്തകരെ സൃഷ്ടിക്കുന്നില്ല'(barba non-facit philosophum-the beard does not make the philosopher) എന്നത് ഇവിടെനിന്ന് വ്യക്തമാകുന്നു. മുൻവിധി വെച്ച് പുലർത്തുന്ന ഒരാൾ അതിനനുസരിച്ചുള്ള ഗവേഷണം മാത്രമേ നടത്തുകയു

ള്ളൂ. എന്നാൽ, ഉത്സാഹത്തോടും സൂക്ഷ്മതയോടും കൂടി പഴുതടച്ച അന്വേഷണം നടത്തുന്ന ഒരുവൻ, വിഷയത്തെപ്പറ്റിയുള്ള ഗഹനമായ വ്യക്തത നേടുന്നു. കഷ്ടമെന്ന് പറയട്ടെ, തങ്ങളുടെ സൂക്ഷ്മദർശിനികളുടെ (Micro scopes) ഇടുങ്ങിയ പരിധിയിലേക്ക് ദൈവത്തെ കൊണ്ടുവരാൻ നിരീശ്വരവാദികൾ കിണഞ്ഞ് പരിശ്രമിച്ചുകൊണ്ടിരിക്കുന്നു.

എല്ലാ മനുഷ്യബോധങ്ങളെയും ജ്ഞാനങ്ങളെയും, ടെസ്റ്റ്ട്യൂബുകളുടെയും പരീക്ഷണശാലകളുടെയും ചുവരുകൾക്കുള്ളിൽ അടക്കം ചെയ്യുമ്പോൾ സത്യത്തെയും മനുഷ്യാനുഭവങ്ങളെയും വിസ്മൃതിയിലേക്ക് തള്ളിവിടുകയാണ് ചെയ്യുന്നത്. അസ്ഥിരവും ചഞ്ചലവുമായ മനുഷ്യമനസിന് പരീക്ഷണം നടത്താനുള്ള ഒരു ദൈവത്തെയല്ല വിശുദ്ധ ഖുർആൻ അവതരിപ്പിക്കുന്നതെന്ന കാര്യം നാം അടിയന്തിരമായിത്തന്നെ നാസ്തികരുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടിയിരിക്കുന്നു. നമുക്ക് സങ്കൽപ്പിക്കാൻ കഴിയുന്നതിനുമപ്പുറമുള്ള നിഗൂഢമായ അസ്തിതിത്വമായാണ് വിശുദ്ധ ഖുർആൻ ദൈവത്തെ വിശേഷിപ്പിക്കുന്നത്. അവന്റെ നിലനിൽപ്പും ഗുണങ്ങളുമെല്ലാം യുക്തിരഹിതമാണെന്ന് അതിനർത്ഥമില്ല. ലാർജ് ഹാഡ്രോൺ കൊളൈഡറിനും (Large Hadron Collider) മറ്റ് ആധുനിക സാങ്കേതികവിദ്യകൾക്കും മുൻപ് നിലനിന്നവയെയുമെല്ലാം ദൈവാന്വേഷണത്തിൽ പരിഗണിക്കണമെന്നാണ് ഇതിൽ നിന്ന് അർത്ഥമാക്കപ്പെടുന്നത്. ദൈവത്തെ ഇതിനനുസൃതമായി വേണം അന്വേഷിക്കാൻ. ദൈവാന്വേഷണവുമായി ബന്ധപ്പെട്ട ഒരുപാട് കാര്യങ്ങൾ ഭാവിസംബന്ധികളാണെങ്കിലും, ഹസ്റത്ത് മിർസ ബഷീർ അഹ്മദ് എം എ (റ) യുടെ ഒരു വിവരണം വായനക്കാരന് മുന്നിൽ വെക്കാൻ വിനീതൻ ആഗ്രഹിക്കുന്നു:

ഒരു ചിന്തകൻ അന്വേഷണം നടത്തുന്നു. ദൈവപാതയിൽ പ്രയാണം ചെയ്യുന്നവനും അന്വേഷണം നടത്തുന്നു. രണ്ട് പേരുടെയും ആവശ്യം ദൈവത്തെക്കുറിച്ച് അറിയുകയെന്നതാണ്. പക്ഷെ, അവരുടെ ഉദ്ദേശത്തിൽ വലിയ അന്തരമുണ്ട്. ഈ രംഗത്ത് കാലുവെക്കുന്ന തത്വചിന്തകന്റെ ഉദ്ദേശം തന്റെ ബുദ്ധിയുടെ സഹായത്താൽ പ്രപഞ്ചത്തിൽ ദൃഷ്ടി പതിപ്പിച്ച് ഈ ബ്രഹ്മാണ്ഡ കടാഹത്തിന് സ്രഷ്ടാവായിട്ടാരെങ്കിലും ഉണ്ടോ എന്നറിയുകയും അതിന്റെ ഫലം തന്റെ അറിവിന്റെ ഖജനാവിൽ നിക്ഷേപിക്കുകയും ചെയ്യുക എന്നതായിരിക്കും. അതോടെ അയാൾക്കെല്ലാം അവസാനിച്ചു. ദൈവമുണ്ടെങ്കിൽ അവന്റെ സവിശേഷ ഗുണങ്ങളെന്തൊക്കെയാണെന്നോ, മനുഷ്യനുമായിട്ടുള്ള അവന്റെ ബന്ധമെന്താണെന്നോ, മനുഷ്യന് അവനുമായി എങ്ങനെയുള്ള ബന്ധമാണ് ഉണ്ടായിരിക്കേണ്ടതെന്നോ, അവനോളം എത്തിച്ചേരേണ്ടതിനുള്ള മാർഗ്ഗമെന്താണെന്നോ അറിയേണ്ട ഉദ്ദേശ്യം അയാൾക്കില്ല. കാരണം തത്വചിന്തകന്റെ ഉദ്ദേശ്യം അവനുമായി ബന്ധം സ്ഥാപിക്കുകയല്ല. മറിച്ച് ഈ പ്രപഞ്ചത്തിന് ഒരു സ്രഷ്ടാവുണ്ടോ ഇല്ലയോ എന്നറിയുക മാത്രമാണ്. കണ്ടെത്തുന്ന ദൈവവുമായി ബന്ധം സ്ഥാപിക്കണമെന്ന ആഗ്രഹക്കാരനല്ല അയാൾ. ദൈവസാമീപ്യം കൊതിക്കുന്നവനല്ല. അവന്റെ സുഹൃത്ബന്ധത്തിന് താൽപര്യമുള്ളയാളല്ല. അവനോളം എത്തിച്ചേരണമെന്ന ഉത്സാഹമുള്ളവനല്ല. അവന്റെ തൃപ്തിയെന്താണെന്നറിഞ്ഞ് പ്രവർത്തിക്കണമെന്നുള്ള വിചാരമുള്ളവനല്ല. അറിവ് സമ്പാദിക്കാനുള്ള ഒരു ഗവേഷണം മാത്രമാണ് അയാളെ നയിക്കുന്നത്. അത് പൂർത്തിയാക്കുകയെന്നത് മാത്രമാണ് അയാളുടെ ആഗ്രഹം. ഇതിന് വിപരീതമായിട്ടാണ് ദൈവമാർഗത്തിൽ സഞ്ചരിക്കുന്നവൻ നിൽക്കുന്നത്. അയാൾക്ക് ദൈവത്തെ പ്രാപിക്കണമെന്ന ഉദ്ദേശ്യമുണ്ട്. അവനുമായി ബന്ധം സ്ഥാപിക്കണമെന്നും അവന്റെ സാമീപ്യം ലഭ്യമാകണമെന്നും അവന്റെ സുഹൃത്തായിത്തീരണമെന്നും അയാൾ ആഗ്രഹിക്കുന്നു. അവന്റെ സന്നിധി പൂകാൻ അയാൾക്ക് ആകാംഷയുണ്ട്. അവന്റെ ഇഷ്ടം അറിഞ്ഞ് അതിൽ വ്യാപൃതനാകാൻ അയാൾ ആഗ്രഹിക്കുന്നുമുണ്ട്. അതുകൊണ്ട് യഥാർത്ഥമായ വെമ്പലോടെ അയാൾ അവനെ അന്വേഷിക്കുന്നു. ഇവിടെ തത്വചിന്തകന്റെയും, ദൈവമാർഗത്തിൽ സഞ്ചരിക്കുന്നവന്റെയും അന്വേഷണം ഒരേ രീതിയിലാണോ? അല്ല. ഒരിക്കലുമില്ല. അതുകൊണ്ടാണ് പറഞ്ഞത് മനുഷ്യൻ ഒന്നാമതായി തന്റെ നിയ്യത്ത് അഥവാ ഉദ്ദേശ്യം ശരിയാക്കണമെന്ന്. ഒരു തത്ത്വചിന്തകന്റെ നിലയിലല്ല. മറിച്ച് ദൈവമാർഗത്തിൽ ഒരു സഞ്ചാരിയുടെ നിലയിൽ ഈ രംഗത്ത് കാൽവയ്ക്കണം. സത്യാന്വേഷണത്തിന് അത്യന്താപേക്ഷിതമായ ഉത്സാഹവും വ്യഗ്രതയും സ്വമനസ്സിൽ ഉണ്ടാക്കിത്തീർക്കുകയും വേണം. നോക്കൂ. കുട്ടി സന്തോഷത്തിലും സമാധാനത്തിലുമായിരിക്കുമ്പോൾ അമ്മയുടെ മാറിടത്തിൽ പാല് അലതല്ലുകയില്ല. കുട്ടി വിശന്ന് കഴിയുമ്പോഴാണ് അത് ഉറഞ്ഞ് പൊന്തിവരുന്നത്. അപ്പോൾ അമ്മ തടുത്തു നിറുത്താൻ നോക്കിയാലും അത് നിൽക്കുകയില്ല. അങ്ങനെ കുട്ടിയുടെ ശരീരത്തിന് ആഹാരമായിത്തീരുന്നതിനും അതിനെ നാശത്തിൽനിന്ന് രക്ഷപ്പെടുത്തുന്നതിനുമായി ആ മുലപ്പാൽ ഒഴുകിയെത്തുന്നു. അതുപോലെ ദൈവവും തന്റെ മുഖം തത്ത്വചിന്തകന് വെളിപ്പെടുത്തുന്നില്ല. എന്ന് മാത്രമല്ല അയാളിൽ നിന്നകലുകയും ചെയ്യുന്നു. കാരണം അവൻ തത്ത്വചിന്തകന്റെ കളിപ്പാട്ടമായിത്തീരാൻ ആഗ്രഹിക്കുന്നില്ല. എന്നാൽ, ദൈവപാതയിലൂടെ സഞ്ചരിക്കുന്നവന്റെയ

ശേഷം പേജ് 41 ൽ

# ചെങ്കോലും പ്രവാചകത്വവും

സിംഹാസനവും ചെങ്കോലുമില്ലാതെ ദൈവപ്രേഷിതരായ പ്രവാചകന്മാർ ഉദ്ബോധനങ്ങളും കർമ്മ മാതൃകകളും ആത്മീയശക്തിയും കൊണ്ടാണ് മനുഷ്യഹൃദയങ്ങളെ ജയിച്ചടക്കിയത്.

## എ. എം. മുഹമ്മദ് സലീം

മനുഷ്യന്റെ ആത്മീയബോധത്തേയും ധിഷണാശേഷിയേയും അഭിസംബോധന ചെയ്തുകൊണ്ടുള്ള ഒരു നിവേദനമായിട്ടാണ് ഇസ്‌ലാം സമർപ്പിക്കപ്പെട്ടത്. ഖുർആൻ പറയുന്നു:

***'പറയുക: ഇത് നിന്റെ നാഥനിൽ നിന്നുളള സത്യസന്ദേശമാകുന്നു.' ഇഷ്ടമുള്ളവൻ വിശ്വസിച്ചു കൊള്ളട്ടെ ഇഷ്ടമില്ലാത്തവൻ അവിശ്വസിക്കുകയും ചെയ്യട്ടെ.*** (18:30)

ഇസ്‌ലാം മനുഷ്യഹൃദയങ്ങളെ കീഴടക്കിക്കൊണ്ടാണ് ജൈത്രയാത്ര നടത്തിയത്. റസൂൽ തിരുമേനി (സ) ജനങ്ങളെ കൂട്ടിയണച്ച് സംസ്കരിച്ചത് അധികാരബലം കൊണ്ടോ ആയുധബലം കൊണ്ടോ വിപ്ലവം കൊണ്ടോ ആയിരുന്നില്ല. അത് ഫാസിസം, നാസിസം, കമ്മ്യൂണിസം പോലെയുള്ള ഭൗതിക വിപ്ലവ പ്രസ്ഥാനങ്ങളുടെ വഴിയാണ്. വിപ്ലവത്തിന്റെ സംഹാരശക്തിയിൽ അധികാരം പിടിച്ചെടുത്തു എളുപ്പത്തിൽ ലക്ഷ്യം നേടാമെന്ന വ്യാമോഹം അവരാണ് ലോകത്തിന് നൽകിയത്. റസൂൽ തിരുമേനി (സ)യുടേത് ശ്രമകരമായ സഹനത്തിന്റെയും ഉപദേശത്തിന്റെയും ബുദ്ധിപരമായ വാദമുഖങ്ങളുടേയും സഹാനുഭൂതിയുടേയും ആത്മീയ പാതയാണ്. അവിടുത്തെ ആത്മീയ പ്രഭാവവും മഹത്തായ സ്വഭാവഗുണവും കൊണ്ടായിരുന്നു ജേതാവായത്. അധികാരബലവും ഖഡ്ഗബലവും കൊണ്ടല്ല. ഖുർആൻ പറയുന്നു:

*അല്ലാഹുവിന്റെ മഹത്തായ കാരുണ്യം കൊണ്ട് തന്നെയാണ് നീ അവരോട് സൗമ്യമായി വർത്തിക്കുന്നത്. നീ പരുഷസ്വഭാവിയും കഠിനഹൃദയനുമായിരുന്നെങ്കിൽ അവർ നിന്റെ ചുറ്റുനിന്നും ചിതറിപ്പിരിഞ്ഞു പോയ്ക്കളയുമായിരുന്നു. അതിനാൽ അവർക്ക് നീ മാപ്പു നൽകുകയും അവർക്കായി പാപമോചനത്തിന് വേണ്ടി പ്രാർത്ഥിക്കുകയും പ്രധാന കാര്യങ്ങളിൽ അവരുമായി കൂടിയാലോചിക്കുകയും ചെയ്യുക* (3:160)

എല്ലാ പ്രവാചകന്മാരും തങ്ങളുടെ ദിവ്യദൗത്യത്തിന്റെ ഭാഗമായി സദുപദേശകരായികൊണ്ടാണ് അതാത് ജനതകളെ സമീപിച്ചത്. അവരാരും തന്നെ ഖഡ്ഗം കൈയ്യിലേന്തിയവരായിരുന്നില്ല. സമൂദ് സമുദായത്തിലെ സ്വാലിഹ് നബി (അ) തന്റെ ജനതയോട് പറഞ്ഞു.

*'എന്റെ ജനമേ, എന്റെ നാഥന്റെ സന്ദേശം ഞാൻ നിങ്ങൾക്ക് എത്തിച്ചു. ഞാൻ നിങ്ങളോട് ആത്മാർത്ഥമായി ഉപദേശിക്കുകയും ചെയ്തു. പക്ഷേ നിങ്ങൾ ആത്മാർത്ഥമായി ഉപദേശിക്കുന്നവരെ ഇഷ്ടപ്പെടുന്നില്ല'* (7:80)

നൂഹ് (അ), ഹൂദ് (അ), ലൂത്ത് (അ), മൂസ (അ), ഈസ (അ) എന്നീ പ്രവാചകന്മാരെല്ലാം ഒരേ സ്വരത്തിൽ തങ്ങളൊരു സന്ദേശവാഹകനും ഉപദേശകനുമാണന്ന സത്യം ജനങ്ങളെ ഉദ്ബോധിപ്പിച്ചുകൊണ്ടാണ് ദൈവികദൗത്യം പൂർത്തീകരിച്ചത്. അവർ നിഷ്കരുണം, പീഡിപ്പിക്കപ്പെടുകയും വേട്ടയാടപ്പെടുകയും ഭർത്സിക്കപ്പെടുകയും ചെയ്തു. അപ്പോഴെല്ലാം കണ്ണു നീർ വാർത്തുകൊണ്ട് ദൈവത്തിനു മുമ്പിൽ പ്രണിപതിക്കുകയും സഹനപൂർവ്വം എളിമയിൽ തങ്ങളുടെ ദൗത്യം തുടരുകയുമാണ് ചെയ്തത്. ഒരുപക്ഷേ അധികാരബലത്തിൽ വിശ്വസിക്കുന്നവർ ഇത് ബലഹീനതയായി കണ്ടേക്കാം. മനുഷ്യന്റെ ധാർമ്മികവും അദ്ധ്യാത്മികവുമായ നന്മയിൽ വിശ്വാസമുള്ള മതപ്രവാചകന്മാരുടെ ഏറ്റവും പ്രയാസകരമായ വഴിയാണിത്. പ്രവാചകന്മാരുടെ ഈ ആത്മവ്യഥ ഹദ്റത്ത് മൂസാനബി(അ)ന്റെ വാക്കുകളിൽ സംഗ്രഹിക്കപ്പെട്ടിരിക്കുന്നു.

***'അല്ലയോ നാഥാ നീ ഞങ്ങൾക്ക് സ്ഥിരചിത്തത പ്രദാനം ചെയ്യേണമേ അനുസരണയുള്ളവരായി നീ ഞങ്ങളെ മരിപ്പിക്കുകയും ചെയ്യേണമേ'*** (7:127)

പ്രവാചകപ്രഭുവായ മുഹമ്മദ് നബി(സ)ക്ക് മുമ്പ് ഈസാനബി (അ) വന്നു. അന്ന് റോമൻ കോളനിയായിരുന്ന ഫലസ്തീനിൽ വെച്ച് ദൈവദൂതനായ മസീഹ് ഹദ്റത്ത് ഈസാനബി(അ) വിചാരണ ചെയ്യപ്പെടുകയുണ്ടായി. ഇന്നത്തെ ഇസ്‌ലാമിക മതരാഷ്ട്ര മൗലികവാദികളെപ്പോലെ ഭൗതികഭരണം ആഗ്രഹിച്ചുകഴിഞ്ഞിരുന്ന യഹൂദ ജനത്തിനു മുമ്പിലായിരുന്നു അവരുടെ മസീഹായ ഈസാനബി(അ) തന്റെ

ദിവ്യദൗത്യവുമായി വന്നത്. തങ്ങളുടെ മസീഹ് അധികാരവും ചെങ്കോലും കൊണ്ട് വരുമെന്നായിരുന്നു യഹൂദികൾ പ്രതീക്ഷിച്ചത്. അധികാരദുര മൂത്ത യഹൂദികൾക്കു മുമ്പിൽ ചെങ്കോലും സിംഹാസനവുമില്ലാത്ത വിനയാന്വിതനായി ദൈവിക പ്രവാചകൻ പ്രേഷിതദൗത്യവുമായി വന്നുനിന്നു. അപ്പോൾ പരിഹാസപൂർവ്വം അവർ നടത്തിയ ഭർത്സനവും പീഢനവും ബൈബിൾ രേഖപ്പെടുത്തുന്നു: ***'യഹൂദരുടെ രാജാവേ സ്വസ്തി! എന്ന് പറഞ്ഞ് കൈകൊണ്ട് അവനെ (യേശുവിനെ) അടിച്ചു'*** (യോഹ: 19:3) യഹൂദരുടെ ക്രൂരമായ പരിഹാസത്തിന്റേയും ഭീഷണിയുടെയും സമ്മർദ്ദത്താൽ പീലാത്തോസ് യേശുവിനോട് ചോദിച്ച ചോദ്യവും യേശുവിന്റെ ഉത്തരവും ബൈബിളിലുണ്ട്.

***'പീലാത്തോസ് വീണ്ടും ആസ്ഥാനത്തിൽ പ്രവേശിച്ച് യേശുവിനെ വിളിച്ചു ചോദിച്ചു: 'നീ യഹൂദരുടെ രാജാവോ?....യേശു പറഞ്ഞു: 'എന്റെ രാജ്യം ഐഹികമല്ല. എന്റെ രാജ്യം ഐഹികമായിരുന്നുവെങ്കിൽ യഹൂദർക്ക് എന്നെ ഏല്പിച്ചുകൊടുക്കാതിരിക്കാൻ എന്റെ ഭൃത്യർ പോരാടുമായിരുന്നു. എന്നാൽ എന്റെ രാജ്യം ഐഹികമല്ല'*** (യോഹ 18:35)

യഹൂദികളുടെ പ്രതീക്ഷക്ക് വിരുദ്ധമായി അധികാരവും അംഗവസ്ത്രവുമില്ലാതെ മഹാനായ ആ ദൈവിക പ്രവാചകൻ ആഗതനായപ്പോൾ കിരീടമില്ലാത്ത പ്രവാചകന്റെ പുണ്യശിരസ്സിൽ ഭൗതിക പ്രമത്തരായ യഹൂദപ്പരിശകൾ മുൾക്കിരീടമണിയിച്ചു. രാജാവിന്റെ വേഷഭൂഷകൾക്കും സ്ഥാനവസ്ത്രങ്ങൾക്കും പകരം ചെങ്കുപ്പായവും, ചെങ്കോലിനു പകരം ഞാണങ്ങാക്കോലുമണിയിച്ചു. അധികാരമില്ലാത്ത പരിശുദ്ധനായ ആ ദൈവപ്രവാചകനെ ഭീകരമായി പീഢിപ്പിച്ച ദാരുണ ചിത്രം ബൈബിൾ വരച്ചുകാട്ടുന്നു. ***'അവർ അവനെ വസ്ത്രം അഴിച്ചു മാറ്റി. ഒരു ചെമന്ന പുറങ്കുപ്പായം അവനെ ധരിപ്പിച്ചു. മുള്ളുകൊണ്ട് ഒരു കിരീടം മെനഞ്ഞുണ്ടാക്കി അത് അവന്റെ തലയിൽ വെച്ചു. വലത് കൈയ്യിൽ ഒരു ഞാണങ്ങാക്കോലും പിടിപ്പിച്ചു. പിന്നീട് അവർ അവന്റെ മുമ്പിൽ മുട്ടുകുത്തി പരിഹസിച്ചു പറഞ്ഞു. 'യഹൂദരുടെ രാജാവേ, സ്വസ്തി! അവർ അവന്റെ മേൽ തുപ്പി. ഞാണങ്ങാക്കോൽ വാങ്ങി അവന്റെ തലക്കടിച്ചു. ഇങ്ങനെ പരിഹസിച്ചശേഷം അവർ പുറങ്കുപ്പായം അഴിച്ചുമാറ്റി അവന്റെ വസ്ത്രം ധരിപ്പിച്ചു. കുരിശിൽ തറക്കാൻ അവനെക്കൊണ്ടുപോയി.*** (മത്താ: 27:28–31) അധികാരവും ഭരണവും പ്രതീക്ഷിച്ചിരുന്ന യഹൂദികളുടെ അടുക്കൽ വെറുംകൈയ്യോടെ വിനീതനായി വന്ന നിഷ്ക്കളങ്കനായ പ്രവാചകനോടു കാണിച്ച ധിക്കാരവും ക്രൂരതയും അധികാരത്തോടും ഭൗതികനേട്ടങ്ങളോടും അവർ കാണിച്ച ജുഗുപ്സാവഹമായ അത്യാർത്തിയും ഈ ബൈബിൾ വചനങ്ങൾ വ്യക്തമാക്കുന്നു. ഇക്കാലത്ത് അവതീർണനായ വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദി(അ)നെ മതരാഷ്ട്ര മൗലികവാദത്തിന്റെ വാക്താക്കൾ നിഷേധിക്കുന്നതും പരിഹസിക്കുന്നതും ഇസ്രയേലി മസീഹിനോട് യഹൂദികൾ ഉന്നയിച്ച അതേ ന്യായങ്ങൾ പറഞ്ഞുകൊണ്ടു തന്നെയല്ലേ?

സൃഷ്ടികളിൽ വെച്ചേറ്റവും ഉത്തമനും പ്രവാചകശ്രേഷ്ഠനുമായ മുഹമ്മദ് നബി(സ) കാരുണ്യം കൊണ്ടും സ്നേഹം കൊണ്ടും വമ്പിച്ച ഒരു മനുഷ്യസമൂഹത്തെ കീഴടക്കിയ മഹാത്മാവാണ്. അദ്ദേഹം പട്ടാള സ്വേഛാധിപതിയെ പോലെ ഖഡ്ഗപാണിയായി വന്ന് അധികാരശക്തിയുടെ ബലംകൊണ്ടാണ് ഇസ്‌ലാമിന് വിജയമുണ്ടാക്കിയത് എന്നത് ഇസ്‌ലാം മതവിരോധികളുടേയും ഓറിയന്റലിസ്റ്റുകളുടേയും വിമർശനമാണ്. നിർഭാഗ്യകരമെന്ന് പറയട്ടെ മൗലാനാ മൗദൂദി അദ്ദേഹത്തിന്റെ സ്വയംകൃതമായ മതരാഷ്ട്രവാദത്തെ ന്യായീകരിക്കാൻ റസൂൽ തിരുമേനി(സ)യുടെ തിരുഹസ്തങ്ങളിൽ ഖഡ്ഗം ചാർത്തുമ്പോൾ ഇസ്‌ലാം മതവിമർശകരുടെ വാദങ്ങൾക്ക് അത് സാധൂകരണമാവുന്നു. ഇസ്‌ലാമിന്റെ പുറത്ത് നിന്നും ആയിരം ഓറിയന്റലിസ്റ്റുകളും ഇസ്‌ലാം മതവിരോധികളും നടത്തുന്ന വിമർശനങ്ങളേക്കാൾ മാരകമാണ് ഇസ്‌ലാമിന്നകത്ത് നിന്നും റസൂൽ തിരുമേനിയുടെ കൈയ്യിൽ ഖഡ്ഗം ചാർത്താനുള്ള ഒരു മുസ്‌ലിം പണ്ഡിതന്റെ ഈ ശ്രമം. മൗദൂദി സാഹിബ് എഴുതുന്നു:

***'അനുനയത്തിന്റെ എല്ലാരീതികളും (13 വർഷത്തിലധികം നടത്തിയ പ്രബോധനം) പരാജയമായിക്കലാശിച്ചപ്പോൾ പ്രവാചകൻ വാൾ കൈയ്യിലെടുത്തു. വാൾ അത് തിന്മയേയും ആക്രമണത്തേയും ഹൃദയത്തിലെ കറകളേയും ആത്മാവിന്റെ കളങ്കത്തേയും വിപാടനം ചെയ്തു. അതിനേക്കാൾ ഉപരിയായി വാൾ അവരുടെ അന്ധത ഇല്ലാതാക്കി. അവർ സത്യത്തിന്റെ വെളിച്ചം കാണുമാറായി. സത്യം സ്വീകരിക്കാൻ വിഘാതമായി നിന്ന അവരുടെ അഹങ്കാരത്തിനു ശമനമുണ്ടായി. ഉദണ്ഡ ശിരസ്കരായി ഔദ്ധത്യത്തോടെ നിലയുറപ്പിച്ച അവർ അപമാനിതരായി എളിമയോടെ തലകുനിച്ചു.*** മൗലാനാ അബുൽ അഅ്‌ലാമൗദൂദി – അൽജിഹാദുഫിൽ ഇസ്‌ലാം പേ. 136–137)

ശത്രുവായിരിക്കെ ഊരിപിടിച്ച വാളുമായി റസൂൽ തിരുമേനി (സ)യെ വധിക്കാൻ പാഞ്ഞടുത്ത ഹദ്റത്ത് ഉമറി (റ)ന് പരിവർത്തനമുണ്ടാക്കാൻ റസൂൽ തിരുമേനി(സ) പ്രയോഗിച്ച ആയുധമെന്തായിരുന്നു? ഹദ്റത്ത് അബൂബക്കർ (റ) ഹദ്റത്ത് ഉഥ്മാൻ (റ) ഹദ്റത്ത് അലി(റ) ഇവർ റസൂൽ തിരുമേനി (സ) ഖഡ്ഗബലം കൊണ്ടോ അധികാരശക്തികൊണ്ടോ മനഃമാറ്റം വന്നവരാണോ? – റസൂൽ തിരുമേനി(സ) യുടെ ഏതെങ്കിലുമൊരു അനുചരന്റെ മതംമാറ്റത്തിനു പിന്നിൽ

**ശേഷം പേജ് 43 ൽ**

# വർഗ്ഗീയ ധ്രുവീകരണമുണ്ടാക്കുന്ന തെരഞ്ഞെടുപ്പുകൾ

## മുസാഫിർ

മനുഷ്യൻ ഒരു സാമൂഹിക ജീവിയാണ്. സാമൂഹിക ബോധം മനുഷ്യൻ കണ്ടെത്തിയതോ കണ്ടെത്താൻ നിർബന്ധിതമായതോ അല്ല. മനുഷ്യന്റെ സൃഷ്ടിപ്പിൽ തന്നെ ജനിതകപരമായി ഉൾചേർക്കപ്പെട്ട ഒരു പ്രതിഭാസമാണത്. മിക്ക ജീവജാലങ്ങളിലും ഈ പ്രതിഭാസം കാണാം. സമൂഹം എന്നത് ഒരിക്കലും രാഷ്ട്രമല്ല. സമൂഹം സ്വാഭാവികമായി പരിണമിച്ചാണ് രാഷ്ട്രമുണ്ടായത് എന്ന സിദ്ധാന്തം ഫാസിസത്തിന്റേതാണ്. രാഷ്ട്രം എന്നത് സമൂഹത്തിനകത്ത് ഭരണം നടത്താൻ മനുഷ്യൻ കണ്ടെത്തിയ സമ്മർദ്ദ സ്വഭാവമുള്ള ഒരു കൃത്രിമ സ്ഥാപനം മാത്രമാണ്. അധികാരം കൊണ്ട് കഠിനവും ശക്തവും സമ്മർദ്ദ സ്വഭാവമുള്ളതുമാണ് രാഷ്ട്രം. മതമാകട്ടെ സ്നിഗ്ദവും മാർദ്ദവമുള്ളതുമാണ്. രാഷ്ട്രത്തിന്റെ നടത്തിപ്പിന് വേണ്ടി മനുഷ്യൻ ആവിഷ്ക്കരിച്ച സമ്പ്രദായമാണ് ജനാധിപത്യം. ജനാധിപത്യ സങ്കൽപ്പം പുരാതനകാലം മുതലേ ഉണ്ടെങ്കിലും, പാർലമെന്ററി സമ്പ്രദായം, സാർവത്രിക വോട്ടവകാശം, ആനുപാതിക പ്രാതിനിത്യം, കക്ഷി വ്യവസ്ഥ എന്നീ സമ്പ്രദായങ്ങളോടെ അത് കൂടുതൽ ജനകീയമായി പ്രായോഗികമായത് സമീപകാലത്താണ്. അധികാരം ജനങ്ങളിൽ നിക്ഷിപ്തമായുള്ള ജനാധിപത്യം വിജയിക്കണമെങ്കിൽ ജനങ്ങളിൽ ഉന്നതമായ സാമൂഹിക ബോധവും ധാർമിക നിലവാരവും അനിവാര്യമാണ്.

തെരഞ്ഞെടുപ്പുകൾ ജനാധിപത്യത്തിലെ ഉത്സവമായും ഋതുമാറ്റകാലമായും വിശേഷിപ്പിക്കപ്പെടാറുണ്ട്. നമ്മുടെ രാജ്യത്ത് ഇപ്പോൾ നടക്കുന്ന തെരഞ്ഞെടുപ്പുകളിൽ നമ്മുടെ ബഹുസ്വരതക്കും മതസമൂഹങ്ങളുടെ സഹവർത്തിത്വത്തെയും അലോരസപ്പെടുത്തുന്ന പല സംഘർഷാത്മക വിഷയങ്ങളും കടന്നു വരുന്നു എന്നത് നിർഭാഗ്യകരമാണ്. നമ്മുടെ രാജ്യം മതസമൂഹങ്ങളുടെകൂടി ഒരു ഫെഡറേഷനാണ്. പ്രത്യേകിച്ച് മഴവിൽ രാജിപോലെ വർണ്ണ മനോഹരമായ കേരളീയ പൊതു സമൂഹം. കേരളത്തിൽ മതകീയ ജീവിതം ഒരിക്കലും സംഘർഷാത്മകമായിരുന്നില്ല. മറിച്ച് മതകീയ മൂല്യങ്ങൾ നമ്മുടെ സിവിൽ സാമൂഹിക ജീവിതത്തെ കൂടുതൽ ധാർമികമാക്കുകയും സ്നേഹസാന്ദ്രമാക്കുകയുമാണ് ചെയ്തത്. എല്ലാ മതങ്ങളിലുമുള്ള സാർവ്വജനീനവും സാർവ്വത്രികവുമായ മാനവീയ മൂല്യങ്ങൾ എല്ലാ മതനേതൃത്വങ്ങളും ഏറെകുറെ ഇവിടെ ഉയർത്തിപ്പിടിച്ചിരുന്നു എന്നത് ശ്രദ്ധേയമാണ്. എന്നാൽ ഇന്ന് നമ്മുടെ രാജ്യത്തെ മതാത്മക രാഷ്ട്രീയം ആമൂലാഗ്രം ഗ്രസിച്ചിരിക്കുന്നു. മതവിശ്വാസങ്ങളെ ഉണർത്തിയും വൈകാരികത ഉത്തേജിപ്പിച്ചും അധികാരത്തിലെത്താനുള്ള മത്സരമാണ് എവിടെയും കാണുന്നത്. മതവും മതവിഷയങ്ങളും മതസമൂഹങ്ങൾ ഉണ്ടാക്കുന്ന രാഷ്ട്രീയ നേട്ടങ്ങളും കണക്കുകളും പൊതുവേദികളിൽ ചൂടുള്ള ചർച്ചാ വിഷയമായി മാറുന്നു. മതവുമായി ബന്ധമില്ലാത്ത സെക്കുലർ പാർട്ടികൾ തന്നെ രാഷ്ട്രീയ നേട്ടങ്ങൾക്ക് വേണ്ടി പ്രത്യക്ഷമായും പരോക്ഷമായും മതവിഷയങ്ങൾ സംസാരിച്ച് ജനങ്ങളിൽ വൈകാരിക ക്ഷോഭമുണ്ടാക്കി മതാടിസ്ഥനത്തിൽ സമൂഹത്തെ വിഭജിക്കുകയും ധ്രുവീകരിക്കുകയും ചെയ്യുന്നു. കേരളീയ സമൂഹവും അറിഞ്ഞോ അറിയാതെയോ ഇത്തരം പ്രവണതകളിലേക്ക് പോകുന്നു. കഴിഞ്ഞ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ നാം അത് കണ്ടതാണ്. അടുത്ത നിയമസഭാ തെരഞ്ഞെടുപ്പിലും ഇത്തരം പ്രചാരണങ്ങൾ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കാം. ഇതെല്ലാം സൂചിപ്പിക്കുന്നത് മതരാഷ്ട്രവാദത്തിന്റെ സ്വാധീനത്തിലേക്ക് നാം ക്രമേണ വഴുതിപ്പോവുന്നു എന്നാണ്. ഇത് വിവിധ മതസമൂഹങ്ങളുള്ള നമ്മുടെ രാജ്യത്ത് സമാധാനം പുലരാൻ വേണ്ടി നിശ്ചയിക്കപ്പെട്ട സെക്കുലർ തത്വങ്ങളുടെ പരാജയത്തെയാണ് സൂചിപ്പിക്കുന്നത്. വിവിധ മതങ്ങളോ ഏകമതമോ ഉള്ള രാജ്യത്ത് മതം ഒരിക്കലും അധികാരത്തിന്റെ അടിസ്ഥാനമായി വന്നുകൂടാ എന്നതാണ് സെക്കുലരിസം വിഭാനചെയ്യുന്നത്. ഇത് മതമില്ലാത്തവരേക്കാൾ പ്രയോജനം ചെയ്യുക മതവിശ്വാസികൾക്കാണ് എന്ന തിരിച്ചറിവ് നമുക്കുണ്ടാവണം.

സെക്കുലരിസം എന്ന ആശയം പാശ്ചാത്യ രാഷ്ട്ര തന്ത്ര വിജ്ഞാനീയത്തിൽ നിന്നും കടം കൊണ്ട ഒരു പദമാണ്. ക്രിസ്തുമത രാഷ്ട്രവാദത്തോട് മല്ലടിച്ചുകൊണ്ടായിരുന്നു സെക്കുലരിസം എന്ന ആശയം രൂപപെട്ടത്. ആ അർത്ഥത്തിൽ സെക്കുലരിസം മതവിരുദ്ധമാണ് എന്ന് ചിത്രീകരിക്കപ്പെട്ടിരുന്നു. പക്ഷേ സെക്കുലരിസം പ്രതിനിധാനം ചെയ്ത ആശയം തീർച്ചയായും സമൂഹത്തിന്ന് ശാന്തി ഉദ്ദേശിച്ചുകൊണ്ടുള്ളതും യഥാർത്ഥ മതം ആഗ്രഹിക്കുന്ന സാമൂഹിക മൂല്യങ്ങൾ ഉൾക്കൊള്ളുന്നതുമായിരുന്നു.

നമ്മുടെ ഭരണഘടന 1949 ൽ ആദ്യമായി അംഗീകരിക്കപ്പെട്ടപ്പോൾ അതിലൊരിടത്തും സെക്കുലർ എന്ന പദം ഇല്ലായിരുന്നു. അതിന് കാരണം സെക്കുലരിസം മതവിരുദ്ധമാണ് എന്ന തെറ്റിദ്ധാരണ കൊണ്ട് മതത്തെയും മതസമൂഹങ്ങളെയും ബഹുമാനിച്ചിരുന്ന നമ്മുടെ മഹാന്മാരായ ഭരണഘടനാ ശിൽപ്പികൾ ആ പദം അതേപടി ചേർക്കാൻ മടിച്ചു നിന്നു. ഭരണകൂടം മതനിരപേക്ഷമാകേണ്ടതിന്റെ പ്രായോഗികത കണ്ടറിഞ്ഞ നമ്മുടെ നിയമ നിർമ്മാതക്കൾ 1976 ൽ 42–ാം ഭേദഗതിയായി ഇന്ത്യൻ ഭരണഘടനയിൽ ഔദ്യോഗികമായി സെക്കുലരിസം എന്ന വകുപ്പ് എഴുതി ചേർക്കുകയായിരുന്നു. അന്നുമുതൽ ഭരണഘടനാ പരമായി ഇന്ത്യ സെക്കുലർ റിപ്പബ്ലിക്കായി. ഇന്ത്യയിലെ സ്വകാര്യമായ വ്യക്തി നിയമങ്ങൾ മതവുമായി ബന്ധപ്പെട്ടതാകയാൽ പൗരന്മാരുടെ സ്വകാര്യ ജീവിതത്തിലെ വ്യത്യസ്തമായ വ്യക്തി നിയമങ്ങളിൽ പൊതു നിയമം അടിച്ചേൽപ്പിക്കാതെയുള്ള ഒരു സമീപനമാണ് നമ്മുടെ ഭരണഘടന സ്വീകരിച്ചത്. മാത്രമല്ല രാജ്യത്തെ ന്യൂനപക്ഷങ്ങൾക്ക് ചില പ്രത്യേക അവകാശങ്ങളും നമ്മുടെ ഭരണഘടന വകവെച്ചു കൊടുക്കുന്നു. എല്ലാ മതങ്ങളിൽ നിന്നും മുക്തമായത് എന്ന കേവലാർത്ഥത്തിലുള്ള സെക്കുലരിസത്തിന് പകരം എല്ലാ മതങ്ങളോടും ഒരുപോലെ ആദരം പുലർത്തിക്കൊണ്ടുള്ള പ്രായോഗികാർത്ഥത്തിലുള്ള സെക്കുലരിസമാണ് നമ്മുടെ രാജ്യം സ്വീകരിച്ചത്. എങ്കിലും ഭരണകൂടം മതമുക്തമാണ് എന്നതാണ് സെക്കുലരിസത്തിന്റെ താൽപര്യം.

ഭരണ ഘടനയുടെ സെക്കുലരിസത്തിലധിഷ്ഠിതമായ ഈ സന്തുലനം നിലനിൽക്കണമെങ്കിൽ മതരാഷ്ട്രവാദം ഉന്നയിക്കുന്ന പാർട്ടികളുമായുള്ള ബന്ധം എല്ലാവരും പ്രത്യേകിച്ച് ന്യൂനക്ഷ പാർട്ടികൾ ഉപേക്ഷിക്കേണ്ടതാണ്. സെക്കുലരിസം ഏറ്റവും കൂടുതൽ ആവശ്യമായി വരുന്നത് ന്യൂനപക്ഷ മതസമുദായങ്ങൾക്കാണ്. അതുകൊണ്ട് ഇവിടുത്തെ പ്രബല ന്യൂനപക്ഷമായ മുസ്ലിംകൾ മതരാഷ്ട്രവാദമുയർത്തുന്നവരുമായി എന്തെങ്കിലും വിധത്തിലുള്ള ബന്ധം സ്ഥാപിക്കുന്നത് രാജ്യത്ത് വർഗ്ഗീയവത്ക്കരണത്തിന് ആക്കം കൂട്ടുന്ന പ്രവർത്തിയായിരിക്കും എന്ന് ഓർമിപ്പിക്കുന്നു.

---

പേജ് 37 ൽ നിന്ന് തുടർച്ച

ടുക്കൽ അവൻ നേരിട്ട് വരുന്നു. കാരണം അവൻ കരയുന്ന കുഞ്ഞിന്റെ അമ്മയേക്കാൾ അധികം സ്നേഹവാത്സല്യം ചൊരിയുന്ന ദൈവമാകുന്നു. സത്യസന്ധമായ നിലയിൽ അവനെ അന്വേഷിക്കുന്ന വ്യക്തി അന്ധകാരത്തിലകപ്പെട്ട് നാശമടയുന്നത് അവനിഷ്ടപ്പെടുന്നില്ല. തത്ത്വചിന്തകന്റെയും ദൈവപാതയിൽ സഞ്ചരിക്കുന്നവന്റെയും ഇപ്പോൾ പറഞ്ഞ അന്വേഷണം അത്ഭുതമുളവാക്കുന്ന കാഴ്ചതന്നെയാണ്. തത്ത്വചിന്തകനിൽ നിന്ന് ദൈവം അകലുന്നു. എന്നാൽ, ദൈവപാതയിലൂടെ സഞ്ചരിക്കുന്നവന്റെയടുക്കലേക്ക് അവൻ സ്വയം ഓടിയണയുന്നു.


എന്റെ പ്രിയപ്പെട്ട സുഹൃത്തുക്കളെ, നിങ്ങൾ ദൈവത്തെ സംബന്ധിച്ചുള്ള അന്വേഷണത്തിന് മുതിരുമ്പോൾ ഒരിക്കലും തത്ത്വചിന്തകന്റെ മാർഗം സ്വീകരിക്കരുത്. അതിലൂടെ നിങ്ങൾക്ക് ദൈവത്തെ പ്രാപിക്കാനൊക്കുകയില്ല. ആ അന്വേഷണം നിരർത്ഥകമാവുകയും ചെയ്യും. കാരണം വെറും അറിവ് സമ്പാദിച്ച് ദൈവാസ്തിക്യം തിരിച്ചറിഞ്ഞിട്ട് മിണ്ടാതിരിക്കാനാണെങ്കിൽ ഈ ബുദ്ധിമുട്ടുകളിൽ അകപ്പെടേണ്ട ആവശ്യമെന്താണ്? ദൈവം ഉണ്ടോ എന്നറിയുന്നതിനായി നാം നമ്മുടെ വിലപിടിച്ച സമയവും ശ്രദ്ധയും ശക്തിയും വെറുതെ ചെലവഴിച്ചു! അതോടെ ആ അധ്യായം അവസാനിക്കുകയും ചെയ്തു! ഇത്തരം അറിവ് നമുക്ക് അണുവോളം ഫലം ചെയ്യുകയില്ല. നഷ്ടമായിരിക്കും ഉണ്ടാക്കിവെക്കുക. കാരണം ദൈവത്തെ അറിഞ്ഞതിനുശേഷം അവനിൽ നിന്ന് മുഖം തിരിക്കുകയെന്നത് വൻകുറ്റമാണ്. അങ്ങനെ ചെയ്യുന്ന ആൾക്ക് തന്റെ മുഖം ഒരിക്കലും അവൻ വെളിപ്പെടുത്തുകയില്ല. മറിച്ച് അവന്റെ സാമീപ്യത്തിൽനിന്ന് ഫലമെടുക്കാനും അവനുമായി വ്യക്തിബന്ധം സ്ഥാപിച്ച് ഉന്നതപുരോഗതിയുടെ കവാടങ്ങൾ തുറപ്പിക്കാനും വേണ്ടി ഉൽക്കടമായ ഉത്സാഹത്തോടെ നമ്മൾ അവനിലേക്കെത്തിച്ചേരാൻ ആഗ്രഹിക്കുന്നുവെന്ന് അവന് ബോധ്യപ്പെട്ടാൽ മാത്രമേ അവൻ നമുക്ക് വെളിപ്പെടുകയുള്ളൂ. (നമ്മുടെ ദൈവം, പേജ് 39 41)

യാഥാർഥ്യത്തിന്റെ വിവിധ വശങ്ങൾ നിശ്ചയിക്കാനും മനസ്സിലാക്കാനുമുള്ള കഴിവ് മനുഷ്യനുണ്ടെന്ന് നാം തിരിച്ചറിയുമ്പോൾ മാത്രമേ, ദൈവാന്വേഷണത്തിന് നാന്ദി കുറിക്കാൻ നമുക്ക് സാധിക്കൂ. അതിന് ശേഷവും, തന്റെ പ്രിയതമയ്ക്ക് തന്നോടുള്ള സ്നേഹം തിരിച്ചറിയാൻ അവളെ സൂക്ഷ്മദർശിനിയുടെ അടിയിലേക്ക് വലിച്ചെറിയാൻ മുതിരുന്നവൻ ഒരു വിഡ്ഢിയല്ലാതെ മറ്റെന്താണ്!

'വഞ്ചനയെയും തട്ടിപ്പിനെയും പരിചയമില്ലാത്തവൻ അവയെ ഒറ്റനോട്ടത്തിൽ തന്നെ തിരിച്ചറിയുന്നുവെന്നത് തികച്ചും വിവേകപൂർവ്വമായ കാര്യമല്ലേ?' (തുടരും)

# കോയാകുഞ്ഞു സാഹിബ് എന്റെ ഓർമ്മകളിൽ

പ്രൊഫ. എം. മുഹമ്മദ്



പേനയെ അല്ലാഹു വിശുദ്ധ ഖുർആനിൽ അറിവിന്റെ അടയാളമായി, ഉപകരണമായി പ്രസ്താവിച്ചിട്ടുണ്ട്. എം. കോയാകുഞ്ഞ് സാഹിബിനെ ഞാനറിയുന്നത് ഒരു പേനയുടെ വീണ്ടെടുക്കലിലൂടെയായിരുന്നു. വർഷം 1958 സ്ഥലം തിരുവനന്തപുരം പാളയം പള്ളി. സന്ദർഭം ഒരു ളുഹർ നമസ്ക്കാരാനന്തരം പള്ളിയിലെ ഖാദിം സാഹിബ് എന്നെ സമീപിച്ച് ഇത് നിങ്ങളുടെ കോളേജിൽ തന്നെ പഠിക്കുന്ന കോയാ കുഞ്ഞ് എന്ന യുവാവിന്റെ പേനയാണ്. അദ്ദേഹം അതിവിടെ വെച്ച് മറന്ന് പോയതാണ്. ഇത് അദ്ദേഹത്തെ എത്തിക്കാൻ താങ്കൾക്ക് പറ്റുമോ? ഞാൻ ആ ദൗത്യം ഏറ്റെടുത്തു. യൂണിവേഴ്സിറ്റി കോളേജിൽ ബി എ ക്ക് പഠിക്കുന്ന കോയാ കുഞ്ഞ് സാഹിബിനെ അതേ കോളേജിൽ വിദ്യാർത്ഥിയായിരുന്ന എനിക്ക് പരിചയമുണ്ടായിരുന്നില്ല. എങ്കിലും ഞാനദ്ദേഹത്തെ തിരഞ്ഞു പിടിച്ചു പേന ഏൽപ്പിച്ചു. അവിടെ നിന്നും തുടങ്ങി ഞങ്ങൾ തമ്മിലുള്ള കറയറ്റ സൗഹൃദം. അന്ന് അഹ്മദിയ്യാ പ്രസ്ഥാനത്തെ കുറിച്ച് ഞാൻ ആഴത്തിൽ പഠിച്ചു കൊണ്ടിരിക്കയായിരുന്നു. കോയാ കുഞ്ഞു സാഹിബിന്റെ മത വിഷയങ്ങളിലുള്ള താൽപര്യം കണ്ടറിഞ്ഞ ഞാൻ എന്റെ സത്യാന്വേഷണ പ്രയത്നങ്ങളിൽ അദ്ദേഹത്തെ കൂടി പങ്കാളിയാക്കി. ഒരു പൈതലിന്റെ ഹൃദയ നൈർമല്യവും നിഷ്ക്കളങ്കതയും കൈമുതലായി കൊണ്ട് നടന്ന കോയാകുഞ്ഞ് സാഹിബ് അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ സത്യത മനസ്സിലാക്കുകയും പിന്നീട് ബൈഅത്ത് ചെയ്യുകയും ചെയ്തു. അദ്ദേഹം ബൈഅത്ത് ചെയ്ത വർഷം എനിക്ക് ഓർമയില്ല. എന്റെ ബൈഅത്ത് 1963 ൽ കോഴിക്കോട് വെച്ച് നടക്കുമ്പോൾ കോയാകുഞ്ഞ് സാഹിബ് ഒരു അഹ്മദിയായി മാറിയിരുന്നു.

കുടുംബത്തിൽ സാരമായ പ്രശ്നങ്ങളുയർന്നു. അദ്ദേഹത്തിന്റെ മൂത്ത സഹോദരൻ വിവരമറിഞ്ഞ് ഇപ്രകാരം പ്രതികരിക്കുകയുണ്ടായി. തന്റെ പ്രസ്ഥാനം ഒരു അന്തർദേശീയ സംഘടനയാണെന്നും ആഫ്രിക്കയിലും യൂറോപ്പിലും പള്ളികളും ആശുപത്രികളും നടത്തുന്നുവെന്നും താൻ പറയുന്നുവല്ലോ. എങ്കിൽ പിന്നെ അവിടെയെങ്ങാനും നല്ലശബളത്തോടു കൂടിയ ഒരു ജോലി കരസ്ഥമാക്കാൻ നോക്കരുതോ? നല്ല ഒരു ജോലി നോക്കാൻ തന്നെയായിരുന്നു എന്റെ അനുജൻ അബ്ദുർ റശീദിനോടൊപ്പം അദ്ദേഹം വടക്കേ ഇന്ത്യയിൽ ഇംഗ്ലീഷ് എംഎ ക്ക് ചേർന്ന് പഠിച്ചതും ഇംഗ്ലീഷ് അദ്ധ്യാപകനായതും. എന്റെ അനുജനോടൊപ്പം ഒരേ മുറിയിലായിരുന്നു അദ്ദേഹം താമസിച്ച് പഠിച്ചത്. അത്കൊണ്ട് തന്നെ കോയാകുഞ്ഞു സാഹിബും എന്റെ അനുജനുമായി ഗാഢമായ ഒരു സ്നേഹബന്ധമുണ്ടായിരുന്നു. പാവങ്ങളോടുള്ള കോയാകുഞ്ഞു സാഹിബിന്റെ പ്രത്യേക താൽപര്യവും പരിഗണനയും എന്റെ അനുജൻ അനുസ്മരിക്കുന്നു. വഴിയോരങ്ങളിൽ കടല വിറ്റ് നടക്കുന്ന ഒരു പാവം മനുഷ്യനെ കോയാകുഞ്ഞ് സാഹിബ് ഒരു ദിവസം ഹോസ്റ്റൽ മുറിയിലേക്ക് ക്ഷണിച്ചു വരുത്തി അദ്ദേഹത്തിന്റെ കീറിപ്പറിഞ്ഞ ഉടുപ്പുകൾ മാറ്റിച്ച് പകരം തന്റെ ഉടുപ്പുകൾ ധരിപ്പിച്ചു. ഇത് കണ്ട് നിന്ന ചില ഹോസ്റ്റൽ വിദ്യാർത്ഥികൾ തെണ്ടികളെ ഹോസ്റ്റൽ മുറിയിൽ കയറ്റി ഇരുത്തുന്ന നടപടിയെ കഠിനമായി വിമർശിക്കുകയുണ്ടായത്രെ. തന്റെ സ്വതസിദ്ധമായ ചിരിയിലൂടെയും അവനെന്റെ സഹോദരനാണ് എന്ന പ്രഖ്യാപനത്തിലൂടെയുമാണ് കോയാകുഞ്ഞ് സാഹിബ് ആ വിമർശനത്തെ നേരിട്ടത്. 'എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്' എന്ന അഹ്മദിയ്യാ മുദ്രാവാക്യം തന്റെ ജീവിത ചര്യയിൽ നടപ്പാക്കിയ മനുഷ്യനായിരുന്നു കോയാകുഞ്ഞു സാഹിബ്. അതീവ ലോല ഹൃദയനായിരുന്നു അദ്ദേഹം. കോഴിക്കോട് വെച്ച് വാഗ്ദത്ത മസീഹിന്റെ പൗത്രനും അഹ്മദിയ്യാ ജമാഅത്തിന്റെ ഭാരത മേലദ്ധ്യക്ഷനുമായിരുന്ന ഹദ്റത്ത് മിയാൻ വസിം സാഹിബുമായുണ്ടായ അദ്ദേഹത്തിന്റെ ആദ്യകൂടിക്കാഴ്ച്ച ഞാനോർക്കുന്നു. എന്നെപോലുള്ളവർ മിയാൻ സാഹിബിന് സലാം പറഞ്ഞും കൈകൊടുത്തും മാറി നിന്നപ്പോൾ കോയാ കുഞ്ഞ് സാഹിബ് അദ്ദേഹത്തെ ആലിംഗനം ചെയ്ത് പൊട്ടിക്കരയാൻ തുടങ്ങി. ഇത് നിമിഷങ്ങൾ നീണ്ടു നിന്നപ്പോൾ മിയാൻ സാഹിബ് അദ്ദേഹത്തിന്റെ പുറം തലോടി ആശ്വസിപ്പിച്ചു കൊണ്ടിരുന്ന രംഗം മറക്കാവതല്ല.

തിരുവനന്തപുരത്ത് വിദ്യർത്ഥികളായിരിക്കവേ എല്ലാ വൈകുന്നേരങ്ങളിലും ഞാൻ അദ്ദേഹം താമസിച്ചിരുന്ന് യൂണിവേഴ്സിറ്റി ഹോസ്റ്റലിൽ എത്തുമായിരുന്നു. എന്റെ ആഗമനം പ്രതീക്ഷിച്ച് മുറിയിൽ

തന്നെ കഴിഞ്ഞ് കൂടിയ എന്റെ ഈ സുഹൃത്ത് എന്റെ വാതിൽ മുട്ട് പെട്ടെന്ന് തിരിച്ചറിയുകയും അകത്ത് നിന്ന് തന്നെ സലാം ചൊല്ലി വന്ന് എന്നെ ആശ്ലേഷിക്കുകയും ചെയ്യും. നിസ്സ്വാർത്ഥമായ സ്നേഹത്തിന്റെ നിറകുടമായിരുന്നു എന്റെ ഈ ആത്മ സുഹൃത്ത്. ഒരിക്കലും മറ്റുള്ളവരെ അവരുടെ അസാന്നിദ്ധ്യത്തിൽ അദ്ദേഹം ആക്ഷേപിച്ചിരുന്നില്ല. തന്റെ കഴിവിന്റെ അങ്ങേയറ്റം വരെ അല്ലാഹുവിന്റെ കൽപ്പനകളെ സൂക്ഷ്മതയോടെ അനുസരിച്ചു പോന്ന അദ്ദേഹം സദാചാരത്തിന്റെയും ധാർമികതയുടെയും പ്രകാശം പരത്തിക്കൊണ്ട് ജീവിതത്തിലുടനീളം ലാളിത്യം പാലിച്ചു. മനുഷ്യസഹചമായ വീഴ്ച്ചകളും കുറവുകളും പൊറുത്ത് കൊടുത്ത് കൊണ്ട് കരുണാവാധിയായ അല്ലാഹു അദ്ദേഹത്തിന് മേൽ അവന്റെ തൃപ്തി വർഷിക്കുമാറാകട്ടെ. ആമീൻ.

പേജ് 39 ൽ നിന്ന് തുടർച്ച

മൗലാനാ മൗദൂദി ആരോപിക്കുന്നത്പോലെ കളങ്കിതമായ ഖണ്ഡ്ഗബലത്തിന്റെ പശ്ചാത്തലമുണ്ടോ?

ഇസ്‌ലാം മതം വിസ്മയകരമായ വിജയം നേടിയതിൽ അധികാരബലത്തിന് യാതൊരു പങ്കുമില്ല. ഇത് അസന്നിഗ്ധമായി പ്രഖ്യാപിക്കുന്ന നിരവധി വചനങ്ങൾ ഖുർആനിൽ കാണാം. അല്ലാഹു റസൂൽ തിരുമേനി(സ)യെ അഭിസംബോധന ചെയ്തു പറയുന്നു.

***നീ ഉപദേശിക്കുക: നിശ്ചയമായും നീ ഉപദേശിക്കുന്നവൻ മാത്രമാണ്. അവരുടെ മേൽ നിർബന്ധം ചെലുത്താൻ നിനക്കധികാരമില്ല.*** (89: 22, 25)

***നാം നിന്നെ അവരുടെ മേൽ കാവൽക്കാരനാക്കിയിട്ടുമില്ല. നീ അവരുടെ കാര്യനിർവ്വാഹകനുമല്ല*** (6:108)

***ആളുകൾ വിശ്വാസികളായി തീരുന്നതിന് നീ നിർബന്ധിക്കുകയോ (10:100).***

## സുഗതകുമാരി ടീച്ചർക്ക് ആദരാഞ്ജലികൾ

മലയാളത്തിന്റെ പ്രിയകവിയും നിരാലംബരുടെയും അവശരുടെയും സംരക്ഷകയും പ്രശസ്തയായ പരിസ്ഥിതി പ്രവർത്തകയുമായ സുഗതകുമാരി ടീച്ചറുടെ നിര്യാണത്തിൽ സത്യദൂതൻ അഗാതമായ ദുഃഖവും അനുശോചനവും രേഖപ്പെടുത്തുന്നു.

***എഡിറ്റർ, സത്യദൂതൻ***

## കെ. മുഹമ്മദ് കുഞ്ഞ് സാഹിബ്



കരുനാഗപ്പള്ളി ജമാഅത്തിലെ കെ. മുഹമ്മദ് കുഞ്ഞ് സാഹിബ് (80) 2020 നവംബർ 19ന് വഫാത്തായി. ഇന്നാലില്ലാഹി..... ഒരു യാഥാസ്തിക സുന്നികുടുംബത്തിൽ ജനിച്ച മർഹൂം മുഹമ്മദ് കുഞ്ഞ് സാഹിബ് അഹ്മദിയായ മാതുലനോടൊപ്പം ജമാഅത്തിന്റെ ആദ്യകാലയോഗങ്ങൾ ശ്രവിച്ചും ജമാഅത്തിന്റെ പ്രസിദ്ധീകരണങ്ങൾ നിരന്തരം വായിച്ചും സംശയനിവാരണം വരുത്തിയുമാണ് കേവലം 22 വയസ്സുള്ളപ്പോൾ, 1962ൽ, മർഹൂം കുറ്റിവട്ടം യൂസുഫ് മൗലവിയോടൊപ്പം ബൈഅത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചിട്ടുള്ളത്. മിതസംസാര സ്വഭാവവും സൗമ്യശീലവും കൊണ്ട് ജമാഅത്തിലെ എല്ലാ അംഗങ്ങളുടെയും പ്രീതി കരസ്ഥമാക്കിയിരുന്നു. കഴിഞ്ഞ രണ്ട് വർഷമായി ആരോഗ്യപരമായ കാരണങ്ങളാൽ വീട്ടിൽ വിശ്രമിച്ച് വരുകയായിരുന്നു. അതുവരെയും കൃത്യമായി തഹജ്ജുദ് നമസ്കരിക്കുകയും സുബഹി നമസ്കാരം പള്ളിയിലെത്തി ജമാഅത്തായി നമസ്കരിക്കുന്ന പതിവും നിലനിർത്തിയിരുന്നു. അല്ലാഹു പരേതന് ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ.

ഭാര്യ: എം. ലൈലബീവി. മക്കൾ: എം. ഹസീന, എം. സലീന, എം. ബീഗം രഹന, എം. നിഹാദ് അഹ്മദ് മരുമക്കൾ: മുഹമ്മദ് നജീം, മുഹമ്മദ് ഇസ്സുദ്ദീൻ, മുഹമ്മദ് ഹസൻ, ഇ.എച്ച്. ഹഫ്സത്ത്.

*- അഡ്വ: കെ.എം. ഇസ്സുദ്ദീൻ*

## എം. പി കുഞ്ഞിഫാത്തിമ സാഹിബ

കൂടാളി ജമാഅത്തിലെ ആദ്യകാല അഹ്മദികളായ സി. മൊയ്തീൻ കുട്ടി സാഹിബിന്റെയും എം. പി ഖദീജ സാഹിബയുടെയും മകൾ എം. പി. കുഞ്ഞി ഫാത്തിമാ സാഹിബ (98) 2020 നവംബർ 24ന് വഫാത്തായി. ഇന്നാലില്ലാഹി....... പരേത തികഞ്ഞ സാത്വികയും നമസ്ക്കാരങ്ങളിലും വിശുദ്ധ ഖുർആൻ പരായണത്തിലും മറ്റ് ദീനി കാര്യങ്ങളിലും അതീവ ശ്രദ്ധ കാണിച്ച ഭക്തയുമായിരുന്നു. ആദ്യകാലഘട്ടത്തിൽ ജമാഅത്ത് അനുഭവിച്ച വിഷമങ്ങളിൽ ഫാത്തിമ സാഹിബയും ഭാഗഭാക്കായിരുന്നു. അല്ലാഹു പരേതക്ക് ജന്നത്തും മഅഫിറത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ. **മക്കൾ**: എം.പി ശരീഫ് അഹ്മദ്, എം.പി ഹനീഫ് അഹ്മദ്, എം.പി ഹാജറ, എം.പി മുനീറ. **മരുമക്കൾ**: എ. സഫിയ, സി. സാഹിറ, എ. സൈനുൽ ആബ്ദീൻ, സി. റഫീഖ്.

Published on 07.01.2021 | Pages 44 | Vol: 93 Issue. 01
Price Rs. 30/-
RNI No. 3332/1957, Registered KL/EKM/726/2021-23
Licence No. KL/CR/EKM/WPP-5/2021-23. Licensed to post Without Prepayment
The Sathyadoothan Monthly

## വായിക്കുക, വരിക്കാരാവുക!




# സത്യദൂതൻ

**ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ
ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം**

**ഒരു കോപ്പിക്ക് 30 രൂപ
വാർഷിക വരിസംഖ്യ 300 രൂപ**

---

കൂടുതൽ വിവരങ്ങൾക്ക്
മാനേജർ
സത്യദൂതൻ, മസ്ജിദ് ഉമർ
സെന്റ് ബെനഡിക്ട് റോഡ്, എറണാകുളം നോർത്ത് 682018
ഫോൺ : 8089574250, ഇമെയിൽ sathyadoothan1@gmail.com

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim